

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 19 THE ONLINE OFFICIAL NEWS BULLETIN 2021 May 08

LITURGICAL CALENDAR 2020-21


SEASON OF RESURRECTION
(4th April, 2021 - 22nd May, 2021)

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬ ܒܫܒܐ TUESDAY	ܐܪܒܥ ܒܫܒܐ WEDNESDAY	ܚܡܫ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
9 ♪5 4th Sunday after New Sunday	10  ♪1 Comm. of St. Simon the Appostle (Zealot) 256th Mem. of Mar Thoma V ✠ (Niranam Valiya Palli)	11 ♪5	12 ♪1	13  ♪5 ✠Suloqo Ascension of our Lord	14 ♪1	15  ♪1 i'do d-yeldas Aloho d Al Shablo ✠Feast of St. Mary for the Crops
					AWAITING HOLY SPIRIT	



പ. കാതോലിക്കാ ബാവ അനുശോചനം രേഖപ്പെടുത്തി

കോട്ടയം: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്താ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയുടെ വേർപാട് ഭാരത ക്രൈസ്തവ സഭയ്ക്ക് ഒരു തീരാനഷ്ടമാണ് എന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ. ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രീതികരമായ നിലയിൽ മഹാപൗരോഹിത്യ ശുശ്രൂഷ എങ്ങനെ നിറപടിയായി നിർവ്വഹിക്കാമെന്നതിന്റെ ഉത്തമ ഉദാഹരണമായിരുന്നു ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ അജപാലന ശുശ്രൂഷ. കേരള ജനതയുടെ മനസ്സിൽ ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങൾക്കപ്പുറമായി നന്മയെ പ്രഘോഷിക്കുന്ന ഒരു നല്ല ഇടയന്റെ പ്രതീകമായി ചിരപ്രതിഷ്ഠ നേടുവാൻ ആ പിതാവിന് സാധിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ ഉത്തമനായ സ്നേഹിതനായി എന്നും അദ്ദേഹം നിലകൊണ്ടു എന്നത് നന്ദിയോടെ ഓർക്കുന്നതായി പരിശുദ്ധ ബാവ പറഞ്ഞു. ഇതരസഭാ മേലദ്ധ്യക്ഷന്മാരുടെയും സമുദായ നേതാക്കളുടെയും മനസ്സിൽ അദ്ദേഹത്തിന് ഒരു പിതാവിന്റെയും ഗുരുവിന്റെയും സ്ഥാനം ഉണ്ടായിരുന്നു എന്നത് ആ പിതാവിന്റെ അതുല്യവും ശ്രേഷ്ഠവുമായ വ്യക്തിത്വത്തിന്റെ സവിശേഷതയാണ്. ആദ്ദേഹം പകർന്നുതന്ന ആഴമേറിയ ജീവിത ദർശനങ്ങളിലൂടെയും അതിരുകൾക്കപ്പുറമുള്ള മാനവീക മൂല്യങ്ങളിലൂടെയും വിശ്വാസികളുടെ ഹൃദയങ്ങളിൽ അദ്ദേഹം എന്നും ജീവിക്കും. വ്യക്തിപരമായി അദ്ദേഹം നൽകിയിട്ടുള്ള സ്നേഹത്തിനും വാത്സല്യത്തിനും ഉപദേശത്തിനും എന്നും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ അനുശോചനവും ആദരാഞ്ജലികളും അർപ്പിക്കുന്നതായി പ. കാതോലിക്കാ ബാവ പറഞ്ഞു.





കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ ഉമ്മൻചാണ്ടി പുതുപ്പള്ളിയിൽ നിന്നും വീണ ജോർജ് ആറന്മുളയിയിൽ നിന്നും വിജയിച്ചു.




മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായ്ക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ യാത്രാമൊഴി

തിരുവല്ല: കാലംചെയ്ത ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പൊലീത്തയുടെ കബറടക്ക ശുശ്രൂഷയിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രതിനിധിസംഘം പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിച്ചു. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ പുഷ്പചക്രം സമർപ്പിച്ചു.

ഡോ. മാത്യൂസ് മാർ സേവേറിയോസ് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ഗീവർഗീസ് മാർ കൂറിലോസ് പരിശുദ്ധ ബാവാ തിരുമേനിക്ക് വേണ്ടി അനുശോചന സന്ദേശം നൽകി. ഡോ. യാക്കൂബ് മാർ ഐറേനിയോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, നിലയ്ക്കൽ ഭദ്രാസനാധിപൻ ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് എന്നിവർ പങ്കെടുത്ത് പ്രാർത്ഥനകൾ അർപ്പിച്ചു.

പിണറായി വിജയനെ അഭിനന്ദിച്ച് പ. കാതോലിക്കാ ബാവ

കോട്ടയം: തുടർഭരണം നേടിയ ഇടത് സർക്കാരിന് നേതൃത്വം നൽകുന്ന പിണറായി വിജയനെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഫോണിൽ വിളിച്ച് അഭിനന്ദനം അറിയിച്ചു. പ്രകൃതിദുരന്തങ്ങൾ ഉൾപ്പെടെയുള്ള പ്രതിസന്ധികളിൽ ജനങ്ങൾക്ക് ഒപ്പംനിന്ന നേതാവായിരുന്നു പിണറായി വിജയൻ. അദ്ദേഹത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും ജനക്ഷേമ പദ്ധതികൾക്കും കേരളീയ സമൂഹം നൽകിയ ആദരവാണ് ഈ വലിയ വിജയമെന്ന് പ. ബാവ പറഞ്ഞു.



"കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതികൾക്കു കൂടും ഉണ്ട്; മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല"

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

പുനരുത്ഥാനപ്പെരുന്നാളിനുശേഷമുള്ള അഞ്ചാം ഞായറാഴ്ചയിൽ എത്തുമ്പോൾ (സ്വർഗ്ഗാരോഹണ പെരുന്നാളിന് മുമ്പുള്ള ഞായറാഴ്ച) നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാളിനെ ഉൾക്കൊള്ളുവാൻ നമ്മെ ഒരുക്കുന്ന വിധമാണ് വായനകളും പ്രാർത്ഥനകളും ക്രമീകരിച്ചിരിക്കുന്നത്. "ദൈവമായ കർത്താവേ, നിന്റെ പുനരുത്ഥാനത്തിൽ അനവരതം സന്തോഷിച്ച് ആനന്ദിപ്പാനും നിന്റെ സ്വർഗ്ഗാരോഹണത്തിന് സാക്ഷികളാകുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ദിവ്യസങ്കീർത്തകനായ ദാവീദിനോടൊന്നിച്ച് കർത്താവിന് ഒരു പുതിയ പാട്ടു പാടുവീൻ; എന്തെന്നാൽ അവൻ അത്ഭുതം പ്രവർത്തിച്ചിരിക്കുന്നു എന്ന് ഉച്ചത്തിൽ കീർത്തിച്ച് നിന്നെ സ്തുതിപ്പാൻ ഞങ്ങളെ സഹായിക്കണമെ" എന്നാണ് പ്രാരംഭ പ്രാർത്ഥന.

വി. സ്വർഗ്ഗാരോഹണത്തിനും പെന്തിക്കോസ്തിക്കുമുള്ള ഒരുക്കത്തെ കുറിച്ചാണ് വായനഭാഗങ്ങൾ എല്ലാംതന്നെ നമ്മെ ക്ഷണിക്കുന്നത്. പെസഹാപെരുന്നാൾ മുതലുള്ള ഏഴ് ആഴ്ചവട്ടത്തിന്റെ പ്രാധാന്യവും അവ ആചരിക്കേണ്ട വിധവും ആദ്യവായന (ആവർത്തനം 16-ാം അദ്ധ്യായം) നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ ദിനങ്ങളിൽ യെരുശലേമിൽ സംഭവിച്ചതും സംഭവിപ്പാനിരിക്കുന്നതുമെല്ലാം യോവേൽ പ്രവാചകൻ (3:16-21) നമ്മെ അറിയിക്കുന്നു: യെഹൂദാ ദേശത്തു വെച്ചു കുറ്റമില്ലാത്ത രക്തം ചൊരിഞ്ഞവരെ ചിതറിച്ച് അവിടെ പ. സഭ പണിയപ്പെടുന്ന സുന്ദരമായ ചിത്രം വരച്ചുകാണിച്ചിരിക്കുന്നു. "അന്നാളിൽ അവർ യെഹൂദാ ദേശത്തു ഈ പാട്ടു പാടും. നമുക്കു ബലമുള്ളോരു പട്ടണം ഉണ്ട്. അവൻ രക്ഷയെ മതിലുകളും കൊത്തളങ്ങളും ആക്കി വെയ്ക്കുന്നു. നീതിയുള്ള ജാതി പ്രവേശിക്കേണ്ടതിനു വാതിലുകളെ തുറപ്പിൻ, നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു. യഹോവയെന്ന ശാശ്വതമായ പാറ നമുക്കുള്ളതിനാൽ അവനിൽ ആശ്രയിപ്പിൻ" എന്നിങ്ങനെ മഹത്വമുള്ളവനായ യെശയ്യാ പ്രവാചകനും ആഹ്വാനം ചെയ്യുന്നു (26:1-8).

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പ. പത്രോസ് ശ്ലീഹാ പൊതു ലേഖനത്തിലൂടെ (1 പത്രോസ് 3:17-22) ഓർമ്മിപ്പിക്കുന്നതും ശ്രദ്ധേയമാണ്. നന്മ ചെയ്തിട്ടു കഷ്ടം സഹിക്കുവാൻ ആഹ്വാനം ചെയ്യുന്ന അദ്ദേഹം നോഹയുടെ പെട്ടകത്തെ പരമാർശിച്ചുകൊണ്ട് വി. മാമോദീസായിലൂടെ പ. സഭയുടെ രക്ഷയിൽ നിൽക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ അവൻ നമ്മെയും രക്ഷിക്കുകയും അവൻ സ്വർഗ്ഗത്തിലേക്കു പോയി ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നതിനാൽ സർവ്വവും അവന് കീഴ്പ്പെട്ടിരിക്കുന്നുവെന്നും വ്യക്തമാക്കുന്നു. വിശ്വസിക്കുന്ന ഏവരും അവനാൽ നിത്യതയിലേക്ക് ഉയർത്തപ്പെടുമെന്ന് ഏവർക്കും അവൻ രക്ഷ പ്രദാനം ചെയ്യുമെന്നും എബ്രായ ലേഖകനും (11:32-40) നമ്മെ ധൈര്യപ്പെടുത്തുന്നു.

ഇതേ തുടർന്നാണ് വി. ഏവൻഗേലിയോനിലൂടെ (വി. ലൂക്കോസ് 9:51-62) തന്നിലാരംഭിച്ച സ്വർഗ്ഗരാജ്യത്തിന്റെ ലക്ഷണങ്ങളും സ്വഭാവങ്ങളും അതിലേക്ക് പ്രവേശിക്കുവാനുള്ള മാർഗ്ഗവും കർത്താവ് പ്രഖ്യാപിക്കുന്നത്. അവന്റെ ആരോഹണത്തിനുള്ള കാലം തികയാറായപ്പോൾ എന്ന മുഖവുരയോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത്. യെരുശലേമിലേക്ക് പോകുന്നവരെ വംശീയ കാരണങ്ങളാൽ ഉപരോധിക്കുന്ന ശമര്യക്കാരെയും അവരെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ശിഷ്യന്മാരെയും കർത്താവ് കാണുകയും അവരെയെല്ലാം നന്മയുടെ പാതയിലേക്ക് തിരിക്കുവാനും തിരുത്തുവാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. 'മനുഷ്യപുത്രൻ നശിപ്പിക്കുവാനല്ല; രക്ഷിപ്പാനാണ് വന്നിരിക്കുന്നതെന്ന്' ശിഷ്യന്മാരെ ശാസിച്ച് ഓർമ്മിപ്പിക്കുന്നുണ്ട്.

നീ എവിടെപ്പോയാലും നിന്നെ അനുഗമിക്കാമെന്ന് പറയുന്നവനോട് കർത്താവ് പറയുന്നത്: 'കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതിക്കു കൂടും ഉണ്ട്; മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല' എന്നാണ്. ലോകപ്രകാരമുള്ള ഒരു സാമ്രാജ്യത്വമോഹികളും തന്നിൽ സ്ഥാനമില്ലായെന്നും ആത്മാവിൽ ദാരിദ്ര്യം പരിശീലിച്ചവർക്ക് അഥവാ പൂർണ്ണമായും ത്യജനത്തിന്റെ പാത സ്വീകരിക്കുന്നവർക്കു മാത്രമേ തന്നെ അനുഗമിക്കുവാൻ കഴിയൂ എന്നുമാണ് കർത്താവ് പഠിപ്പിക്കുന്നത്. വി. ലൂക്കോസ് ഒൻപതാം അദ്ധ്യായം ആരംഭിക്കുമ്പോൾ, തന്നെ അനുഗമിക്കുന്നവർ നടത്തേണ്ട ഒരുക്കങ്ങളെ കുറിച്ച് കർത്താവ് പഠിപ്പിക്കുന്നുണ്ട്. വഴിക്കു വടിയും പൊക്കണവും എടുക്കാതെ, അപ്പവും പണവും കരുതാതെ ദൈവരാജ്യം പ്രസംഗിപ്പാനും രോഗികൾക്കു സൗഖ്യം കൊടുക്കുവാനും അവർക്ക് ശക്തിയും അധികാരവും നൽകിയാണ് അവരെ അയക്കുന്നത്. "എന്നെ അനുഗമിപ്പാൻ ഒരുത്താൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ. ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്നെത്താൻ നഷ്ടമാക്കികളകയോ ചേതം വരുത്തുകയോ ചെയ്താൽ അവനു എന്തു പ്രയോജനം? ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രൻ തന്റേയും പിതാവിന്റെയും വിശുദ്ധ ദൂതന്മാരുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും" (9:23-26). ഈ തത്വത്തിൽ നിന്നുകൊണ്ടാണ് തന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന മൂന്ന് പേരോട് അല്പം കാർക്കശ്യഭാവത്തോടെ കർത്താവ് സംസാരിക്കുന്നത്. കേവലം മരിച്ചവരെ സംസ്ക്കരിക്കേണ്ടതില്ലെന്നോ, വീട്ടിൽ യാത്ര പറയേണ്ടതില്ലെന്നോ എന്ന അർത്ഥമല്ല, മറിച്ച് നമ്മിലെ മൃതാവസ്ഥയെ, ലോകമോഹങ്ങളെ പൂർണ്ണമായും ത്യജിച്ച് അടക്കി സ്വയം വെറുമയാക്കുന്നവന് മാത്രമേ തല ചായിപ്പാൻ ഇടമില്ലാത്തവന്റെ രാജ്യത്തിൽ ഇടം ഉണ്ടാവുകയുള്ളു എന്ന വലിയ തത്വമാണ് കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്നത്.

മേൽപ്പറഞ്ഞ തത്വങ്ങൾ ആവർത്തിച്ചുറപ്പിക്കുന്ന ധ്യാനങ്ങളാണ് ഈ ആഴ്ചയിലെ പ്രാർത്ഥന. സ്വയം ഇല്ലാതാകുന്നതിലൂടെ സകലവും നിർമ്മിച്ച് നിലനിർത്തുകയും മരണത്തിലൂടെ മരണത്തെ കൊന്ന് പ്രപഞ്ചത്തെ നിത്യതയിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന അനുഭവം ഉടനീളം കാണുന്നു. "മനുഷ്യസ്നേഹിയായ കർത്താവേ! ഞങ്ങൾ ആത്മീയമായി വ്യത്യാസപ്പെട്ടു പരിപൂർണ്ണരാകുവാൻ കൃപ ചെയ്യണണമേ. ഔമ്യാവസ്ഥയിൽ നിന്നും സ്വർഗ്ഗീയാവസ്ഥയിലേക്കും ശാരീരികാവസ്ഥയിൽ നിന്നും ആത്മീയാവസ്ഥയിലേക്കും ആയി തീരുവാൻ ഞങ്ങളെ സഹായിക്കണമേ" എന്നാണ് പ്രഭാതത്തിലെ പ്രാരംഭ പ്രാർത്ഥന. നിന്റെ പുനരുത്ഥാനത്തിന്റെ മധുര രസത്താൽ ജഗത്തിന് നീ ആനന്ദം നൽകിയതുപോലെ നിന്റെ സ്വർഗ്ഗാരോഹണത്താൽ ഞങ്ങളെയും സ്വർഗ്ഗീയരാക്കി തീർക്കുവാൻ സഹായിക്കണമെ എന്ന പ്രാർത്ഥനയോടെയാണ് സ്വർഗ്ഗാരോഹണ പെരുന്നാളിലേക്ക് പ. സഭ നമ്മെ ഒരുക്കുന്നത്.

സ്വർഗ്ഗാരോഹണ പെരുന്നാൾ

മനുഷ്യാവതാര വ്യാപാരത്തിന്റെ പൂർത്തീകരണമാണല്ലോ കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാളിൽ പ. സഭ ദർശിക്കുന്നത്. സ്വർഗ്ഗാരോഹണ പെരുന്നാളിന്റെ സന്ധ്യാനമസ്ക്കാരത്തിലെ പ്രുമിയോൻ സുന്ദരമായ ഭാഷയിൽ ഇക്കാര്യം പ്രതിപാദിക്കുന്നു: "അപരിമിതനും അവർണ്ണനീയനും പരിശോധനതീയനല്ലാത്തവനും താഴ്മയ്ക്കായി ഇറങ്ങി വന്ന് ഞങ്ങളെ തന്നോടൊന്നിച്ച് സ്വർഗ്ഗത്തിലേക്കു കരേറ്റി മേലുള്ള സൈന്യങ്ങൾക്ക് ഉപരിയായി ഉയർത്തി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുത്തിയ അത്യുന്നതനും സുഗ്രാഹ്യമല്ലാത്ത തന്റെ ശക്തിയാൽ ഉയരങ്ങളിലേക്ക് കരേറിയവനും" എന്നിങ്ങനെ പോകുന്ന ആ പ്രാർത്ഥനയിൽ മേഘങ്ങൾ കർത്താവിനെ സ്വീകരിക്കുകയും വീണ്ടും കരേറുംതോറും സ്രാഫേന്മാരും ക്രൂബേന്മാരും മൗത്തുബെന്മാരും മോറാവോസെന്മാരും തന്നെ കൈകൊള്ളുകയും എല്ലാ സ്വർഗ്ഗീയഗണങ്ങളും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ദൂതപ്രമുഖന്മാരും തന്നെ ബഹുമാനിക്കുകയും താൻ സ്വർഗ്ഗാധി സ്വർഗ്ഗങ്ങൾക്കപ്പുറം കയറി അതിരില്ലാതെ മഹത്വത്തിൽ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനാവുകയും ചെയ്തപ്പോൾ സർവ്വ പ്രപഞ്ചവും ഉച്ചസ്വരത്തിൽ അവനെ വന്ദിച്ച് സ്തുതിച്ച് കർത്താവിന്റെ ബഹുമാനം എന്നും വാഴ്ത്തപ്പെട്ടതാകുന്നുവെന്ന് പാടി എന്ന് കാണുന്നു. തന്റെ ശക്തിമത്തായ ആ അന്തരീക്ഷത്തിൽ പ്രബലതയിലും ശ്രേഷ്ഠതയിലും നിന്നുകൊണ്ട് സ്വർഗ്ഗവും ഭൂമിയും തന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്നവനെ അനവരതം സ്തുതിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്നാണ് പ. സഭ പ്രാർത്ഥിക്കുന്നത്.

കർത്താവിന്റെ സ്വാർഗ്ഗാരോഹണത്തെ പ്രവചിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന വേദഭാഗങ്ങളാണ് പഴയ - പുതിയനിയമ വേദഭാഗങ്ങൾ എല്ലാംതന്നെ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഇസ്രായേലിനെ ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുവിപ്പാൻ യഹോവ സ്വർഗ്ഗം തുറന്ന് കൽമഴ പെയ്യിക്കുന്ന ചിത്രമാണ് ആദ്യവായന ഭാഗം (ആവർത്തനം 9:26-10:5). തിന്മയെ ഇല്ലായ്മ ചെയ്യുവാനും നന്മയെ ഒഴുക്കുവാനുമായി ചരിത്രത്തിൽ സ്വർഗ്ഗം തുറക്കുന്നുവെന്ന് സാരം.

ശമുവേൽ ശൗലിനെ അഭിഷേകം ചെയ്യുന്ന സംഭവത്തിലൂടെ (1 ശമുവേൽ 9:15-10:1) ക്രിസ്തുവിൽ സർവ്വലോകവും നേടുന്ന അഭിഷേകത്തെ കുറിച്ചും നിത്യരക്ഷയെ കുറിച്ചും വർണ്ണിക്കുന്നതായി പിതാക്കന്മാർ കാണിക്കുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിൽ ഉണ്ടാകുന്ന മഹത്വ പൂർണ്ണതയെ കുറിച്ചാണ് യെശയ്യാ പ്രവാചകനും (48:20-49:4) സംസാരിക്കുന്നത്.

വി. ലൂക്കോസ് ഏവൻഗേല്യസ്താ തന്റെ രണ്ടാം പുസ്തകമായ അപ്പോസ്തോല പ്രവർത്തികൾ ആരംഭിക്കുന്നതു തന്നെ കർത്താവിന്റെ മഹത്വകരമായ സ്വർഗ്ഗാരോഹണത്തെക്കുറിച്ചുള്ള വിവരണത്തോടെയാണ്. തന്റെ ഒന്നാം പുസ്തകം യേശു തന്റെ അപ്പോസ്തലന്മാർക്കു പരിശുദ്ധാത്മാവിൽ കൊടുത്ത കല്പനയും സ്വർഗ്ഗാരോഹണം വരെയുള്ള ക്രിസ്തു സംഭവ വർണ്ണനയുമായിരുന്നുവെന്ന് ആമുഖ വാക്യം പറഞ്ഞുകൊണ്ടാണ് അദ്ദേഹം ആരംഭിക്കുന്നത്. പരിശുദ്ധാത്മാവിനാലുള്ള സ്നാനം ലഭിക്കുന്നതുവരെയും നിങ്ങൾ യെരുശലേമിൽ നിന്നും വാങ്ങിപ്പോകാതെ കാത്തിരിക്കണം എന്നും പരിശുദ്ധാത്മാവ് നിങ്ങളിൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിച്ചിട്ട് ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും എന്ന് കൽപിച്ചിട്ടാണ് അവർ കാൺകെ കർത്താവ് ആരോഹണം ചെയ്യുന്നത്. ആകാശത്തിലേക്ക് നോക്കി നിൽക്കുന്ന ശിഷ്യന്മാരോട് യേശു സ്വർഗ്ഗത്തിലേക്ക് കരേറിയതുപോലെ അവൻ വീണ്ടും വരുമെന്ന വാഗ്ദാനം വെള്ള വസ്ത്രം ധരിച്ച രണ്ട് ദൂതന്മാർ അവർക്ക് നൽകുന്നു (അ. പ്രവ. 1:1-11).

എഫേസ്യരോടും (4:1-16) തീമോത്തിയോസിനോടും (1 തീമോത്തി. 3:16) പ. പൗലൂസ് ശ്ലീഹായും കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെകുറിച്ച് വ്യാഖ്യാനിച്ച് പറയുന്നുണ്ട്. സ്വർഗ്ഗത്തിലേക്ക് കയറി എന്നാൽ ഭൂമിയുടെ അഗാധത്തിലേക്ക് ലോകത്തെ രക്ഷിപ്പാൻ ഇറങ്ങി എന്നും നമ്മെയും കയറ്റുവാനാണ് അവൻ കയറിയത് എന്നും ആകയാൽ അവന്റെ തേജസ്സാൽ നാമും തേജസ്സീകരിക്കപ്പെട്ട് ഉയർത്തപ്പെടുമെന്നും അപ്പോസ്തോലൻ വിശ്വാസ സമൂഹത്തെ പഠിപ്പിക്കുന്നു.

"നമ്മുടെ രക്ഷയ്ക്കുവേണ്ടി വന്നവനും നമ്മുടെ പുനരുത്ഥാനത്തിനും നിത്യമായ രക്ഷയ്ക്കും വേണ്ടി വരുവാനിരിക്കുന്നവനുമായ" കർത്താവിന്റെ മഹത്വകരമായ സ്വർഗ്ഗാരോഹണത്തെ ഒരിക്കൽ കൂടെ അനുഭവിക്കുവാനും "കർത്താവേ വേഗം വരണമെ" എന്ന് പ്രാർത്ഥിക്കുവാനും നമ്മെയും ചേർക്കുന്ന ആ വലിയ ദിനത്തെ നോക്കി പാർക്കുവാനും ദൈവത്തിന്റെ പരിശുദ്ധ റൂഹാ നമ്മെ സഹായിക്കട്ടെ!

പരിശുദ്ധ കാതോലിക്കാ ബാവായുടെ ചികിത്സ തുടരുന്നു

കോട്ടയം: പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പരുമല ആശുപത്രിയിൽ ചികിത്സയിൽ തുടരുന്നു. കഴിഞ്ഞ ഡിസംബർ മാസത്തിൽ പ്രോട്ടോൺ തെറാപ്പിക്ക് വിധേയനായിരുന്നു. അതോടെ പരിശുദ്ധ പിതാവിന്റെ ആരോഗ്യനില വളരെ മെച്ചപ്പെട്ടിരുന്നു. എന്നാൽ കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ കോവിഡ് ബാധിതനായതോടെ കാൻസർ ചികിത്സ കുറേ നാളത്തേക്ക് നിർത്തിവയ്ക്കേണ്ടതായി വന്നിരുന്നു. അധികം താമസിയാതെ കോവിഡ് മുക്തനായി എങ്കിലും പിന്നീട് ഉണ്ടായ ന്യുമോണിയ ബാധ ചികിത്സാ പുരോഗതിക്ക് വെല്ലുവിളിയായിത്തീർന്നു. ഇതിനിടയിൽ ശ്വാസകോശത്തിലുണ്ടായ ഫങ്കസ് ബാധയും പുരോഗതി സാധ്യമല്ലാതാക്കിത്തീർത്തു.

ഇപ്പോൾ രക്തത്തിലും മറ്റും അൽപ്പം അണുബാധ കാണുന്നുണ്ട്. അതിനാൽ വീണ്ടും കാൻസർ ചികിത്സ നിർത്തിവച്ച് അണുബാധ തടയുവാനുള്ള ആന്റിബയോട്ടിക്കുകൾ നൽകിക്കൊണ്ടിരിക്കുന്നു. അൽപ്പം വേദന അനുഭവപ്പെടുന്ന ഭാഗങ്ങളിൽ റേഡിയേഷനും നടത്തുന്നുണ്ട്. പരുമല ആശുപത്രിയിൽ ഏറ്റവും മികച്ച ചികിത്സയാണ് പിതാവിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. സ്വദേശത്തും വിദേശത്തുമുള്ള ഡോക്ടർമാർ ഉൾപ്പെടുന്ന ഒരു മെഡിക്കൽ ബോർഡ് നിരന്തരമായി പിതാവിന്റെ ആരോഗ്യനില വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

സഭ മുഴുവന്റെയും നിരന്തരമായ പ്രാർത്ഥന പരിശുദ്ധ ബാവാ തിരുമേനിക്ക് ഏറ്റവും അധികം ആവശ്യമായിരിക്കുന്ന സമയമാണിത്. സർവ്വശക്തനായ ദൈവം പരിശുദ്ധ ബാവാ തിരുമനസ്സിന് ആയുസും ആരോഗ്യവും നൽകുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നും സഭാ വക്താവ് ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് അഭ്യർത്ഥിച്ചു.



മാമ്മൻ വർഗീസ് അന്തരിച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മുൻ മാനേജിംഗ് കമ്മിറ്റി അംഗവും വർക്കിംഗ് കമ്മിറ്റി അംഗവുമായിരുന്ന തയ്യിൽ കണ്ടത്തിൽ മാമ്മൻ വർഗീസ് (തമ്പാൻ - 91) അന്തരിച്ചു. മനോരമ ആഴ്ചപ്പതിപ്പ് ചീഫ് എഡിറ്ററും മലയാള മനോരമ പ്രിന്റർ ആൻഡ് പബ്ലിഷറും മുൻ മാനേജിങ് എഡിറ്ററുമായിരുന്നു. ശവസംസ്കാരം കോട്ടയം പുത്തൻപള്ളിയിൽ നടത്തി.

പ്രാർത്ഥന

മനുഷ്യരുടെ ജീവിതത്തിന് ആവശ്യമായതെല്ലാം സൃഷ്ടിച്ചവനും സകലവും പരിപാലിക്കുന്നവനുമായ കർത്താവേ, നിന്നിൽ തന്നെ ഞങ്ങൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. കൊടുങ്കാറ്റിനെ ശാസിച്ചു ശിഷ്യന്മാർ കയറിയിരുന്ന വഞ്ചി ഗലീല കടലിൽ മുങ്ങിപ്പോകാതെ അവരെ രക്ഷിച്ച നാഥാ നിന്റെ ആംഗ്യത്തിൽ സകല പ്രകൃതിയും കീഴടങ്ങുന്നു. പകർച്ച വ്യാധികൾ നിമിത്തം നശിക്കുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും മേൽ മനസലിയണമേ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മാർ ക്രിസോസ്റ്റത്തിൻറ സ്മരണയ്ക്ക് മരണമില്ല: അഡ്വ. ബിജു ഉമ്മൻ

കോട്ടയം: കാലംചെയ്ത മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത ലോകത്തിന് നൽകിയ പ്രചോദനാത്മകമായ നേതൃത്വം സുവർണ്ണ സ്മരണകളായി എന്നും നിലനിൽക്കും എന്ന് മലങ്കര ഓർത്തഡോക്സ് സഭാ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പ്രസ്താവിച്ചു. മാർത്തോമാ സഭയ്ക്ക് മാത്രമല്ല സമസ്ത ക്രൈസ്തവ സമൂഹത്തിനും ഇതര സമുദായങ്ങൾക്കും മതവിഭാഗങ്ങൾക്കും അദ്ദേഹം നൽകിയ ഹൃദ്യമായ നേതൃത്വം അനന്യസാധാരണമാണ്.

മലങ്കര ഓർത്തഡോക്സ് സഭയോടും പിതാക്കന്മാരോടും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയോടും ആത്മബന്ധം പുലർത്തിയിരുന്ന മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത, പരിശുദ്ധ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുമായി സൂക്ഷിച്ചിരുന്ന സ്നേഹോഷ്മളമായ സൗഹൃദം പ്രത്യേകം സ്മരണീയമാണ്.

അനുഗ്രഹീത പ്രഭാഷകനായിരുന്ന അദ്ദേഹം സരളമായ ഹാസ്യത്തിന്റെ അകമ്പടിയോടെ പ്രബോധിപ്പിച്ച ശ്രേഷ്ഠമായ ആശയങ്ങൾ ശ്രോതാക്കളുടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങി. ലാളിത്യവും വിനയവും അലങ്കാരമാക്കിയിരുന്ന മാർ ക്രിസോസ്റ്റത്തിൻറ നിര്യാണം ക്രൈസ്തവ സമൂഹത്തിന് നികത്താനാവാത്ത വിടവാണെങ്കിലും പരിണിതപ്രജ്ഞനായിരുന്ന അദ്ദേഹത്തിൻറ മധുരമുള്ള സ്മരണകളും ഐതിഹാസികമായ നേതൃത്വവും ജനഹൃദയങ്ങളിൽ എന്നും ജീവിക്കുമെന്ന് അഡ്വക്കേറ്റ് ബിജു ഉമ്മൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മാർ ക്രിസോസ്റ്റം ഉദാത്ത മാതൃക: മാർ ദിവന്നാസിയോസ്

പത്തനാപുരം: ഇടയത്ത്വ ശുശ്രൂഷയുടെ ഉദാത്ത മാതൃകയായിരുന്നു കാലംചെയ്ത മാർ ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്ത എന്ന് ഡോ. ജോസഫ് മാർ ദീവന്നാസിയോസ് അനുസ്മരിച്ചു. അദ്ദേഹത്തിന്റെ വിശാലമായ ദർശനവും, അതിർവരമ്പുക്കപ്പുറത്തേക്ക് പരന്നൊഴുകിയ സ്നേഹവും, ചിരിയിൽ ചാലിച്ച ചിന്തകളും സമസ്ത സമൂഹത്തിനും ദിശാബോധം പകരുന്നതായിരുന്നു. മനുഷ്യനെ മാത്രമല്ല സർവ്വചരാചരങ്ങളെയും സ്നേഹിച്ച മാർ ക്രിസോസ്റ്റം യഥാർത്ഥ പരിസ്ഥിതി സ്നേഹിയായിരുന്നു. വിവിധ വേദികളിലും ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ കൂട്ടായ്മകളിലും അദ്ദേഹവുമൊത്ത് ചിലവഴിച്ച സന്ദർഭങ്ങൾ പ്രചോദനാത്മകമായ സുവർണ്ണനിമിഷങ്ങൾ സമ്മാനിച്ചു. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണയും ശ്രേഷ്ഠമായ മാതൃകയും എന്നും നിലനിൽക്കുമെന്നും മാർ ദീവന്നാസിയോസ് അനുസ്മരിച്ചു.

ഓർമ്മചിത്രങ്ങൾ



ക്രിസോസ്റ്റം തിരുമേനി പ. മാത്യുസ് ദ്വിതിയൻ കാതോലിക്കാ ബാവായോടൊപ്പം.


ക്രിസോസ്റ്റം തിരുമേനി പ. ദിദിമോസ് കാതോലിക്കാ ബാവായുടെ അനുഗ്രഹം തേടുന്നു.


ക്രിസോസ്റ്റം തിരുമേനിയെ ദേവലോകം അരമനയിൽ വച്ച് പ. മാർ ത്തോമാ പൌലോസ് ദ്വിതിയൻ കാതോലിക്കാ ബാവ ആദരിച്ചപ്പോൾ.


ക്രിസോസ്റ്റം തിരുമേനി ജന്മദിനത്തിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസിനൊപ്പം.

നർമം വിളക്കിച്ചേർത്ത സൗഹൃദത്തിന്റെ
സുവർണ കണ്ണികൾ

ചങ്ങനാശേരി • ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, ആർച്ച് , എൻഎസ്എസ് ജനറൽ സെക്രട്ടറിയായിരുന്ന പി.കെ. നാരായണപ്പണിക്കർ, ബിഷപ് എമിരെറ്റസ് മാർ ജോസഫ് പൗവത്തിൽ... അപൂർവ സൗഹൃദത്തിന്റെ ഉടമകളായിരുന്നു ഇവർ.

ഇവർ തമ്മിലുള്ള അടുപ്പം മർത്തോമ്മാ സഭ, എൻഎസ്എസ്, മലങ്കര ഓർത്തഡോക്സ് സഭ, ചങ്ങനാശേരി അതിരൂപത എന്നിവ തമ്മിലുള്ള ബന്ധം ദൃഢമാക്കുന്നതിനു കാരണമായി.

ഈ നാലുപേരും ഒരുമിച്ചു പങ്കെടുത്തിട്ടുള്ള സമ്മേളനങ്ങൾ പലപ്പോഴും ശുദ്ധ നർമത്തിന്റെ വേദികളായിരുന്നു.

നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ്, ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷൻ, എക്യുമെനിക്കൽ മദ്യവിരുദ്ധ സമിതി എന്നിവയിലെല്ലാം മാർ ക്രിസോസ്റ്റവും മാർ പൗവത്തിലും ഒരുമിച്ചു പ്രവർത്തിച്ചു. ചങ്ങനാശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടത്തിന്റെ മെത്രാഭിഷേകത്തിനു ക്ഷണിക്കാൻ എത്തിയപ്പോൾ ചായ കുടിക്കാൻ മാർ ക്രിസോസ്റ്റം ക്ഷണിച്ചു.

മധുരം ഇടാമോ എന്ന് മാർ ക്രിസോസ്റ്റത്തിന്റെ ചോദ്യം. ആകാം എന്നു മാർ പെരുന്തോട്ടം. അതുകേട്ട് മാർ ക്രിസോസ്റ്റം പൊട്ടിച്ചിരിച്ചു. എന്നിട്ടു ചോദിച്ചു... ഡയബറ്റിക് ആയിരിക്കുക എന്നതു അപ്പോസ്തോലിക പിന്തുടർച്ചയുടെ ഭാഗമാണെന്ന് തിരുമേനിക്ക് അറിയില്ലേ !

ജന്മദിനത്തിൽ കേക്കും പൂക്കളുമായി പി.കെ. നാരായണപ്പണിക്കരെ കാണാൻ മാർ ക്രിസോസ്റ്റം വാഴപ്പള്ളിയിലെ വീട്ടിൽ എത്തുമായിരുന്നു. നാരായണപ്പണിക്കരുടെ സഹപാഠി കൂടിയായ മാർ ജോസഫ് പൗവത്തിലും ഈ ദിവസം വാഴപ്പള്ളിയിലെത്തും. അതോടെ മൂന്നുപേരും പേരും കൂടിയാവും സംസാരം.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ



പി.കെ. നാരായണപ്പണിക്കർ



മാർ ജോസഫ് പൗവത്തിൽ

മാർ ക്രിസോസ്റ്റത്തിന്റെ കാൽ തൊട്ടു നമസ്കരിക്കാൻ നാരായണപ്പണിക്കർ മക്കളോട് ആവശ്യപ്പെട്ടിരുന്നു. രുദ്രാക്ഷ മാല പോലുള്ള സമ്മാനങ്ങളും മാർ ക്രിസോസ്റ്റത്തിനു നൽകിയിരുന്നു.

'എനിക്കൊരു ജ്യേഷ്ഠ സഹോദരൻ ഉണ്ട്, മലങ്കര ഓർത്തഡോക്സ് സഭയുടെ അധ്യക്ഷൻ ആണ് ആ സഹോദരൻ'- മർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെപ്പറ്റി മാർ ക്രിസോസ്റ്റം എപ്പോഴും പറയുമായിരുന്നു. വൈദികരായിരിക്കെ ആരംഭിച്ച അടുപ്പം സഭകളുടെ അധ്യക്ഷന്മാരായപ്പോഴും ഇരുവരും തുടർന്നിരുന്നു.

വൈദികനായിരിക്കുന്ന കാലത്ത് ഇരുവരും ഓതറ ദയറയിൽ വച്ചു പരസ്പരം കണ്ടതിനെപ്പറ്റി മാർ ക്രിസോസ്റ്റം പറഞ്ഞത് ഇങ്ങനെ: അവിടെ ചെല്ലുമ്പോൾ തൂവെള്ള താടിയുള്ള 'ഒരു സായിപ്പ് അച്ചൻ' നിൽക്കുന്നു. പിന്നീടാണ് അത് ഏഞ്ചൽ അച്ചനാണെന്നു മനസിലായത്. ഏഞ്ചൽ അച്ചനെന്നായിരുന്നു കാതോലിക്കാ ബാവയുടെ അന്നത്തെ വിളിപ്പേര്.

മെത്രാന്മാരായ ശേഷം ഒരു എക്യുമെനിക്കൽ സമ്മേളനത്തിൽ പങ്കെടുക്കാൻ രണ്ടാളും തലേ ദിവസം തന്നെ എത്തി. രാവിലെ എണീറ്റപ്പോൾ മാർ ക്രിസോസ്റ്റത്തിന്റെ വസ്ത്രങ്ങൾ കാണാനില്ല. ആരോ മോഷ്ടിച്ചെന്നു കരുതി പരാതി പറയാൻ നോക്കിയപ്പോൾ തന്റെ വസ്ത്രങ്ങൾ കഴുകി വിരിക്കുന്ന മാത്യൂസ് ദ്വിതീയൻ ബാവായെയാണ് മുന്നിൽ കണ്ടത്.

ക്രിസോസ്റ്റം നർമ്മങ്ങൾ

ബി.ഡി.എസ് പാസായ യുവാവിന് ക്ലിനിക്ക് തുടങ്ങണം. ക്രിസ്ത്യാനിയായതിനാൽ ആശുപത്രിയുടെ മുമ്പിൽ വേദപുസ്തകത്തിലെ ഒരു വാക്യം എഴുതി വെക്കാൻ തീരുമാനിച്ചു. വേദപുസ്തകം മുഴുവൻ നോക്കിയിട്ട് യുക്തമായ വാക്യം കിട്ടുന്നില്ല. മാർത്തോമ്മാ സഭയിലെ ഒരു ബിഷപ്പിനോട് കാര്യം പറഞ്ഞു. ഒഴിവാക്കാനായി ബിഷപ്പ് ഒരുപായം പ്രയോഗിച്ചു.

'മോനേ, നീ ചെന്ന് ക്രിസോസ്റ്റം തിരുമേനിയെ കാണൂ... അദ്ദേഹം ഈ കാര്യത്തിൽ മിടുക്കനാ.'

ദന്തഡോക്ടറോട് തിരുമേനി പറഞ്ഞു: 'എനിക്ക് വേദപുസ്തകത്തിലെ വളരെ കുറച്ചു കാര്യങ്ങളേ അറിയൂ... എങ്കിലും വന്ന സ്ഥിതിക്ക് സങ്കീർത്തനം 81-ലെ പത്താം വാക്യം വായിച്ചു നോക്കുക.'

അതിപ്രകാരമായിരുന്നു: 'നിന്റെ വായ് വിസ്താരത്തിൽ തുറക്കുക.'

****

പാലിൽ സ്ഥിരം വെള്ളം ചേർത്ത് നൽകിയിരുന്ന പാൽക്കാരന് ക്രിസോസ്റ്റം തിരുമേനി രണ്ട് കുപ്പി നൽകിയിട്ട് പറഞ്ഞു.

'പാൽ ഒരു കുപ്പിയിലും അതിൽ ഒഴിക്കാനുള്ള വെള്ളം രണ്ടാമത്തെ കുപ്പിയിലും തരണം. ഞാനിവിടന്ന് മിക്സ് ചെയ്തു കൊള്ളാം.'

****

യുവജന കോൺഫറൻസിൽ തിരുമേനിയുമായി സംവാദം. ഏതു ചോദ്യവും ചോദിക്കാം.

ലോത്തിന്റെ ഭാര്യയുടെ പേര് വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാത്തതിനാൽ തിരുമേനിയെ കുരുക്കുവാൻ ഒരു യുവാവ് ചോദിച്ചു:

'ലോത്തിന്റെ ഭാര്യയുടെ പേരെന്താണ്?'

തിരുമേനി: 'ഇയാൾ വിവാഹം കഴിച്ചതാണോ?'

യുവാവ്: 'അല്ല.'

തിരുമേനി: 'എന്നാൽ വല്ലവന്റെയും ഭാര്യയുടെ പേരു തപ്പി നടക്കാതെ പോയി വിവാഹം കഴിക്കു.'

****

ക്രിസോസ്റ്റം തിരുമേനിയുടെ അടുക്കൽ ഒരു സ്ത്രീ കയറി വന്ന് തന്റെ മകനെപ്പറ്റി പരിഭവം പറയുകയാണ്.

'അവന് സ്വർഗത്തിലും നരകത്തിലുമൊന്നും വിശ്വാസമില്ല. തിരുമേനിയവനെയൊന്നു ഉപദേശിക്കണം.'

ചിരിച്ചു കൊണ്ടുള്ള മറുപടി: 'അവനെ പിടിച്ച് പെണ്ണു കെട്ടിക്ക്. കുറഞ്ഞപക്ഷം നരകമുണ്ടെന്നെങ്കിലും അവന് വിശ്വാസം വരും.'





കോട്ടയം: യഥാർത്ഥ മനുഷ്യസ്നേഹിയും ജനക്ഷേമത്തിന് വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച നേതാവുമായിരുന്നു അന്തരിച്ച ആർ. ബാലകൃഷ്ണപിള്ള എന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ അനുസ്മരിച്ചു. മലങ്കര ഓർത്തഡോക്സ് സഭയെ അകമഴിഞ്ഞ് സ്നേഹിക്കുകയും സഭാപിതാക്കന്മാരോരോട് ആത്മാർത്ഥമായ ഊഷ്മള ബന്ധം സൂക്ഷിക്കുകയും ചെയ്ത ബാലകൃഷ്ണപിള്ള പ്രതിസന്ധിഘട്ടങ്ങളിലും ഒപ്പം നിന്ന് കരുത്തു പകർന്നിട്ടുള്ള ജനനായകനായിരുന്നു.

അനുഭവ സമ്പന്നനും വിശാല ദർശനത്തിന് ഉടമയും ആയിരുന്ന മുതിർന്ന നേതാവിൻറ നിര്യാണം കേരളീയ സമൂഹത്തിനു പൊതുവെയും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പ്രത്യേകിച്ചും വലിയ നഷ്ടമാണെന്നും പരിശുദ്ധ ബാവ അനുശോചന സന്ദേശത്തിൽ പറഞ്ഞു. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറസ് മെത്രാപ്പോലീത്താ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവരും അനുശോചിച്ചു.



ഭവനം സന്ദർശിച്ച് അനുശോചനം രേഖപ്പെടുത്തി

കൊട്ടാരക്കര: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്നേഹിതനും അഭ്യുദയകാംക്ഷിയുമായ മുൻ മന്ത്രി ആർ ബാലകൃഷ്ണപിള്ളയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് എന്നീ പിതാക്കന്മാർ ബാലകൃഷ്ണപിള്ളയുടെ ഭവനം സന്ദർശിച്ച് അനുശോചനം രേഖപ്പെടുത്തി. സഭയുടെ സ്നേഹാദരവുകൾ അറിയിച്ചു. ബാലകൃഷ്ണപിള്ളയുടെ മകനും എം.എൽ.എ. യുമായ കെ. ബി. ഗണേഷ് കുമാർ പിതാക്കന്മാരെ സ്വീകരിച്ചു

കൊട്ടാരക്കര പുനലൂർ ഭദ്രാസന സെക്രട്ടറി ഫാ സി. ഡി. രാജൻ, ഭദ്രാസന കൗൺസിൽ അംഗം ഫാ. അനിൽ ജോൺ, അനിൽ, അച്ചൻകുഞ്ഞു, ബാലസമാജം ഭദ്രാസന സെക്രട്ടറി ലിബിൻ പുന്നൻ, ഭദ്രാസന ബാലസമാജം ട്രഷറർ ജെയിൻ ജോയി എന്നിവർ പിതാക്കന്മാരെ അനുഗമിച്ചു.



പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായോടൊപ്പം ആർ. ബാലകൃഷ്ണപിള്ള.



പ. മാത്യൂസ് രണ്ടാമൻ, പ. ദിദിമോസ് പ്രഥമൻ ബാവാമാരോടൊപ്പം ആർ. ബാലകൃഷ്ണപിള്ള.

അനശ്വര പ്രഭാഷണം

പരിശുദ്ധ സഭയുടെ കൊമ്പ് ഉയരട്ടെ

ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

26/09/2006-ൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റി യോഗത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ചെയ്ത പ്രസംഗം

അഭിവന്ദ്യരായ നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരെ, വൈദികട്രസ്റ്റി ഡോ. ഒ. തോമസ് കത്തനാർ, അൽമായ ട്രസ്റ്റി ശ്രീ. പി. സി. ഏബ്രഹാം പടിഞ്ഞാറെക്കര, അസോസിയേഷൻ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ, വന്ദ്യ കോർഎപ്പിസ്കോപ്പാമാരെ, റമ്പാച്ചന്മാരെ, സ്നേഹമുള്ള വൈദികരെ, മലങ്കരസഭയുടെ അഭിമാനവും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ നമ്മുടെ വാത്സല്യ മക്കളെ!

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റി യോഗത്തിലേക്ക് വീണ്ടും നാം നിങ്ങളേവരേയും സ്വാഗതം ചെയ്യുന്നു.

പരിശുദ്ധ സഭയുടെ അഗ്നിപരിശോധനകളുടെ സന്ദർഭങ്ങളിലെല്ലാം ഭാഗ്യവാന്മാരായ നമ്മുടെ മുൻഗാമികൾക്ക് കരുത്തേറിയ കരങ്ങൾപോലെ താങ്ങായിരുന്നത് അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റി ആയിരുന്നു എന്നുള്ള ചരിത്ര സത്യം നാം ഇപ്പോൾ അനുസ്മരിക്കുകയാണ്.

യഥാസമയത്ത് ബഹുമാനപ്പെട്ട എറണാകുളം ജില്ലാ കോടതിയിൽ നിന്ന് നീതിപൂർവ്വമായ നമ്മുടെ 157/2006-ാം നമ്പർ നോട്ടീസ് കല്പനപ്രകാരമുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ നിശ്ചയിച്ചപ്രകാരം തന്നെ 21-ാം തീയതി ആരംഭിക്കുവാൻ നമുക്ക് സാധ്യമായി. കരുണയുള്ള കർത്താവ് തന്റെ കരങ്ങളിൽ നമ്മുടെ പരിശുദ്ധ സഭയെ താങ്ങുന്നു എന്നുള്ളതിന്റെ പ്രകടമായ തെളിവായി നാം അതിനെ കാണുകയാണ്. തിരശ്ശീലയ്ക്കപ്പുറത്തേക്ക് പോയ അനേക പൂർവ്വ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയും നിർദ്ദോഷികളായ അനേകരുടെ കണ്ണീരോടുകൂടിയ പ്രാർത്ഥനയുമാണ് ഇതിനു പുറകിലുള്ളത് എന്ന് നാം വിശ്വസിക്കുന്നു.



വാത്സല്യ മക്കളെ, നിങ്ങളുടെ ഐക്യമാണ് ബലഹീനനായ നമ്മുടെ കരുത്ത്. ഒരുമയോടെ, പ്രാർത്ഥനയോടെ നമുക്ക് മുന്നേറാം.

മുൻസിഫ് കോടതിയുടെ നിരോധനം നിലനിന്നിരുന്ന സാഹചര്യത്തിൽ അസ്സോസിയേഷൻ യോഗത്തിനു മുമ്പായി മാനേജിംഗ് കമ്മിറ്റി ഔദ്യോഗികമായി വിളിച്ചുചേർത്ത്, ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ സാധിക്കാതെ വന്നതിനാലാണ് പതിവുരീതിയിൽ നിന്നും വ്യത്യസ്തമായി ഈ യോഗം വിളിച്ചു കൂട്ടിയത്. സെപ്റ്റംബർ 21-ാം തീയതി ആരംഭിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ തുടർച്ചയെന്നോണം 2006 ഒക്ടോബർ 12-നു കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ട വിഷയങ്ങൾ ഇന്ന് നമുക്ക് ചർച്ച ചെയ്യുവാനുണ്ട്. പ. സഭയെ സംബന്ധിച്ചിടത്തോളം ആന്തരികവും ബാഹ്യവുമായ പ്രതികൂലതകളും പ്രതിപ്രവർത്തനങ്ങളും നിലനില്ക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ അതീവ ശ്രദ്ധയോടും പ്രാർത്ഥനയോടും ഏകമനസ്സോടും കൂടി ആവശ്യമായ തീരുമാനങ്ങൾ ഈ സുപ്രധാന സമിതി കൈക്കൊള്ളണമെന്ന് നാം ആവശ്യപ്പെടുകയാണ്.

വാത്സല്യമുള്ളവരെ,

ഒക്ടോബർ 12-ാം തീയതി നാം സമ്മേളിക്കുന്നത് പ്രധാനമായും ബലഹീനനായ നമുക്ക് ഒരു പിൻഗാമിയെ, അതായത് പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിനു വേണ്ടിയാണല്ലോ. നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരിൽ ഒരാളെ ആ സ്ഥാനത്തേക്ക് കണ്ടെത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ കുറെ ദിവസങ്ങളായി ബലഹീനനായ നാം ദൈവത്തോട് ആയതിന് യാചിച്ചു വരികയായിരുന്നു. പരിശുദ്ധ സഭയുടെ പിതാക്കന്മാർ എന്ന നിലയിൽ നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരും ഇന്നലെ (26/09/2006) ഇവിടെ ഒരുമിച്ചുകൂടി പ്രാർത്ഥനാപൂർവ്വം ഈ കാര്യം ചർച്ച ചെയ്യുകയും നമ്മുടെ കുന്നംകുളം ഭദ്രാസനത്തിന്റെ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ സഭാ മാനേജിംഗ് കമ്മിറ്റിയുടെ നോമിനേഷൻ വഴിയായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം തെരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായ സമന്വയം ഉണ്ടാവുകയും ചെയ്തു. ആയത് മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി നാം സമർപ്പിക്കുന്നു.

വാത്സല്യ മക്കളെ, പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിനു നോമിനേഷൻ നൽകുക എന്ന ഒരു വലിയ പദവിയും അവകാശവും അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിക്കുണ്ട്. ആയതിനാൽ നമ്മുടേയും നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരുടെയും ആലോചനയെ പരിഗണിച്ച് ഉചിതമായ തീരുമാനം നിങ്ങൾ കൈക്കൊള്ളുമെന്ന് നാം പ്രത്യാശിക്കുന്നു. ആയതിനായി പ്രാർത്ഥിക്കുന്നു.

വാത്സല്യമുള്ളവരെ,

സഭ ദൈവത്തിന്റേതാണ്. നാം ഓരോരുത്തരും സർവ്വശക്തന്റെ കരങ്ങളിലെ ആയുധങ്ങൾ മാത്രം. പുകഴുവാനും അതിരുവിട്ട് അഭിമാനിക്കുവാനും നമുക്കവകാശമില്ല. ദൈവമുമ്പാകെ നമുക്ക് താഴാം. അവന്റെ നാമം മഹത്വപ്പെടട്ടെ. പരിശുദ്ധ സഭയുടെ കൊമ്പ് ഉയരട്ടെ.

ദൈവം ഇന്നത്തെ നമ്മുടെ യോഗനടപടികളെ അനുഗ്രഹപ്രദമാക്കട്ടെ.

❑


പുസ്തകം

മനുഷ്യ സാന്നിദ്ധ്യം

പ്രകൃതിയോടുള്ള ഓർത്തഡോക്സ് സമീപനം

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

THE HUMAN PRESENCE: Ecological Spirituality and the Age of the Spirit
എന്ന ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം: ഡോ. യാക്കോബ് മാർ ഐറേനിയോസ്



3

പ്രകൃതിയും ശാസ്ത്രവും

1. ശാസ്ത്രീയ ചിന്ത: എവിടെനിന്ന് എവിടേക്ക്?

a) മദ്ധ്യകാല യൂറോപ്യൻ തത്വചിന്തയും, പ്രകൃതി സങ്കല്പവും

മദ്ധ്യകാല യൂറോപ്യൻ തത്വചിന്തയെ അവഗണിക്കാനോ നിന്ദിക്കാനോ നമുക്കു കഴിയുകയില്ല. നമ്മുടെ സമകാലീന സംസ്കാരത്തിന് പ്രത്യയശാസ്ത്രപരമായ അടിത്തറ പാകുന്ന ശാസ്ത്രസാങ്കേതിക വിദ്യയുടെ അടിവേരുകൾ, Charlemagne മദ്ധ്യകാല തത്വസംഹിതയ്ക്ക് അടിസ്ഥാനമിട്ട കാലത്തേക്കു നീളുന്നു. പാശ്ചാത്യ ക്രിസ്ത്യാനിത്വത്തിന് രൂപം നൽകിയതും Charlemagne യുടെ നവോത്ഥാന പ്രസ്ഥാനം തന്നെയാണ്.

Charlemagne യുടെ കാലത്തെ യൂറോപ്പ്, തകർന്നതും വിഭജിക്കപ്പെട്ടതുമായിരുന്നു; മാത്രമല്ല, അജ്ഞതയിലും അന്ധവിശ്വാസത്തിലും അതു മുങ്ങിയിരുന്നു. പ്രാചീന യൂറോപ്യൻ സർവ്വാത്മ സിദ്ധാന്തത്തിന്റെ അംശങ്ങളും ഏതാനും ക്രിസ്തീയ ആശയങ്ങളും കൂടിച്ചേർന്ന ഒരുതരം പുറജാതിത്വമാണ് അന്നത്തെ ജനതയുടെ മനസ്സിനെ സ്വാധീനിച്ചിരുന്നത്. അത് പുരാതന യവന സംസ്കാരത്തിൽ നിന്നുളവായതായിരുന്നില്ല. അന്നത്തെ ക്രിസ്തീയ പുരോഹിതന്മാർ ഇന്ദ്രജാലവും മതവും ചേർന്ന ഒരു ഉപാസനാരീതിയുടെ ഭിഷഗ്വരന്മാരായിരുന്നു. ഇത് യൂറോപ്പിന്റെ സദാചാരത്തെ വഴിതെറ്റിക്കുകയും, ബുദ്ധിവൈഭവത്തെ മന്ദീഭവിപ്പിക്കുകയും ചെയ്തു.

Charlemagne പലയിടത്തും സ്കൂളുകൾ സ്ഥാപിച്ചു. അദ്ദേഹത്തിന് രണ്ടു ലക്ഷ്യങ്ങളാണുണ്ടായിരുന്നത്. ഒന്ന്, യൂറോപ്പിനെ ആവരണം ചെയ്തിരുന്ന അജ്ഞത, അന്ധവിശ്വാസങ്ങൾ എന്നിവ നിർമ്മാർജ്ജനം ചെയ്യുക. രണ്ട്, അഭ്യസ്തവിദ്യരായ ഒരു ഉദ്യോഗവൃന്ദത്തെ സൃഷ്ടിക്കുക; അതുവഴി യൂറോപ്പിനെ ഒന്നാക്കി നിർത്തുകയും, അഭ്യസ്തവിദ്യരായ പുരോഹിതന്മാർ, പ്രഭുക്കന്മാർ എന്നിവരുടെ നന്മ ഉറപ്പാക്കുകയും ചെയ്യുക. പില്ക്കാലങ്ങളിൽ യൂറോപ്യൻ ചിന്താധാരയെ കരുപ്പിടിപ്പിച്ചതും മൂർച്ച വരുത്തിയതും ഈ സ്കൂളുകളാണ്. ആശയങ്ങളുടെ തലനാരിഴ കീറിയുള്ള അവിടുത്തെ പഠനരീതി ഇന്നത്തെ വിദ്യാർത്ഥികൾക്ക് രസകരമായി തോന്നാം. എന്നാൽ യൂറോപ്യൻ സംസ്കാരത്തെ ബൗദ്ധികമായി വളർത്തിയെടുത്ത്, ശാസ്ത്ര-സാങ്കേതിക വളർച്ചയ്ക്കു വേണ്ടി ഒരുക്കിയത് ഈ സംവിധാനമാണ്.

മദ്ധ്യകാല തത്വചിന്തയുടെ പിതാവായ അയർലണ്ടുകാരൻ John Scotus Erigena (ca 810-877) പാരീസിൽ Franks രാജാവായ ചാൾസിന്റെ രാജസഭയിലെ ഈ സ്കൂളുകൾ 847-ൽ സന്ദർശിച്ചിരുന്നു. അദ്ദേഹത്തിന്റെ ചിന്തയിൽ 'പ്രകൃതി' എന്ന ആശയം ഒരു കേന്ദ്രസ്ഥാനമലങ്കരിച്ചിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം 'പ്രകൃതി' എന്നത് മനുഷ്യനെ ഒഴിവാക്കിയുള്ള സംവിധാനമല്ല. മറിച്ച്, എല്ലാ ജീവികളുടെയും പ്രക്രിയകളുടെയും സംയുക്തമാണ്; അതിൽ മനുഷ്യനും, ഭൂമിയും, ഈശ്വരനും, പ്രപഞ്ചവും എല്ലാം ഉൾപ്പെടുന്നു. അത് എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന യാഥാർത്ഥ്യമാണ് - ദൈവം, മനുഷ്യൻ, ലോകം എല്ലാം കാലത്തിലും നിത്യതയിലും. എല്ലാ ജീവികളെയും (സത്ത) പ്രകൃതിയുടെ നാലു വർഗ്ഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

1. സൃഷ്ടിക്കപ്പെടാത്തതും സൃഷ്ടിക്കുന്നതുമായ (ഈശ്വരന്റെ സ്വഭാവം, അത് എല്ലാറ്റിനുമുപരി).

2. സൃഷ്ടിക്കപ്പെടുന്നതും സൃഷ്ടിക്കുന്നതുമായ പ്രകൃതി (വിശദാംശങ്ങളിലേക്കു വളരുന്ന ദൈവം സൃഷ്ടിച്ച ആശയപ്രപഞ്ചം).

3. സൃഷ്ടി നടത്താത്തതും, സൃഷ്ടിക്കപ്പെട്ടതുമായ പ്രകൃതി (ജനിപ്പിക്കുവാനല്ലാതെ സൃഷ്ടിക്കുവാൻ കഴിവില്ലാത്ത, മനുഷ്യന്റെ ലോകം).

4. സൃഷ്ടിക്കാത്തതും സൃഷ്ടിക്കപ്പെടാത്തതുമായ പ്രകൃതി (ലോകാവസാനത്തിൽ, പുതിയ സൃഷ്ടിയിൽ, സൃഷ്ടിയിലെ പൂർണ്ണത പ്രാപിച്ച് ദൈവത്തോടു ചേരുകയും, സൃഷ്ടിയുടെ എല്ലാ ചലനങ്ങളും അസ്തമിക്കുകയും ചെയ്യും).[2]

അതിശയകരമായ ഈ നാലംഗ വർഗ്ഗീകരണം വളരുകയും വികസിക്കുകയും ചെയ്യുകയും, പൂർണ്ണത പ്രാപിച്ചശേഷം നിശ്ചലമാകുകയും ചെയ്യുന്ന ഒരു 'പ്രകൃതി'യെ വിഭാവനം ചെയ്യുന്നു. ഇതു നിമിത്തം Erigena യെ ആധുനിക "Process Philosophy" (പ്രക്രിയാ തത്വചിന്ത) യുടെ മുന്നോടിയായി കണക്കാക്കാവുന്നതാണ്.

ഈ അയർലണ്ടുകാരനെ കാര്യമായി സ്വാധീനിച്ചത് ദീവന്നാസ്യോസ് അരിയോപഗൈറ്റിന്റെ ചിന്തകളാണ് (Dionysius the Areopagite). Erigena, ഗ്രീക്കു ഭാഷയിൽ അത്ര പ്രാവീണ്യം നേടിയ ആൾ അല്ലായിരുന്നെങ്കിലും, ദീവന്നാസ്യോസിന്റെ കൃതികളടക്കം അദ്ദേഹം ഗ്രീക്കു ഭാഷയിൽനിന്ന് ലത്തീൻ ഭാഷയി

ലേക്ക് മൊഴിമാറ്റം നടത്തിയിട്ടുണ്ട്.[3] ഈ പരിഭാഷയുടെ ഗ്രീക്ക് കയ്യെഴുത്തു പ്രതി പാശ്ചാത്യ ചക്രവർത്തിയുടെ സമ്മാനമായി നൽകിയതായിരുന്നു. പൗലോസ് അപ്പോസ്തോലന്റെ നേർ ശിഷ്യനാണെന്നു കരുതപ്പെട്ടിരുന്ന ദീവന്നാസ്യോസിന്റെ ഒരു 'തിരുശേഷിപ്പ്' എന്നപോലെ ഈ കയ്യെഴുത്തുപ്രതി ഫ്രാൻസിലെ വി. ഡെനിസിന്റെ ആശ്രമത്തിലേക്ക് എ.ഡി. 827 ഒക്ടോബർ 8-നു ആഘോഷമായി കൊണ്ടുപോകുകയുണ്ടായി.[4] Erigena ചമച്ച പരിഭാഷ കൃത്യതയില്ലാത്തതു മാത്രമായിരുന്നില്ല; ചിലപ്പോൾ മൂലകൃതിയിലുള്ള ആശയങ്ങളുടെ എതിരായിട്ടുള്ളവയുമായിരുന്നു. എന്നിരുന്നാലും രണ്ടു മൂന്നു നൂറ്റാണ്ടുകളിലെ പാശ്ചാത്യ ആത്മികതയെ കരുപ്പിടിപ്പിച്ചത് വികലമായ ഈ ലത്തീൻ പരിഭാഷയായിരുന്നു.

Gregory of Nyssa, Maximus the Confessor എന്നിവരുടെ കൃതികളും Erigena പരിഭാഷപ്പെടുത്തിയിരുന്നു. അക്കാരണത്താൽ അദ്ദേഹത്തിന്റെ De Divisione Naturae എന്ന രചനയിൽ മേൽപ്പറഞ്ഞ രണ്ടുപേരുടെയും ചിന്തകളുടെ സ്വാധീനം കാണാം. ഈ ഗ്രന്ഥത്തിൽ അദ്ദേഹം പ്രപഞ്ചത്തെ "പുനഃസൃഷ്ടി" നടത്തിയിട്ടുണ്ട്. Etienne Girson അതിനെ immense epopee metaphysique എന്നു വിളിച്ചു.[5] ആത്മികതയുടെ ഈ ഘടനാവർണ്ണന, വി. യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തിന് Erigena നൽകുന്ന വ്യാഖ്യാനത്തിൽ ഇത് സുവ്യക്തമായി പ്രകടമാണ്.

അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ കേന്ദ്രം മനുഷ്യരാശിയാണ്.

"അനുഗൃഹീതനായ സുവിശേഷകൻ 'ലോകം' എന്ന പദം നാലു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (യോഹ. 1:9-10) എന്നു നമുക്കു പറയാം. എന്നാൽ മൂന്നു ലോകങ്ങളുണ്ടെന്നാണ് അദ്ദേഹം നമ്മെ പഠിപ്പിക്കുന്നത്. ഒന്നാമത്തേതിൽ അദൃശ്യരായ ആത്മിക ശക്തികൾ മാത്രം. ഈ ലോകത്തിൽ പ്രവേശിക്കുക എന്നാൽ, സത്യവെളിച്ചത്തിൽ പങ്കാളികളാകുക എന്നാണ്. രണ്ടാമത്തെ 'ലോകം' ഇതിനു തികച്ചും വിരുദ്ധമാണ്, അതിൽ ദൃശ്യമായ സ്ഥൂലപ്രകൃതികളാണ്. ഈ ലോകത്തെ പ്രപഞ്ചത്തിന്റെ ഏറ്റവും താഴെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നതെങ്കിലും, ദൈവവചനം അതിലുണ്ടായിരുന്നു; ദൈവവചനത്താൽ നിർമ്മിതമാണ് ഈ ലോകം. പഞ്ചേന്ദ്രിയങ്ങളിലൂടെ സത്യം ഗ്രഹിക്കുവാൻ പരിശ്രമിക്കുന്നവർക്ക് കയറുന്നതിനുള്ള പ്രഥമ പടിയാണിത്. കാരണം, ദൃശ്യമായതിനെ തിരിച്ചറിയുന്നതിലൂടെയാണ്, യുക്ത്യാധിഷ്ഠിതമായ ആത്മാവ്, അദൃശ്യമായതിന്റെ ജ്ഞാനത്തിലേക്ക് ആകർഷിക്കപ്പെടുന്നത്. മൂന്നാമത്തെ 'ലോകം' മറ്റു രണ്ടിനും മദ്ധ്യസ്ഥത വഹിച്ചുകൊണ്ട്, അതിൽത്തന്നെ ഉന്നതമായ ആത്മികലോകത്തെയും, താഴത്തെത്തട്ടിലുള്ള സ്ഥൂലലോകത്തെയും യോജിപ്പിച്ച്, രണ്ടിനെയും ഒന്നാക്കിത്തീർക്കുന്നു. സൃഷ്ടി മുഴുവനും, ആരിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നുവോ ആ മനുഷ്യനിലൂടെ മാത്രമാണ് ഈ മൂന്നാം 'ലോകത്തെ' നാം അഭിമുഖീകരിക്കുക. മനുഷ്യന് ശരീരവും ആത്മാവുമുണ്ട്. ഈ ലോകത്തിൽ നിന്നുള്ള ശരീരവും, മറ്റേ ലോകത്തിൽനിന്നുള്ള ആത്മാവും മനുഷ്യനിൽ സംയോജിച്ച് അത് ഒരു പ്രത്യേക ലോകമായി മാറുന്നു.[6]

അങ്ങനെ മനുഷ്യത്വം, ദൃശ്യമായതിനെയും അദൃശ്യമായതിനെയും അതിൽ സമന്വയിപ്പിച്ചിരിക്കുന്നു. പ്രപഞ്ചത്തിന്റെ ചരടുകൾ കൂട്ടിക്കെട്ടുന്നു എന്ന അർത്ഥത്തിൽ Syndesmos (ഐക്യം) എന്നാണ് മാക്സിമസ് വിളിച്ചത്.[7] John Scotus ഇതിനെ 'Copula' എന്നു വിളിച്ചു.

John Scotus പ്രകൃതിയെ ചലനാത്മകമാണെന്നാണു കണ്ടത്. എല്ലാം തുടരുന്ന പ്രക്രിയയിലാണ്. കുറെക്കൂടെ നിശ്ചിതമായി പറഞ്ഞാൽ, പ്രപഞ്ചം ഒരു ഇരട്ട ചലനമാണ്, ദൈവത്തിൽനിന്നും, ദൈവത്തിലേക്കും. പക്ഷെ പ്രപഞ്ചത്തിലെ സുപ്രധാന ഘടകമായ മനുഷ്യൻ പാപം ചെയ്തു വീണുപോയതുകൊണ്ട്, ലോകത്തിൽ ഭിന്നതയുണ്ടായി. ദൈവം വീണുപോയ ലോകത്തേക്ക് ഒരു പുതിയ രീതിയിൽ പ്രവേശിച്ച്, മനുഷ്യാവതാരം ചെയ്തു യേശുക്രിസ്തുവിലൂടെ പ്രപഞ്ചത്തിലെ യോജിപ്പും സ്വരച്ചേർച്ചയും പുനഃസ്ഥാപിച്ചു. മനുഷ്യത്വത്തിലേക്കു പ്രവേശിച്ചതിനാൽ, ക്രിസ്തു എല്ലാറ്റിലേക്കും പ്രവേശിച്ചു; അതിൽനിന്ന് പ്രകൃതിയെയോ, മറ്റു വസ്തുക്കളെയോ ഒഴിവാക്കിയില്ല; എല്ലാം തന്നിൽ പങ്കാളികളാകുന്നു.

എങ്കിലും മനുഷ്യത്വത്തിൽ നിന്നൊഴിഞ്ഞതോ, ഉൾക്കൊള്ളുന്നതോ ആയ ഒരു സ്വതന്ത്ര "പ്രകൃതി"യെ വിഭാവനം ചെയ്യുവാൻ Erigena യ്ക്കു സാധിച്ചില്ല. 'പ്രകൃതി'യെ ഒരു സ്വതന്ത്ര സത്തയായി കരുതാൻ മദ്ധ്യ ശതകങ്ങളിലെ തത്വചിന്തയ്ക്ക് ഒരിക്കലും സാധിച്ചിരുന്നില്ല. അതിനെ എപ്പോഴും, അത് ഏതിൽനിന്ന് ഉത്ഭവിക്കുകയും, ഏതിനാൽ നിലനിർത്തപ്പെടുകയും ചെയ്യുന്നുവോ, ആ പ്രകൃത്യാതീതമായതുമായി ബന്ധിച്ചിരുന്നു. കൂടാതെ പിതൃവിജ്ഞാനീയത്തിലും, മദ്ധ്യകാല പാശ്ചാത്യ വേദശാസ്ത്രത്തിന്റെ പ്രരംഭകാലത്തും പ്രകൃതിയെ ഒരു സ്വതന്ത്ര സ്വത്വമായി പരിഗണിച്ചിട്ടില്ല. Gilson ന്റെ വിലയിരുത്തൽ ഇവിടെ ശ്രദ്ധേയമാണ്.

"മദ്ധ്യനൂറ്റാണ്ടുകളിലെ തത്വചിന്തയിൽ ഉടനീളം, പ്രകൃതിയുടെ ക്രമത്തെ പ്രകൃത്യാതീതമായ ഒരു ക്രമവുമായിട്ടാണ് ബന്ധപ്പെടുത്തിയിരിക്കുന്നത്. പ്രകൃതിയുടെ ഉത്ഭവവും അന്തിമഭാഗധേയവും പ്രകൃത്യാതീതമായതിനെ ആശ്രയിച്ചിരിക്കുന്നു.

മനുഷ്യൻ ദൈവത്തിന്റെ 'പ്രതിമ'യാണ്. മനുഷ്യൻ അഭിലഷിക്കുന്ന അനുഗ്രഹം, ദൈവിക അനുഗ്രഹമാണ്. മനുഷ്യന്റെ ബുദ്ധിയുടെയും ഇച്ഛാശക്തിയുടെയും ലക്ഷ്യം ശ്രേഷ്ഠവും സർവ്വാതീതവുമായ ഒന്നാണ്. അവന്റെ മുമ്പിലാണ് മനുഷ്യൻ ആത്മിക ജീവിതം നയിക്കേണ്ടതും വിധിക്കപ്പെടേണ്ടതും. ദൈവമഹത്വത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ഭൗതികലോകം, ഉള്ളിൽ ചലിക്കുകയും സ്രഷ്ടാവിലേക്കു നീങ്ങുകയും ചെയ്യുന്ന, അന്ധമായ ഒരു സ്നേഹത്താൽ പ്രവർത്തിക്കുന്നു. ഓരോ ജീവിയും, അതതിന്റെ പ്രവർത്തനങ്ങളും, നിലനില്പിനും, ഫലസിദ്ധിക്കും സർവ്വശക്തനെ അനുനിമിഷം ആശ്രയിക്കുന്നു. ഇങ്ങനെയാണെങ്കിൽ, ക്രിസ്തീയ തത്വചിന്തയിൽ 'പ്രകൃതി'യെപ്പറ്റി എങ്ങനെ സംസാരിക്കാനാവും? മറിച്ച് പ്രകൃതി തികച്ചും ക്രിസ്തീയമല്ലാത്ത ആശയമാണെന്നും, പുറജാതി തത്വചിന്തയുടെ അവശിഷ്ടമാണെന്നും, ധാർഷ്ട്യമുള്ള വേദശാസ്ത്രജ്ഞർ മാത്രം സ്വീകരിക്കുന്നതുമാണെന്ന് Melebranche യോടൊപ്പം പറയേണ്ടതല്ലേ?[8]

എന്നിരുന്നാലും, 'പ്രകൃതി' എന്നത് പ്രകൃത്യാതീതമായതിൽനിന്ന് വ്യതിരിക്തമായതും എന്നാൽ അതിനെ ആശ്രയിച്ചിരിക്കുന്നതുമായ ഒരു ആശയമായി മദ്ധ്യകാല തത്വചിന്തയിൽ ഉപയോഗിച്ചിരുന്നു. Gilson ഈ ധാരണയെ ഇങ്ങനെ നിർവ്വചിക്കുന്നു:

പൂർവ്വകാലങ്ങളിലെന്നപോലെ, മദ്ധ്യശതകങ്ങളിലെ തത്വചിന്തയിൽ 'പ്രകൃതി' എന്ന സത്ത, ഒരു സജീവ വസ്തുവാണ്. അതിന്റെ സാരാംശം അതിന്റെ കാരണവും, അതിന്റെ പ്രവൃത്തിയെ നിർണ്ണയിക്കുന്നതുമാകുന്നു. 'Nature' , എന്നത് പ്രകൃതികളുടെ ഒരു ഘടക സമഷ്ടിയാണ്. ആകയാൽ ഫലദായകത്വവും, ആവശ്യവും അതിന്റെ പ്രത്യേകതകളുമാണ്.[9]

അങ്ങനെ പ്രകൃതി 'ആവശ്യ'ത്തിന്റെ മേഖലയാണ്. പ്രകൃതികൾ അനുസരിക്കുന്നതാണ് പ്രകൃതിയുടെ ക്രമം. Erigena യ്ക്ക് ചിന്താക്കുഴപ്പം ഉണ്ടാക്കിയിട്ടുള്ള John Duns Scotus ഇങ്ങനെ പറഞ്ഞിട്ടുണ്ട്: യാതൊരു 'കാരണ'ത്തിന്റെയും ഇടപെടൽ കൂടാതെ, ഒരു ജീവിയിൽ ക്രമമായി സംഭവിക്കുന്നതെല്ലാം, ആ ജീവിയുടെ പ്രകൃതിയിൽനിന്ന് ഉളവാകുന്നു. മനുഷ്യന്റെ സ്വതന്ത്ര ഇച്ഛാശക്തി ഒഴികെയുള്ളതെല്ലാം, കർക്കശമായ നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നു; അതായത് 'ആവശ്യ'മനുസരിച്ച്. ഈ ലോകത്തിൽ സംഭവിക്കുന്നവയ്ക്കെല്ലാം കാരണമാകുന്നത്, പ്രകൃതികളുടെ (സ്വഭാവത്തിന്റെ) ആവശ്യംകൊണ്ടോ, അന്യലോകങ്ങളിലുള്ള പ്രകൃതികളുടെ പ്രേരണകൊണ്ടോ ആകാം. "പ്രകൃതി" എന്നാൽ "ആവശ്യം" എന്ന ധാരണ, മദ്ധ്യശതകങ്ങളിലെ റോമൻ കത്തോലിക്കാ വേദശാസ്ത്രത്തിൽ ആഴത്തിൽ വേരോടിയിട്ടുള്ളതാണ്. അതേസമയം, 'കൃപ' അഥവാ 'പ്രകൃത്യാതീതം' എന്നാൽ പ്രകൃതിയുടെ മണ്ഡലത്തിൽ ദൈവിക സ്വഭാവത്തിന്റെ ഇടപെടലുമാണ്.

ഇപ്പറഞ്ഞ സ്വാഭാവികമായ (പ്രകൃതി) ആവശ്യം എന്നതിനോട് തോമസ് അക്വിനാസ്, അരിസ്റ്റോട്ടിലിൽ നിന്നും കടമെടുത്ത മറ്റൊരു ആശയം കൂട്ടിച്ചേർത്തു - 'ആകസ്മികത' അഥവാ 'യാദൃച്ഛികത'; അങ്ങനെ അതിന്റെ കാഠിന്യം കുറച്ചു.[10] ഈ ആകസ്മികതയ്ക്ക് ഉദ്ദേശിക്കാത്ത മറ്റൊരു പ്രാബല്യവുമുണ്ട്: ഇതിന്റെ കാര്യകാരണ ബന്ധം പ്രവർത്തിക്കുന്നത്, തെരഞ്ഞെടുത്ത ഒരു ലക്ഷ്യത്തിനനുരൂപമായല്ല, ഉല്പാദനസിദ്ധിക്കനുസരിച്ചാണ്. ഒരു മനുഷ്യന്റെ തലയിൽ ഒരു തേങ്ങ വീണ് അയാളെ നടുക്കിക്കളയുന്നതുപോ

ലെയാണ്. അതു തേങ്ങയുടേയോ, മനുഷ്യന്റെയോ ഉദ്ദേശ്യമായിരുന്നില്ല! അതു യാദൃച്ഛികം മാത്രം. ആകസ്മികമോ, ഫലദായകമോ ആയ ഈ യാദൃച്ഛികത്വം പ്രാകൃതിക (സ്വാഭാവിക) ആവശ്യങ്ങളുടെ ദൃഢാവരണത്തിൽ ദ്വാരങ്ങളുണ്ടാക്കി. എന്നാൽ ഈ ഘടകം (യാദൃച്ഛികം) താമസിയാതെ ഒഴിവാക്കപ്പെട്ടു. അങ്ങനെ എല്ലാം പ്രകൃതിയുടെയോ, മനുഷ്യന്റെയോ, ദൈവത്തിന്റെയോ പ്രവർത്തനമാണെന്ന ധാരണ, മദ്ധ്യശതകങ്ങളുടെ അന്ത്യപാദങ്ങളിലെ ക്രിസ്തീയ ചിന്തയിൽ പ്രബലപ്പെട്ടു. 'യാദൃച്ഛികം' എന്നു കാണപ്പെട്ടത്, സർവ്വദർശിയായ ജ്ഞാനത്തിന്റെ വെളിച്ചത്തിൽ, ദൈവത്തിന്റെ ആലോചനയും, പ്രവർത്തനവുമായിരുന്നു.

തോമസ് അക്വിനാസിലും Duns Scotus ലും ഈ തത്വചിന്ത വ്യക്തവും സംശയരഹിതവുമാണ്. അതനുസരിച്ച് 'പ്രകൃതികൾ' എന്നതും സൃഷ്ടിയിൽ രണ്ടാം സ്ഥാനത്തുള്ളതുമായ എല്ലാറ്റിനെയും തന്റെ ഇച്ഛാശക്തി മൂലം നിലവിൽ വരുത്തിയത് ദൈവമാണ്. കാനാവിലെ 'അദ്ഭുത'ത്തിൽ സംഭവിച്ചതുപോലെ, തന്റെ ഇച്ഛാശക്തി മൂലം പ്രകൃതിയുടെ സ്വഭാവത്തെ വ്യത്യാസപ്പെടുത്താൻ കഴിയുന്നു. ഈശ്വരൻ പ്രകൃതിയാൽ ബന്ധിതനല്ല; എന്നാൽ പ്രകൃതി, അതിന് ദൈവനിയതമായ നിയമങ്ങളാൽ ബന്ധിതമാണു താനും. അങ്ങനെ രണ്ടു ഗണങ്ങളിൽപെട്ട നിയമങ്ങളാണുള്ളത് – പ്രകൃതി നിയമവും, ദൈവിക നിയമവും. ഇതിൽ ഒന്ന് മറ്റേതിന് കീഴ്പ്പെട്ടിരിക്കുന്നു (ഇതോടൊപ്പം, ഇതിൽ ഏതെങ്കിലുമൊന്നിനോട് ബന്ധപ്പെട്ടിരിക്കുന്ന മനുഷ്യനിർമ്മിതമായ നിയമങ്ങളുമുണ്ട്.)

മനുഷ്യപ്രകൃതിയെ സംബന്ധിച്ചിടത്തോളം, എല്ലാം പ്രകൃതി (സ്വഭാവ) പരമായ ആവശ്യം മൂലമുള്ളതല്ലെന്ന്, മദ്ധ്യശതകത്തിലെ വേദപണ്ഡിതർ സമ്മതിച്ചിരുന്നു. പ്രവർത്തനങ്ങളെ, ഇച്ഛാശക്തി ഉപയോഗിച്ച് തെരഞ്ഞെടുക്കാൻ മനുഷ്യപ്രകൃതി (സ്വഭാവം) ക്കു കഴിയും. 'ആവശ്യ'ത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തിക്കുന്നത് യഥാർത്ഥ സ്വാതന്ത്ര്യമല്ല; അതിന് വ്യക്തിത്വവുമില്ല, ആദരവർഹിക്കുന്നുമില്ല. എന്നാൽ സ്വതന്ത്രമായ ഇച്ഛാശക്തിയുള്ള മനുഷ്യരെ ദൈവം പോലും ആദരിക്കുന്നു, കാരണം അവിടുന്ന് അവതീർണ്ണനായത് നമ്മെ രക്ഷിക്കുന്നതിനാണ്. അങ്ങനെ മനുഷ്യപ്രകൃതി (സ്വഭാവം) മറ്റു പ്രകൃതിയേക്കാൾ ഉന്നതമാണ്.

രണ്ടാം ശ്രേണിയിലുള്ള യാഥാർത്ഥ്യത്തിന്റെ നിഷ്പക്ഷതയും, അന്യവൽക്കരണവും എന്നതിനെക്കുറിച്ചുള്ള മദ്ധ്യശതക ക്രിസ്തീയ ചിന്ത അങ്ങനെ സുവ്യക്തമാണ്. 'പ്രകൃതി' എന്ന സങ്കല്പം 'പ്രകൃതികളുടെ' സമഷ്ടിയാണെന്ന ചിന്ത സാധാരണമല്ലെങ്കിലും, അതിന്റെ പ്രാരംഭം ഇവിടെയുണ്ട്. പ്രകൃതിക്ക് ദൈവദത്തമായ ഒരു ഘടനയുണ്ട്, അത് മനുഷ്യനുമായി ബന്ധപ്പെട്ടതല്ല. മറ്റെല്ലാറ്റിനും എന്നപോലെ മനുഷ്യനും ഒരു 'പ്രകൃതി' (സ്വഭാവം) ഉണ്ട്; പക്ഷേ, മനുഷ്യപരിത്രാണത്തിന് പ്രകൃത്യാതീത മണ്ഡലത്തിൽനിന്നുള്ള കൃപ അനിവാര്യമാണ്. ആ കൃപയുടെ പ്രഥമ ധർമ്മം പാപത്തെ ഉച്ചാടനം ചെയ്യുക എന്നതാണ്. അത് മനുഷ്യേതര പ്രകൃതിയുമായി ബന്ധപ്പെട്ടതല്ല, കാരണം, അത് പാപം ചെയ്തിട്ടില്ല; അതുകൊണ്ടുതന്നെ കൃപയും പരിത്രാണവും അതിന് ആവശ്യവുമില്ല.

b) Giordano Bruno യുടെ 'ചലനാത്മക പ്രപഞ്ചം' എന്ന ദർശനം

നവോത്ഥാന കാലത്തെത്തുമ്പോൾ Giordano Bruno എന്ന നിർദ്ദയനായ ഇറ്റാലിയൻ തത്വചിന്തകനെ കാണാം. ഇന്നത്തെ, process തത്വചിന്തയ്ക്ക് സമാനമായ 'ചലനാത്മകമായ പ്രപഞ്ചം' എന്ന ആശയം അദ്ദേഹം അവതരിപ്പിച്ചു. 1584–ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ, *Del'Infinito, Universo e Mondi* എന്ന രചനയിൽ, 'അനന്തമായ പ്രപഞ്ചം', 'അനേകം ലോകങ്ങൾ' എന്നീ ആശയങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. കൂടാതെ, ലോകത്തിൽ ജീവന്റെ തുടിപ്പും, അതിന്റെ പൂർണ്ണതയിലേക്കുള്ള വളർച്ചയുമുണ്ട് എന്ന് ശഠിക്കുകയും ചെയ്തു. നമ്മുടെ കാലത്തും ബ്രൂണോയെപ്പറ്റി വർദ്ധമാനമായ ഒരു താല്പര്യം ഉണ്ടായിരിക്കുന്നതിൽ അദ്ഭുതപ്പെടാനില്ല.

ബ്രൂണോ, അദ്ദേഹത്തിന്റെ ക്രിസ്തീയ വിശ്വാസവും, മദ്ധ്യശതകത്തിലെ പ്രപഞ്ച ദർശനവും ഉപേക്ഷിച്ചു. സന്യസ്ഥന്റെ വേഷം ഉപേക്ഷിച്ച Naples ലെ ഡൊമിനിക്കൻ ആശ്രമത്തിൽനിന്ന് ഓടിപ്പോയി. തുടർന്ന് അദ്ദേഹം, യൂറോപ്പിലെ പ്രധാന സർവ്വകലാശാലകളിൽ പ്രഭാഷണം നടത്തി. രാജാക്കന്മാരും രാജ്ഞികളും അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അദ്ദേഹം ഒരു സ്ഥലത്തും ദീർഘനാൾ താമസിച്ചില്ല – സോർബോൺ, ഓക്സ്ഫഡ്, വിറ്റൻബർഗ്, വിയന്ന – എവിടെയായാലും അദ്ദേഹത്തിന്റെ ചിന്തകളുടെ സ്രോതസ്സുകൾ, യോഗാത്മകചിന്ത, ജ്ഞാനവാദം എന്നിവയിൽ കാണാം. 'Corpus Hermeticum', യഹൂദ 'Kabbala', Henry Cornelius Agrippa യുടെ 'De Occulta Philosophia', Lucritius ന്റെ 'De Rerum Natura', Sacrobosco യുടെ 'Tractatus de Sphaera' മുതലായവയാണവ.

ബ്രൂണോയുടെ ലിഖിതങ്ങളിൽ "ദൈവം വസ്തുക്കളിൽ" എന്ന പദപ്രയോഗം പലവുരു ആവർത്തിക്കുന്നുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഭൂമിയും ജീവിക്കുന്ന ഒന്നാണ്; അങ്ങനെതന്നെ ഭൂമിയിലെ ജീവനെ നിയന്ത്രിക്കുന്ന ദൈവികമായ ഒന്നായി സൂര്യനെ കരുതി; നക്ഷത്രങ്ങളും ഗ്രഹങ്ങളും അങ്ങനെ തന്നെ. പ്രകൃതി ഉല്പാദിപ്പിക്കുന്നതാണ്; അത് മൗലികമായ ശക്തിയുള്ളതും, ദൈവത്തിന്റെ പ്രതിമയും, ദൈവത്തിൽ നിന്ന് ഉളവാകുന്നതും, 'ആത്മാവുള്ള' ഒരു യാഥാർത്ഥ്യവുമാണ്. അതിലൂടെ ദൈവത്തെ അറിയുന്നു. പിത്തഗോറസ്, പ്ലേറ്റോ, സ്റ്റോയിക്കുകൾ, ജ്ഞാനവാദികൾ തുടങ്ങിയ പലരുടെയും ചിന്തകളുടെ പ്രതിഫലനവും ഇതിൽ കാണാം.

പാശ്ചാത്യ സംസ്കാരത്തിനുവേണ്ടി ബ്രൂണോ, സ്റ്റോയിക്കുകളുടെ 'ക്രമബദ്ധമായ ലോകത്തെ' പുനർജീവിപ്പിച്ചു. എന്നാൽ, അവരെപ്പോലെ ദൈവത്തെ അതിന്റെ ഉള്ളിലാക്കിയില്ല. പുറജാതി പാശ്ചാത്യ മനസ്സ് എന്തിനുവേണ്ടി ദാഹിച്ചിരുന്നുവോ, ആ ഇന്ദ്രജാലം, ജ്യോതിഷം എന്നിവയും പുനർജീവിപ്പിച്ചു. അദ്ദേഹം യൂറോപ്പിലെ നവോത്ഥാനത്തിലെ ഒരു ചെറിയ അംശം മാത്രമായിരിക്കാം; എന്നാൽ, പ്രതിസംസ്കാരവാദികളുടെ ചിന്തയെ ആകർഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതുവഴി അന്യവൽക്കരിക്കുകയും, വസ്തുവൽക്കരിക്കുകയും ചെയ്യുന്ന ശാസ്ത്രത്തിന് പകരമുള്ള ഒന്നായി രംഗപ്രവേശം ചെയ്യുകയും ചെയ്തു. ശാസ്ത്രമാകട്ടെ, നമ്മുടെ താല്പര്യങ്ങൾക്കും രുചികൾക്കും അനുസൃതമായി തയ്യാറാക്കേണ്ട ഭക്ഷ്യവസ്തുവായി ലോകത്തെ കാണുകയും ചെയ്യുന്നു?

മറ്റൊരു രീതിയിൽ പറഞ്ഞാൽ ബ്രൂണോയുടെ ലോകം, ന്യൂട്ടൺ, ബേക്കൺ എന്നിവരുടെ ലോകത്തിന്റെ മുന്നോടിയായി കണക്കാക്കാം. പ്രപഞ്ചം ജീവചൈതന്യ നിർഭരമാണെന്നതു തുടച്ചുകളഞ്ഞിട്ട്, മറ്റൊരു യാന്ത്രിക മാതൃക കൊണ്ടുവരികയും; പ്രപഞ്ചത്തിന്റെ ആത്മാവിനെ നീക്കിയിട്ട്, നിശ്ശ്ലേഷ്ടതയുടെയും ഗുരുത്വാകർഷണത്തിന്റെയും നിയമങ്ങൾക്കു പകരം ബ്രൂണോയുടെ ചഞ്ചലമായ നക്ഷത്രശക്തികളുടെ നിയമം നടപ്പാക്കുകയും ചെയ്താൽ, ഇന്നലെവരെ നിലനിന്നിരുന്നതും, Mach, Minkowski, Einstein എന്നിവർ ചോദ്യം ചെയ്തതുമായ, പ്രപഞ്ചത്തെ സംബന്ധിച്ച ശാസ്ത്രം ലഭിക്കുന്നതാണ്. തീർച്ചയായും, സിദ്ധാന്തപരമായ ഭൗതികശാസ്ത്രത്തിന്റെയും ഗണിതശാസ്ത്രത്തിന്റെയും, അതോടൊപ്പം നിരീക്ഷണ–അനുഭവസിദ്ധമായ അറിവിന്റെയും സഹായം കൂടാതെ, ബ്രൂണോയുടെ പ്രപഞ്ചത്തെപ്പറ്റിയുള്ള ഭാവനാപരമായ ദർശനത്തിൽനിന്ന് 'ആത്മാവി'നെ വേർപെടുത്തിയതുകൊണ്ടു മാത്രം ശാസ്ത്രം പിറക്കുകയില്ലായിരുന്നു. എന്നാൽ, പരീക്ഷണകർത്താക്കളും, സിദ്ധാന്തപരമായ അന്വേഷകരും സ്ഥലം, കാലം, വസ്തു, ഊർജ്ജം, അളവ് എന്നിങ്ങനെ സാധാരണ ജീവിതത്തിൽ നിന്നുള്ള സങ്കല്പങ്ങളും ഭാവനകളും ഉപയോഗിക്കുന്നുണ്ട്. അവർ ഇവയെ സമർത്ഥമായി ബന്ധപ്പെടുത്തിക്കൊണ്ട് പ്രതിഭാസങ്ങളെയും ജീവികളുടെ പെരുമാറ്റങ്ങളെ വിശദമാക്കുന്നുണ്ടെങ്കിലും, ആശയങ്ങൾ ശൂന്യതയിൽ നിന്നും പൊന്തിവരുന്നവയല്ലല്ലോ; അവ നിലവിലുള്ള തത്വശാസ്ത്ര സമ്പ്രദായങ്ങളോട് ചേർക്കപ്പെട്ടവയാണ്.

c) ആധുനിക ശാസ്ത്രം – യാഥാർത്ഥ്യത്തിലുള്ള ഏക പാത

ഇന്ന് ശാസ്ത്രത്തിന് ഒരു വിപ്ലവം സൃഷ്ടിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്: സിദ്ധാന്ത ശാസ്ത്രജ്ഞർ ഇതിന് ഉറപ്പുതരുന്നുണ്ട്. അണു ഭൗതികശാസ്ത്രം, അണു ജീവശാസ്ത്രം എന്നിവ സാമാന്യ അനുമാനങ്ങളെ ഇളക്കിയിട്ടുണ്ട്. ഉദാഹരണമായി, കാര്യ–കാരണ സംബന്ധം സജാതീയമെന്നോ ഒരേ തരത്തിലുള്ളതെന്നോ ഇനി പറയാനാവില്ല. അരനൂറ്റാണ്ട് മുമ്പ്, നല്ല ഗ്രഹണക്ഷമതയുള്ളവനും, തികച്ചും സത്യസന്ധനുമായ ഒരു ശാസ്ത്രജ്ഞൻ ഇതു തിരിച്ചറിഞ്ഞിരുന്നു; ആപേക്ഷിക സിദ്ധാന്തവും, ക്വാണ്ടം ഭൗതികശാസ്ത്രവും പൊതുവെ അംഗീകരിക്കപ്പെട്ട സമയത്തായിരുന്നു അത്.

ക്വാണ്ടം സിദ്ധാന്തപ്രകാരം 'സ്ഥലവും കാലവും' 'ഏകദേശ'മായ ധാരണകളാണ്. ഏറ്റവും ചെറുതായ അണുവിനെപ്പറ്റി ചിന്തിക്കുമ്പോൾ, ഈ ധാരണ കൈവിടേണ്ടി വരും. അപ്രകാരംതന്നെ, തന്മാത്രകളെപ്പറ്റിയുള്ള

പഠനം പുരോഗമിക്കുമ്പോൾ, തന്മാത്രകളുടെ കോളിളക്കം കൊണ്ടാണ് താപമുണ്ടാകുന്നതെന്ന ആശയവും അർത്ഥശൂന്യമായി മാറുന്നു.

ഭാവിയിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് വെറുതെ ഊഹിക്കാനേ ഇപ്പോൾ സാദ്ധ്യമാകൂ. ബൃഹത്തായ ഒരു വിപ്ലവമാണ് നമ്മെ കാത്തിരിക്കുന്നത്. യുക്തിവാദികൾ, വിവേകം, ബുദ്ധി എന്നിങ്ങനെ തെറ്റായി വിചാരിച്ചിരുന്നു, സാമാന്യമായ വാസനകൾ, പുതിയ ആശയങ്ങളുമായി സംഘർഷത്തിൽ വരും.[12]

പ്രൊഫസർ ആബ്രോയുടെ ഈ പ്രവചനങ്ങൾ, ശരിയാണെന്ന് വ്യക്തമായി വരികയാണ്, വിശേഷിച്ചും, അണു-തലത്തിലുള്ള ക്വാണ്ടത്തിന്റെ അളവുകളുടെ പശ്ചാത്തലത്തിൽ. സമീപകാലത്ത് പുറത്തിറങ്ങിയ 'Paradigms and Paradoxes', 'The Philosophical challenge of the Quantum Domain'[13] എന്നീ പുസ്തകങ്ങൾ ഇപ്പറഞ്ഞ പ്രശ്നത്തെ സാധാരണക്കാർക്ക് ഭാഗികമായെങ്കിലും മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. പ്രാഥമിക കണങ്ങൾ (elementary particles) എന്ന ആശയം വസ്തു-ഊർജ്ജം എന്നിവയുടെ ഏറ്റവും ചെറിയ യൂണിറ്റുകളുടെ പ്രവർത്തനവുമായി യോജിക്കുന്നില്ല. പരീക്ഷണം നടത്തുന്നയാളിന്റെ പ്രവർത്തനം, ഗാത്രദൃഷ്ടിയിലുള്ള യാഥാർത്ഥ്യത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ്, ചുരുങ്ങിയപക്ഷം പരമാണു മേഖലയിലെങ്കിലും. ലണ്ടൻ സർവ്വകലാശാലയിലെ Heinz Post, മേൽപ്പറഞ്ഞ പുസ്തകത്തെപ്പറ്റിയുള്ള നിരൂപണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ,[14] പ്രവചന വിജയം അടിസ്ഥാനപരമായ അസ്തിത്വത്തെക്കുറിച്ചുള്ള ധാരണകൾക്ക് അടിസ്ഥാനമാവുകയില്ല. "ക്വാണ്ടം അപകീർത്തി" എന്ന് പരിഹസിക്കപ്പെടുന്നത് - Einstein - Podolski - Rosen വിരോധാഭാസം എന്നു വിളിക്കപ്പെടുന്ന - അങ്ങനെ പെട്ടെന്ന് തള്ളിക്കളയാവുന്നതല്ല. നിലവിലുള്ള അളവുസിദ്ധാന്തപ്രകാരം Heinz Post അതിനെ തള്ളിക്കളയുന്നുണ്ട്. ക്വാണ്ടം സിദ്ധാന്തത്തിൽ തെറ്റില്ല എന്ന് പ്രൊഫസർ Arthur Fine തറപ്പിച്ചു പറയുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം നിസ്സാരമെന്ന് നാം കരുതിയിരുന്ന സാദ്ധ്യതാഗണിതശാസ്ത്രത്തിലെ ചില സമവാക്യങ്ങൾ, ദ്വിപാത (two-slit) പരീക്ഷണങ്ങളുടെ നിയന്ത്രിത മേഖലയിൽ പ്രവർത്തിക്കുന്നില്ല (ഘടകങ്ങൾ ഒത്തുചേരാനുള്ള സാദ്ധ്യതയെക്കുറിക്കുന്ന സമവാക്യങ്ങളെക്കുറിച്ചാണിവിടെ പരാമർശനം). ആകയാൽ ഈ സമവാക്യങ്ങൾ, സാർവ്വലൗകികമായി സാമാന്യവൽക്കരിക്കാനാവില്ല. എന്നാൽ, നിരീക്ഷകൻ സന്നിഹിതനായിരിക്കുമ്പോൾ സാമാന്യതാ സാദ്ധ്യത സമവാക്യം (Normal probability equation) സ്ഥിരമായിരിക്കുകയും, നിരീക്ഷണവും അളവും ഇല്ലാതിരുന്നാൽ മാത്രം ഐകരൂപ്യമില്ലാതെ വരികയും ചെയ്യുന്നത് എന്തുകൊണ്ട് എന്നതിന് തൃപ്തികരമായ ഒരു അനുമാനം (തിയറി) ഉണ്ടാക്കാൻ Arthur Fine ന് കഴിഞ്ഞിട്ടില്ല.

പരമാണുതലത്തിൽ യാഥാർത്ഥ്യത്തെ വിശദീകരിക്കുമ്പോൾ, കാര്യമായ ഒരു അനിശ്ചിതത്വം നിലനില്ക്കുന്നു എന്നത്, ഇന്ന് ഒരു ശാസ്ത്രജ്ഞനും നിഷേധിക്കാനാവില്ല. സാദ്ധ്യത (probability) സംബന്ധിച്ച നമ്മുടെ നിയമങ്ങൾ, ഏതാനും പരിമിത മേഖലകളിലും, തലങ്ങളിലും മാത്രമേ പ്രവർത്തനക്ഷമമാകുന്നുള്ളു. ഈ അനിശ്ചിതം കണ്ടെത്തിയ ഇന്നത്തെ ശാസ്ത്രം 'അറിയാനുള്ളതിനെയെല്ലാം അറിയാൻ കഴിയും' എന്ന അമിതമായ ആത്മവിശ്വാസം ഉപേക്ഷിച്ച് തുടങ്ങിയിട്ടുണ്ട്. ശാസ്ത്രം അറിവിന്റെ കുത്തക അവകാശപ്പെട്ടിരുന്നത് ഇന്ന് ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും ശാസ്ത്രീയ ഗവേഷണങ്ങൾ തുടരേണ്ടതായിട്ടുണ്ട്; വിദ്യാഭ്യാസം, സംസ്കാരം എന്നിവയോടൊപ്പം അതിനും നികുതിദായകരുടെ പണം ഉപയോഗിക്കേണ്ടതാണ്. എന്നാൽ അല്പം കൂടെ വിവേകവും വിനയവും പ്രകടിപ്പിക്കാൻ ശാസ്ത്രത്തിന് ചുമതലയുമുണ്ട്. ശാസ്ത്രത്തിന്റേത് യാഥാർത്ഥ്യത്തിലേക്ക് ഒരു വഴി മാത്രമാണെന്നും, യാഥാർത്ഥ്യത്തിന്റെ പല നിർണ്ണായക വശങ്ങളും വെളിപ്പെടുത്താനും അതിനു കഴിയും, എന്നാൽ യാഥാർത്ഥ്യത്തിന്റെ പൂർണ്ണമായ എല്ലാ ഘടകങ്ങളും വെളിപ്പെടുത്താൻ അതിനു കഴിവില്ലെന്നും ശാസ്ത്രം സമ്മതിക്കേണ്ടിയിരിക്കുന്നു.

2. പ്രതിസംസ്കാരമെന്ന മറ്റൊരു സാദ്ധ്യത

സാങ്കേതിക സംസ്കൃതിയുടെ പൊള്ളത്തരത്തിനെതിരെയുള്ള പ്രതികരണം, പാശ്ചാത്യ സമൂഹത്തിൽ അദ്ഭുതകരമായ ഫലമുളവാക്കിയിട്ടുണ്ട്. ഉദാഹരണത്തിന്, സാങ്കേതിക സംസ്കാരത്തിന്റെ എല്ലാ ദോഷങ്ങൾക്കുമുള്ള 'സർവ്വരോഗ സംഹാരി'യായി പൗരസ്ത്യ യോഗാത്മകതയെ തേടുന്നു. ഏഷ്യയിൽ, പ്രത്യേകിച്ച് ഭാരതത്തിൽ, ഈ 'പുതിയ' കമ്പോളത്തെ ചൂഷണം ചെയ്യുന്നതിന് Transcendental Meditation (അതീന്ദ്രിയ ധ്യാനം) അഥവാ ലളിത സന്യാസം മുതലായ വ്യാപാരവസ്തുക്കൾ എത്തുന്നുണ്ട്. ഏതാനും ഡോളർ മുടക്കിയാൽ, ഇരുപത് പാഠങ്ങളിലൂടെ നൊടിയിടയിൽ പ്രാപ്യമാകുന്ന ശാന്തി, അതും പാർശ്വഫലങ്ങളില്ലാതെ!

ഇതു പരിഹസിക്കാൻ പറയുന്നതല്ല. നഗര-സാങ്കേതിക സംസ്കാരം കൊണ്ടുവന്ന അസഹനീയമായ അസ്വസ്ഥതയ്ക്ക് പരിഹാരമായി, ഒരാളും അവരെ ധ്യാനം വഴി ആന്തരിക ശാന്തിയും, മാനസിക അച്ചടക്കവും ലഭിക്കുന്നതിന്, പതഞ്ജലിയോ സൂത്രത്തിലെ ഉൾക്കാഴ്ചകൾ സാധാരണ മനുഷ്യരെ സഹായിക്കുന്നതാണ്. ഈ അച്ചടക്ക സമ്പാദനം, ക്രിസ്തീയ പാരമ്പര്യത്തിലെ പ്രഭാത-സായാഹ്ന ആരാധന-ധ്യാനങ്ങളിൽനിന്നും, അതിന്റെ സാരാംശത്തിൽ വ്യത്യസ്തമല്ല. ഹിന്ദു ധ്യാനരീതി, ആധുനിക പാശ്ചാത്യ മതേതര മനസ്സിന് കൂടുതൽ ആകർഷകമായിത്തോന്നാം; കാരണം അത് 'വൈദേശിക'വും ഏതെങ്കിലും മുൻ ഉപാധികളോ, വിശ്വാസ സംഹിതകളോ കൂടാത്തതുമാണ്.

എന്നാൽ ഇതുകൊണ്ട് എല്ലാമായോ? നഗരസാങ്കേതിക സംസ്കാരം നമ്മെ അസ്വസ്ഥരാക്കുന്നതെന്ത്? ഈ അസ്വസ്ഥതയ്ക്കു കാരണം മനുഷ്യസ്വഭാവമോ, അതോ യാഥാർത്ഥ്യത്തിന്റെ സ്വഭാവമോ? 'അസ്തിത്വം' എന്നതിന്റെ അർത്ഥമെന്ത്? നാം ജീവിക്കുന്നത് എന്തിനുവേണ്ടി? ഈ ചോദ്യങ്ങൾ ഒന്നും തന്നെ 'അതീന്ദ്രീയ ധ്യാനം' പരിഗണിക്കുന്നതേയില്ല. അവയെ പരിഗണിക്കാൻ ഉദ്ദേശ്യമില്ലെന്ന് അതു പറയുന്നു. മഹർഷി മഹേഷ് യോഗിയെപ്പോലെയുള്ള ഒരു ഗുരു, വളരെ പ്രാചീനമായ സാമ്പത്തിക-രാഷ്ട്രീയ ആശയങ്ങളെ സ്വാഗതം ചെയ്യുന്നുണ്ട്; എങ്കിലും വ്യക്തിപരമായ ധ്യാനരീതി കുറച്ചാളുകൾ കാര്യമായി കരുതുകയും ചെയ്യുന്നു.

ശാന്തിതേടുന്ന, കുറെക്കൂടെ പരിഷ്കൃതരായവരിൽ പ്രചരിച്ചിട്ടുള്ളതാണ് സെൻ ബുദ്ധമതം. യാഥാർത്ഥ്യത്തെപ്പറ്റി കുറെക്കൂടെ സമഗ്രവും വിശാലവുമായ ഒരു സമീപനരീതി അതിൽ കാണുന്നുണ്ട്. അത് ആശയപരമായ എല്ലാ നിർദ്ദേശങ്ങളെയും നിർവ്വചനങ്ങളെയും, വ്യക്തിപരമായ ചിന്തകളെയും നിരാകരിക്കുന്നു. അങ്ങനെ അത് ആധുനിക ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും മാർഗ്ഗങ്ങൾക്കും രീതികൾക്കും ഘടകവിരുദ്ധമാണെന്ന് കാണാം. എന്നാൽ ഇവിടെയും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ പക്ഷപാതങ്ങളോടും പുച്ഛം മാത്രം. അവയുടെ യാഥാർത്ഥ്യത്തെ നിരാകരിച്ചുകൊണ്ട് അവയെ മറികടക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സെൻ അനുഭവമുള്ളവർക്ക് അത് അർത്ഥമുള്ളവയായി തോന്നാം (Satori എന്നാൽ അനുഭവം എന്നു വിളിക്കാമെങ്കിൽ). സെൻ വാദഗതികൾ യുക്തിചിന്തയെ അതിർ ലംഘിക്കുന്നവയാണെന്നും, ആ 'അനുഭവം' ഇല്ലാത്തവർക്ക് അത് ഗ്രഹിക്കാനാവില്ലെന്നും അവർ പറയുന്നു. നമ്മുടെ സംസ്കാരത്തിന്റെ ഒരു അടിസ്ഥാനമായി സെന്നിനെ സ്വീകരിക്കാത്തതിന്റെ കാരണം, അത് സംസ്കാരത്തെതന്നെ അർത്ഥശൂന്യമാക്കുന്നു എന്നതാണ്.

പ്രതിസംസ്കാര പ്രതിഭാസത്തിൽ, കുറെക്കൂടെ സാമൂഹ്യ അധിഷ്ഠിതമായ പ്രപഞ്ച ദർശനമാണുള്ളത്. അതിന്റെ അനിഷേധ്യ പ്രവാചകനാണ് തിയോഡോർ റൊസാക്ക്.[16] അദ്ദേഹം പൗരസ്ത്യ സംസ്കാരത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് സംസാരിക്കുന്നതിനാൽ, നമ്മുടെ ഗൗരവതരമായ ശ്രദ്ധ ആകർഷിക്കുന്നുണ്ട്. ശാസ്ത്ര-സാങ്കേതിക വിദ്യയെ അദ്ദേഹം വിമർശിക്കുന്നത്, കേവലം ഒരു വൈകാരിക പ്രതികരണമല്ല. അദ്ദേഹത്തിന്റെ രണ്ടു പുസ്തകങ്ങൾ, 'The making of a Counter Culture'[17], Where the Wasteland Ends'[18] എന്നിവ, ഈ എഴുത്തുകാരനെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിരൂപണകൃതിയായ 'Science in Extremis: Prospect of an Autopsy' എന്നതിന്, വ്യത്യസ്തമായി ചിന്തിക്കുന്ന, ശാസ്ത്രത്തിന്റെ തത്വചിന്തകരുടെ പ്രതികരണം ആവശ്യമാണ്.

പല കാരണങ്ങളാലാണ് Roszak ശാസ്ത്രത്തെ കുറ്റപ്പെടുത്തുന്നത്.

- ഗവേഷണത്തെ, കൂട്ടായി ചെയ്യുന്ന ഒരു പതിവു പരിപാടിയാക്കി, മാനുഷിക മാനത്തെ ഇല്ലാതെയാക്കി.

- വിദഗ്ദ്ധനായ ഒരു 'drone'നെ സൃഷ്ടിച്ചു; അത് ഭാവനാശൂന്യവും, സാങ്കേതികമായി കൈകാര്യം ചെയ്യാവുന്നതും, അളക്കാവുന്നതുമായതിൽ മാത്രം താല്പര്യം കാട്ടുന്നതുവഴി സാങ്കേതികവിദ്യയിലൂന്നിയ സമൂഹത്തിന്റെ അനുസരണമുള്ള ദാസനായിത്തീർന്നിരിക്കുന്നു.

– യാഥാർത്ഥ്യത്തിന്റെ നേർക്കുള്ള മനോഭാവം ശാസ്ത്രീയം മാത്രമായിരിക്കണമെന്നത് അടിച്ചേല്പിച്ചുകൊണ്ട്, മനുഷ്യന്റെ ബുദ്ധിവൈഭവത്തെ അടിമപ്പെടുത്തി വക്രീകരിച്ചു.

– മനുഷ്യബന്ധങ്ങളുടെ സമ്പന്നതയെ പ്രവചിക്കാവുന്ന ഫലങ്ങളുടെ ആകെത്തുക എന്ന രീതിയിൽ തളർത്തിക്കളഞ്ഞു.

– അധികാരവും ശക്തിയും ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിലുള്ള അറിവിനുവേണ്ടി ദാഹിക്കുക വഴി, പരിസ്ഥിതി പ്രശ്നം സൃഷ്ടിച്ചു.

– നിഗൂഢജ്ഞാനത്തിന്റെ ഒരു പ്രമാണിവർഗ്ഗത്തെ സൃഷ്ടിക്കുക വഴി തുറന്ന സമൂഹത്തെ നിർമ്മാർജ്ജനം ചെയ്തു.

– അളവും സാങ്കേതികവിദ്യയും ഉപയോഗിച്ച് മനുഷ്യനെ വളച്ചൊടിച്ച് രാഷ്ട്രീയ സമൂഹത്തെ നശിപ്പിച്ചു.

– യാഥാർത്ഥ്യത്തിന്റെ നിഗൂഢ സ്വഭാവത്തെ കൈയേറ്റം ചെയ്യുകയും, "എല്ലാം ഇത്രയേയുള്ളൂ..." എന്ന് ചുരുക്കുകയും ചെയ്തു. അങ്ങനെ യാഥാർത്ഥ്യത്തെ, ശാസ്ത്രത്തിനു മാത്രം കഴിയുന്ന രീതിയിൽ 'ഏകദർശനം' മാത്രം എന്നാക്കി മാറ്റി.

അദ്ദേഹത്തിന്റെ ഭാഷ ഗാനാത്മകവും, വികാരഭരിതവുമാണ്; പണ്ഡിതോചിതമോ ശാസ്ത്രീയമോ അല്ല. ഒന്നും തെളിയിക്കാൻ അദ്ദേഹം ശ്രമിക്കുന്നില്ല. പ്രവാചകതുല്യമായ ആവേശത്തോടെ അദ്ദേഹം തറപ്പിച്ചു പ്രഖ്യാപിക്കുകയും, ദൃഢീകരിക്കുകയും ചെയ്യുന്നു. "വാസ്തവ"മെന്നോ "പ്രായോഗിക"മെന്നോ ഉള്ള അവകാശവാദങ്ങളൊന്നും അദ്ദേഹം നടത്തുന്നില്ല. നേരെ മറിച്ച്, സ്പർശിച്ചു മനസ്സിലാക്കാവുന്ന വസ്തുക്കളോടും, തെളിയിക്കാവുന്ന സത്യങ്ങളോടുമുള്ള പക്ഷപാതത്തിൽനിന്ന് നമ്മൾ പിൻവാങ്ങണമെന്നാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. ബുദ്ധി, കൂടു തുറന്നുവിട്ട കിളിയെപ്പോലെ, ആവേശത്തോടെ പറന്നുയർന്ന്, അവിടെ പ്രതീകങ്ങളുടെ മേഖലയിൽ വട്ടമിട്ടു പറന്ന്, ഈ പ്രപഞ്ചത്തോടുള്ള ഐക്യത്തെ ബോധപൂർവ്വം ഗ്രഹിക്കുകയും ചെയ്യണം. ഈ ദർശനം Jonathan livingstone എന്ന കടൽക്കാക്കയെ അനുസ്മരിപ്പിക്കുന്നു!

Roszak-നെ സംബന്ധിച്ചിടത്തോളം ശാസ്ത്രം പരമ ദുഷ്ടനാണ്. ശാസ്ത്രം, അതിന്റെ പരിമിതമായ കൈകാര്യം ചെയ്യാവുന്ന വിദ്യകൾക്കുള്ളിൽ യാഥാർത്ഥ്യത്തെ ഒതുക്കുന്നു. എല്ലാറ്റിനെയും നിസ്സാരവൽക്കരിക്കുന്നതും, ഭയത്തിൽ നിന്നുളവാകുന്നതുമായ ബുദ്ധിവിശേഷത്തെ Abraham Maslow "അറിവിന്റെ രോഗാവസ്ഥ" എന്നു വിളിച്ചതിനെ Roszak ഉദ്ധരിക്കുന്നുണ്ട്. ഈ മാനസികാവസ്ഥ, Kathleen Raine-ന്റെ അഭിപ്രായത്തിൽ "മുത്തിനെ മുത്തുച്ചിപ്പിയുടെ രോഗ"മായി കാണാൻ നമ്മെ പ്രേരിപ്പിക്കുന്നതാണ്. റൊസാക്കിന്റെ വാക്കുകൾ ഇങ്ങനെ:

"തീർച്ചയായും, ചെറുതാക്കി ഒതുക്കുന്ന നമ്മുടെ സംസ്കാരത്തിലെ രീതിയുടെ വേരുകൾ, പ്രകൃതിയുടെ പാവനത്വത്തെ ഇല്ലാതാക്കാനുള്ള യഹൂദ-ക്രിസ്ത്യൻ ഉന്മാദത്തിൽ കാണാം. കരുത്തു പ്രകടിപ്പിക്കാനുള്ള നിർബന്ധപൂർവ്വമായ പൗരുഷപ്രേരണ ഇതോടൊപ്പം ദൃശ്യമാണ്. അതുവഴി വികാരങ്ങളെ ബഹിഷ്കരിച്ച്, എല്ലാറ്റിനെയും കൈയൂക്കുകൊണ്ട് നിയന്ത്രിക്കാനുള്ള വ്യഗ്രതയും."[19]

റൊസാക്ക് ചില പ്രധാന ഉദാഹരണങ്ങളുടെ ഗംഭീരമായ ഒരു പട്ടിക നല്കുന്നുണ്ട്. "പ്രമുഖരായ ശാസ്ത്രജ്ഞരുടെ ആദരണീയമായ ഗവേഷണ"ത്തിൽ നിന്നാണ്. ആ പട്ടിക ഇതാ: വ്യക്തിത്വത്തിന്റെ യാന്ത്രിക നിയന്ത്രണം, ഭീഷണി വഴിയുള്ള ചികിത്സ, മനസ്സിന്മേൽ ഭൗതിക നിയന്ത്രണം, കൃത്രിമബുദ്ധിയും, മനസ്സിന്റെ യാന്ത്രിക അനുകരണവും, തലച്ചോറ് പുറത്തെടുത്ത് പറിച്ചു നടുക, Jacques Monad-ന്റെ രീതിയിൽ പുതിയ ജൈവശാസ്ത്രത്തിലെ ശൂന്യതാവാദം, ജനിതകശാസ്ത്രത്തിൽ, സാങ്കേതികവിദ്യയുടെ പ്രയോഗം (ജനിതകമാറ്റം) – ഇതെല്ലാം മനുഷ്യരുടെ യഥാർത്ഥ മനുഷ്യത്വത്തെ നശിപ്പിക്കുകയും മനുഷ്യത്വത്തെ കൃത്രിമമായി വളച്ചൊടിക്കുകയും, സൗകര്യംപോലെ നിയന്ത്രിക്കാവുന്ന വസ്തുവാക്കി മാറ്റി, അചേതന യന്ത്രങ്ങളും നിശ്ശേഷ വസ്തുക്കളുമാക്കി അധഃപതിപ്പിക്കുകയും ചെയ്യും. ഗൊയ്ഥെ, ബ്ലേക്ക്, ജോർജ് ഫോക്സ്, ടോൾസ്റ്റോയി, മഹാത്മാഗാന്ധി, പതഞ്ജലി, പഴയ ജ്ഞാനവാദികൾ എന്നിവരായിരുന്നു റൊസാക്കിന്റെ വീരപുരുഷന്മാർ. Bacon, Descartes, Newton, Saint Simon, ക്രിസ്തുമതം, Rand Corporation എന്നിവർ അദ്ദേഹത്തിന് ശത്രുക്കളുമായിരുന്നു.

നമ്മുടെ മൃതപ്രായമായ തർക്കശാസ്ത്രം പ്രയോഗിച്ച് റൊസാക്കിന്റെ പ്രഭാഷണങ്ങളെ വിമർശിക്കുന്നത് ഒട്ടും ശരിയല്ല; കാരണം, അതേ തർക്കശാസ്ത്രത്തിനെതിരെയാണ് അദ്ദേഹം പോരാടുന്നത്.

ഇവയ്ക്കു പകരം റൊസാക്ക് എന്താണ് നിർദ്ദേശിക്കുന്നത്? മരുഭൂമി അവസാനിച്ച്, പറുദീസാ ആരംഭിക്കുന്നതെവിടെ? അദ്ദേഹം ഒരു കരടുരൂപം നൽകുന്നുണ്ട്: "കാല്പനികമായ ഒരു Commonwealth, സമൂഹങ്ങളുടെ സമൂഹം എന്ന സഖ്യം." അതിന്റെ അടിസ്ഥാന തത്വങ്ങൾ ഇവയാണ് (a) വ്യക്തിക്ക് പ്രഥമ സ്ഥാനം; (b) ഏറ്റവും താഴെ തട്ടിൽ അടിസ്ഥാനസമൂഹവും, അന്താരാഷ്ട്രതലത്തിൽ മറ്റൊരു സമൂഹവും; (c) യാന്ത്രിക പരിസ്ഥിതിയെ ഇല്ലാതാക്കി, പ്രകൃതിയിലേക്ക് മടങ്ങുക (d) ബുദ്ധിയെ ചെറുതാക്കി ഒതുക്കുന്നതിനു പകരം, ജീവിതത്തെയും യാഥാർത്ഥ്യത്തെപ്പറ്റിയുമുള്ള ബൃഹത്തായ ആത്മിക സമസ്യകളിൽനിന്നും ഒഴിഞ്ഞുമാറാത്ത ഒരു നേർദർശനം സ്ഥാപിക്കുക (മനുഷ്യത്വപരമായ ബുദ്ധി ഇന്ന് ഏകദർശനത്തിന്റെ തടവിലാണ്).

'Where the Wasteland Ends' എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ ഒടുവിൽ അദ്ദേഹത്തിന്റെ അടിസ്ഥാനചിന്തയുടെ ദിശ വ്യക്തമാക്കുന്നുണ്ട്.

> 'ഗതകാല ജ്ഞാനത്തോട് ഒന്നും കൂട്ടിച്ചേർക്കാനില്ലെന്നും, അതിനപ്പുറത്തേക്ക് വേറെ വളർച്ചയില്ലെന്നും ബോധ്യമാകുമ്പോൾ, ഉയർന്ന വിവേകം അതിന്റെ ശരിയായ സ്ഥാനം കണ്ടെത്തും.'[20]

'പുരാതനജ്ഞാനം' എന്നതുകൊണ്ട് റൊസാക്ക് അർത്ഥമാക്കുന്നത് ചരിത്രത്തിലെ ജ്ഞാനവാദമല്ല; മറിച്ച് 'ദൈവത്തെ എല്ലാറ്റിലും ദർശിക്കുകയും, കാലത്തിൽ തന്നെ, നിത്യതയുടെ ആവേശകരമായ അനുഭവത്തിൽ തന്നോടു ചേരുകയും ചെയ്യുക എന്നാണ്. പ്രാമാണിക ജ്ഞാനവാദത്തിൽ വസ്തുവിനെ നിഷേധിക്കുന്ന ആത്മികതയെ, റൊസാക്ക് തള്ളിക്കളയാനാണ് സാദ്ധ്യത. അദ്ദേഹം അതേപ്പറ്റി അധികം പ്രതിപാദിക്കുന്നില്ല. ക്രിസ്തീയമല്ലാത്ത ഭാഷയിൽ, ദൈവത്തിലേക്ക് മടങ്ങിവരാനാണ് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നത്. അതായത് Bonaventura, Buddha, Lao Tzu എന്നിവർ കാണിച്ച വഴി. അദ്ദേഹം ഉൽക്കടമായി അഭിലാഷിക്കുന്ന സ്ഥിതിയെ ഉത്തേജിപ്പിക്കുന്നത്, "നഷ്ടപ്രായമായ ആത്മാവ്, അത്യഗാധത്തിലെ വെളിച്ചം തേടി, ഈശ്വരീയ പ്രഭയേയും, അതിന്റെ പ്രതിഫലനത്തെയും വ്യവച്ഛേദിക്കുവാൻ അഭ്യസിക്കുന്നതാണ്."[21] ഈ പ്രഭാപൂരത്തെ വർണ്ണിക്കുമ്പോൾ, തന്റെ വാക്ചാതുര്യത്തെ നിയന്ത്രിക്കുന്നു; കാരണം "പണ്ഡിതോചിതമായ പ്രഭാഷണമല്ല, യഥാർത്ഥ അനുഭവമാണ് ഇത്തരം കാര്യങ്ങളെ പ്രതിപാദിക്കേണ്ടത്" എന്ന് അദ്ദേഹം കരുതിയിരുന്നു.

> "ഇനി അടുത്ത ഒരു രാഷ്ട്രീയം ഉണ്ടാകുകയാണെങ്കിൽ അത് മതപരമായ രാഷ്ട്രീയമായിരിക്കും. സഭകളുടെ രാഷ്ട്രീയമല്ല – ദൈവം രക്ഷിക്കട്ടെ! മതങ്ങളുടെ രാഷ്ട്രീയമല്ല, മറിച്ച് അതിപുരാതനവും സാർവ്വലൗകികവുമായ അർത്ഥത്തിലുള്ള മതം, അത് അതീന്ദ്രിയ ജ്ഞാനത്തിൽനിന്ന് ഉദ്ഭവിക്കുന്നതുമാണ്.'[22]

നമ്മുടെ മൃതപ്രായമായ തർക്കശാസ്ത്രം പ്രയോഗിച്ച് റൊസാക്കിന്റെ പ്രഭാഷണങ്ങളെ വിമർശിക്കുന്നത് ഒട്ടും ശരിയല്ല; കാരണം, അതേ തർക്കശാസ്ത്രത്തിനെതിരെയാണ് അദ്ദേഹം പോരാടുന്നത്. എന്നാൽ അദ്ദേഹം വാസ്തവ സത്യങ്ങളെ ഏകപക്ഷീയമായാണ് തെരഞ്ഞെടുക്കുന്നത്. ഭ്രാന്തമായ ആവേശത്തോടെ ശാസ്ത്രത്തെയും സാങ്കേതികവിദ്യയേയും അദ്ദേഹം വളച്ചൊടിക്കുന്നത്, ഒരു പ്രവാചക ശബ്ദമായി കരുതി മാത്രമെ പൊറുക്കാനാവൂ. അദ്ദേഹം ക്രിസ്തുമതത്തെ വിദ്വേഷിക്കുന്നത് സ്വാനുഭവത്തിൽ നിന്നാകണം; എന്നാൽ അതിന്റെ സമ്പന്നമായ പാരമ്പര്യത്തെപ്പറ്റി അദ്ദേഹത്തിന് അറിവില്ലായിരുന്നു. നാഗരിക-വ്യാവസായിക സംസ്കാരത്തോടുള്ള അദ്ദേഹത്തിന്റെ നിഷേധാത്മകമായ നിലപാട് തികച്ചും അനുചിതം തന്നെ. അദ്ദേഹത്തിന്റെ ബൗദ്ധിക മണ്ഡലത്തിൽ കാര്യകാരണ വിവേചനത്തെ, വികാര തീവ്രത മൂടിക്കളയുന്നു. സൃഷ്ടിപരമായ ചിന്തയിലും അവ്യക്തതയാണ് കാണുന്നത്. അദ്ദേഹം സൂചിപ്പിക്കുന്ന സാദ്ധ്യതകൾ പഴയ കാര്യങ്ങളുടെ ആവർത്തനം തന്നെ. എങ്കിലും, Giordano Bruno-യെപ്പോലെ റൊസാക്കും നമ്മെ ഉത്തേജിപ്പിക്കുന്നു!

(തുടരും)

സഭാചരിത്രം

അതിജീവനത്തിന്റെ നൂറ്റാണ്ടുകൾ - 12

കുറച്ചു ചോദ്യങ്ങൾ: കൂടുതൽ ഉത്തരങ്ങൾ

ഡോ. എം. കുര്യൻ തോമസ്

തങ്ങൾ നൽകിയ കേസിൽ, തങ്ങൾകൂടി കോടതി കമ്മീഷൻ പടി കോടതിയിൽ കെട്ടിവെച്ചശേഷം 2002 മാർച്ച് 20-ന് പരുമല നടന്ന മലങ്കര അസോസിയേഷനിൽ നിന്നും ഏകപക്ഷീയമായി പിൻവാങ്ങിയ മുൻ പാത്രിയർക്കീസ് പക്ഷത്തിനു ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിന്റെ അനുരഞ്ജന പാതയ്ക്കു തികച്ചും വിരുദ്ധമായ ഒരു ലക്ഷ്യം ഉണ്ടായിരുന്നു. ഒന്നാണെന്നും ഒന്നാകണമെന്നും കോടതി നിർദ്ദേശിച്ച മലങ്കരസഭയെ വെട്ടിമുറിച്ച് വിദേശാധിപത്യത്തിന്റെ കീഴിലും മറവിലും എന്നാൽ തങ്ങളുടെ താന്തോന്നിത്തത്തിനു അനുസൃതമായും ഭരിക്കാനുതകുന്ന ഒരു പുതിയ സഭ ഉണ്ടാക്കുക! മലങ്കരസഭയുടെ ഭാഗമായ കുറെ ഇടവകപ്പള്ളികളെ എങ്ങിനെയെങ്കിലും അതിന്റെ കീഴിലാക്കുക. മഫ്രിയാന, മെത്രാൻ, കോറി, കത്തനാർ, ശെമ്മാശ് മുതലായ വൈദീക സ്ഥാനങ്ങൾക്കു പുറമെ കമാൻണ്ടർ, ഷെവലിയാർ മുതലായ ബഹുമതികളും സൗകര്യം പോലെ പോലെ വാരി വിതറുക! അതോടൊപ്പം മലങ്കര സഭയിലെ നിയമാനുസൃതം ഇടകയോഗം ഭരിക്കേണ്ട ചില സമ്പന്ന ഇടവകകളെ നിയന്ത്രണത്തിൽ നിർത്തുക; ഇതൊക്കെയായിരുന്നു ലക്ഷ്യങ്ങൾ.

താൻ സമാധാനത്തിന്റെ അപ്പോസ്തോലനാണന്നു പരസ്യമായി പ്രഖ്യാപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുമ്പോളും പതിനെട്ടാം നൂറ്റണ്ടിൽ മാർ ഗീവർഗീസ് ത്രിതീയൻ അന്ത്യോഖ്യാ പാത്രിയർക്കീസ് മുതൽ ആരംഭിച്ച അധികാര - ധന തൃഷ്ണയിൽനിന്നും വിമുക്തരല്ല എന്നാണ് വർത്തമാനകാല അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ മനോഭാവം വ്യക്തമാക്കുന്നത്. മലങ്കരയിലെ തമ്മിൽത്തല്ല് ഒഴിവാക്കി ഒരു സഭ, ഒരു പാത്രിയർക്കീസ്, ഒരു കാതോലിക്കാ, ഒരു ഭരണഘടന എന്ന സുരഭിലമായ അവസ്ഥയിലേയ്ക്കു തന്നെ പിന്തുടരുന്നു എന്നവകാ ശപ്പെടുന്ന കക്ഷിയെ നയിക്കേണ്ടതിനു പകരം *ഫെഡറൽ യൂണിറ്റി* എന്ന സങ്കല്പമാണ് പാത്രിയർക്കീസ് വിഭാവനം ചെയ്യുന്നതെന്ന് അദ്ദേഹ ത്തോടടുത്ത ചില വൃത്തങ്ങൾ പറയുന്നു. അതായത്, മലങ്കരയിൽ ഓർത്തഡോക്സ്, യാക്കോബായ, ക്നാനായ, സിംഹാസനപ്പള്ളികൾ, പൗരസ്ത്യ സുവിശേഷ സമാജം എന്നിങ്ങനെ കുറെ സ്വയംഭരണ സംവിധാനങ്ങൾ. ഇവയുടെയെല്ലാം പൊതു മേലധികാരി - വ്യത്യസ്ഥ നിലവാരങ്ങളിൽ - അന്ത്യോഖ്യാ പാത്രിയർക്കീസ്! അതാണ് ലക്ഷ്യമത്രെ! ചുരുക്കത്തിൽ, ലത്തീൻ റീത്ത് പിന്തുടരുന്ന റോമൻ കത്തോലിക്കരുടെ പാത്രിയർക്കീസായ റോമാ പാപ്പ, പൗരസ്ത്യ സഭകളിൽനിന്നും അടിച്ചുമാറ്റിയ ചുരുക്കം ചിലരെ ചേർത്തുണ്ടാക്കിയ റീത്തുകളുടെ - യഥാർത്ഥ റോമൻ കത്തോലിക്കരുടെ ഭാഷയിൽ; *വരത്തർ* (Unionates) - മേലധികാരി ആയിരിക്കുന്നതുപോലെ *ഒരു കൊച്ചു റോമാ പാപ്പാ* ആകാനുള്ള ഒരു സൈക്കോളജിക്കൽ മൂവ്! മലങ്കരസഭ ഇത് അംഗീകരിച്ചാൽ നിയമപരമായി നിലനിൽപ്പില്ലാത്ത *യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയ്ക്ക്* അസ്തിത്വമുണ്ടാകും. ഇന്ത്യയിലെ ദേശീയ സ്വതന്ത്ര സഭയായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭമേൽ അധികാരമാവും! ഒരു വെടിക്ക് ഒത്തിരി പക്ഷികൾ.

1974-80 കാലഘട്ടത്തിൽ കായികശക്തി ഉപയോഗിച്ച് വികാരിമാരെയും ഇടവകക്കാരെയും ഇറക്കിവിട്ട് മുൻ പാത്രിയർക്കീസ് വിഭാഗം കൈയ്യേറിയവയും പൂട്ടപ്പെട്ടവയുമായ അനേക ഇടവകപ്പള്ളികളിൽ അക്കാലം മുതലെ കേസുകൾ നിലവിലുണ്ടായിരുന്നു. പല പള്ളികളിലും ഇരുകൂട്ടർക്കും ഊഴമിട്ട് താൽക്കാലിക സംവിധാനങ്ങൾ കോടതിതന്നെ ഏർപ്പെടുത്തിയിരുന്നു. 2002-ലെ അന്തിമ വിധിയോടെ ഈ കേസുകൾ വീണ്ടും സജീവമായി. ഓരോ ഘട്ടത്തിലും ഇപ്പോൾ *യാക്കോബായ സഭ* എന്നവകാശപ്പെടുന്ന മുൻ പാത്രിയർക്കീസ് പക്ഷം തടസങ്ങൾ ഉണ്ടാക്കുകയും അപ്പീലിനു പുറത്ത് അപ്പീലുമായി പോവുകയും ചെയ്തു. 2002-ന് ശേഷം വീണ്ടും പള്ളികൾ പൂട്ടപ്പെടുന്ന അവസ്ഥ സംജാതമായി. പുതിയപുതിയ നിയമപ്രശ്നങ്ങൾ ഉയർത്തി 2017 വരെ ഈ സ്ഥിതി തുടർന്നു. ഇന്നും മറ്റൊരു വിധത്തിൽ വ്യവഹാര പ്രക്രിയ തുടരുന്നു.

മൂന്നാം സമുദായക്കേസ്: 2017 ജൂലൈ 3-ന് സുപ്രീം കോടതി വിധിപ്രഖ്യാപിച്ച കോലഞ്ചേരി, മണ്ണത്തൂർ, വരിക്കോലി പള്ളികളുടെ കേസിനെ *മൂന്നാം സമുദായക്കേസ്* എന്നു വിശേഷിപ്പിക്കാം.

2005-ൽ കോടതി ഉത്തരവുപ്രകാരം കോലഞ്ചേരി പള്ളി പൂട്ടി താക്കോൽ സർക്കാർ ഏറ്റെടുത്തു. ഇതിനെത്തുടർന്ന് മുൻ പാത്രിയർക്കീസ് പക്ഷത്തെ ഏതാനും വ്യക്തികൾ ചേർന്ന് നൽകിയ ഹർജിയാണ് 2017 ജൂലൈ 3-ലെ സുപ്രീം കോടതി വിധിയിൽ കലാശിച്ചത്. 1995-ലെ സുപ്രീംകോടതി വിധി ഒരു ഇടവക എന്ന നിലയിൽ കോലഞ്ചേരി പള്ളിക്ക് ബാധകമല്ലന്നും അതിനാൽ 1934 ഭരണഘടന അവിടെ നടപ്പാക്കാൻ സാധിക്കില്ലന്നുമായിരുന്നു പ്രധാന വാദമുഖങ്ങൾ.

പള്ളിക്കോടതിയിലും കേരളാ ഹൈക്കോടതിയിലും ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വിധിച്ച ഈ കേസിൽ അപ്പീലുമായി അസൽ വാദികൾ സുപ്രീം കോടതിയെ സമീപിച്ചു. സമാന സ്വഭാവമുള്ള വരിക്കോലി, മണ്ണത്തൂർ പള്ളിക്കേസുകളും അതിനോട് ചേർത്ത് കേൾക്കണമെന്നു കോടതിയോട് അപേക്ഷിച്ചതും മുൻ പാത്രിയർക്കീസ് പക്ഷമാണ്.

ഈ കേസിലെ സുപ്രീം കോടതി വിധിയെ ഇപ്രകാരം സംഗ്രഹിക്കാം.

1. കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനം മൂലം പാത്രിയർക്കീസിന്റെ അധികാരങ്ങൾ അസ്തമനാവസ്ഥയിലായി.

2. 1995-ലെ സുപ്രീം കോടതി വിധി ഇടവകപ്പള്ളികൾക്ക് ബാധകമാണ്.

3.1934-ലെ മലങ്കര സഭാ ഭരണഘടനയനുസരിച്ചു മാത്രം ഇടവക പ്പള്ളികൾ ഭരിക്കപ്പെടണം.

4. പള്ളിയും, സെമിത്തേരിയും ആർക്കും പിടിച്ചെടുക്കാവുന്നതല്ല. ഇത് ഇടവകാംഗങ്ങളിൽ നിലനിൽക്കേണ്ടതാണ്.

5. 2002-ലെ യാക്കോബായ ഭരണഘടന അസാധുവാണ്. സമാന്തര ഭരണം പാടില്ല.

6. 1934-ലെ മലങ്കര സഭാ ഭരണഘടന ഒഴികെയുള്ള ഉടമ്പടികളും മറ്റും ഇടവകപ്പള്ളി ഭരണത്തിനു ഉപയോഗിക്കാൻ പാടില്ല.

7. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൂടി വഹിക്കുന്ന പൗരസ്ത്യ കാതോലിക്കാ, മലങ്കര സഭയുടെ ആത്മീകവും ലൗകീകവും കൗദാശികവുമായ പരമാധികാരിയാണ്

സുപ്രീം കോടതിയിലെ അതേ ബഞ്ചുതന്നെ 2018 ഏപ്രിൽ 19-ന് ഈ വിധി പിറവം പള്ളിക്കേസിലും ബാധകമാണെന്നു വിധിച്ചു. എന്നു മാത്രമല്ല, 2017 ജൂലൈ 3 വിധി, മലങ്കരയിൽ *1064 പള്ളികൾ* എന്നു വിശേഷിപ്പിക്കപ്പെടുന്ന എല്ലാ പള്ളികൾക്കും ബാധകമാണന്നും ഈ വിധിയിലുണ്ട്. അതേവർഷം ഓഗസ്റ്റ് 28-ന് മറ്റൊരു മൂന്നംഗ ബഞ്ച് കട്ടച്ചിറ പള്ളിക്കേസിൽ 1995, 2017 വിധികളിൽ ന്യൂനതയില്ലന്നു വിധിച്ചു. 2017-ലെ സുപ്രീം കോടതി വിധിയേത്തുടർന്ന് അനേക പള്ളികളുടേതായി കേരളത്തിലെ വിവിധ കോടതികളിൽ കെട്ടിക്കിടന്ന കേസുകൾ അതിവേഗം തീർപ്പായിത്തുടങ്ങി. മുൻ പാത്രിയർക്കീസ് വിഭാഗം ഇവയ്ക്കെല്ലാം മേൽക്കോടതികളിൽ അപ്പീൽ കോടുത്തുകൊണ്ടിരുന്നു. വിജയം കണ്ടില്ലെങ്കിലും വിധിനടത്തിപ്പ് പരമാവധി താമസിപ്പിക്കുക എന്നതായിരുന്നു അവയുടെ ലക്ഷ്യം.

ഇവയുടെ പരിസമാപ്തി ആയിരുന്നു 2019 ഏപ്രിൽ 8-ന് കണ്യാട്ടുനിരപ്പ് പള്ളിക്കേസിൽ ഇന്ത്യൻ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി. ഈ വിധിയുടെ സംഗ്രഹം ഇപ്രകാരമാണ്.

1. 2017 ജൂലൈ 3-ലെ സുപ്രീംകോടതി വിധി ഈ വിഷയത്തിലെ അന്തിമ വിധിയാണ്.

2. അതിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ ഇന്ത്യയിൽ ഒരു കോടതിയും പരിഗണിക്കാൻ പാടില്ല.

വിവിധ കോടതികളിൽ നിലവിലുള്ള സമാന സ്വഭാവമുള്ള എല്ലാ കേസുകളും 2017 ജൂലൈ 3 വിധിയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കണം എന്നതും, അവയ്ക്ക് അപ്പീൽ നൽകുവാൻ സാദ്ധ്യമല്ല എന്നതും, താൽക്കാലിക നീക്കുപോക്കുകളും, ടി. വിധിക്ക് എതിരായ കീഴ്കോടതികളുടെ വിധികളും പരാമർശനങ്ങളും പ്രഥമദൃഷ്ട്യാ റദ്ദാക്കപ്പെടും എന്നതുമായിരുന്നു ഈ വിധിയുടെ ആത്യന്തിക ഫലം.

ഈ വിധികളെത്തുടർന്ന് പല പള്ളികളിലും വിധിനടത്തിപ്പ് യാഥാർത്ഥ്യമായി. അവയ്ക്കെതിരെ അഴിച്ചുവിട്ട അക്രമസംഭവങ്ങളും അതിലെ ഭരണകൂട നിസംഗതയും ഒഴിവാക്കാൻ കോടതിയ്ക്ക് തുടരെ ഇടപെടേണ്ട സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്.

അതേ സമയംതന്നെ ഓർത്തഡോക്സ് സഭയെ പൊതു സമൂഹത്തിൽ ഒറ്റപ്പെടുത്തുവാനും അവഹേളിക്കാനും വൻ പ്രചരണ തന്ത്രവുമായി മുൻ പാത്രിയർക്കീസ് വിഭാഗവും രംഗത്തെത്തി. *മാർത്തോമ്മാശ്ലീഹായുടെ മാർഗ്ഗം* പിന്തുടരുന്ന ദേശീയ സഭയായ മലങ്കര ഓർത്തഡോക്സ് സഭയെ ഇല്ലാതാക്കാൻ പ്രത്യക്ഷമായും പരോക്ഷമായും *ശെമവോൻ കീപ്പായുടെ മാർഗ്ഗത്തിൽ*പ്പെട്ട കേരളത്തിലെ ചില ഇതര സഭകളും രംഗത്തെത്തി.

ഇവരുടെ പ്രചണ്ഡമായ ഈ വ്യാജ പ്രചരണകോലഹലങ്ങൾ ഫലം കണ്ടില്ല എന്നു പറയാനാവില്ല. കേരളത്തിലെ പൊതു സമൂഹത്തിൽ ഇന്ന് അനേക ചോദ്യങ്ങൾ ഓർത്തോഡോക്സ് സഭയ്ക്കെതിരായി ഉയർത്തിവിടുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവയ്ക്കുള്ള ഉത്തരങ്ങളാണ് താഴെ.

1. ഓർത്തഡോക്സ് സഭയാണ് നിരന്തരം കേസുകൾ കൊടുക്കുന്നത്.

1912 മുതൽ ഉള്ള ചരിത്രം പരിശോധിച്ചാൽ ഇത് തികച്ചും അവാസ്തവമാണ് എന്നു വ്യക്തമാകും. 1918-ലെ കൊച്ചി ചീഫ് കോടതിയിൽ അവസാനിച്ച കുന്നംകുളം - ആർത്താറ്റ് - പള്ളിക്കേസ്, 1928-ൽ തിരുവിതാംകൂർ ഹൈക്കോടതിയിൽ അവസാനിച്ച വട്ടിപ്പണക്കേസ്, 1958-ൽ ഇന്ത്യൻ സുപ്രീംകോടതിയിൽ അവസാനിച്ച ഒന്നാം സമുദായക്കേസ് എന്നിവ ഫയൽ ചെയ്തത് അതത് കാലത്തെ പാത്രിയർക്കീസ് കക്ഷി ആയിരുന്നു. എല്ലാ കേസുകളിലും വിജയം ഓർത്തഡോക്സ് സഭയ്ക്കും.

1995-ലെ സുപ്രീം കോടതി വിധിയിൽ അവസാനിച്ച രണ്ടാം സമുദായക്കേസ് കീഴ്കോടതിയിൽ ഫയൽ ചെയ്തത് ഓർത്തഡോക്സ് സഭയാണ്. അനധികൃതമായി 1973-80 കാലഘട്ടത്തിൽ വാഴിച്ചുകൂട്ടിയ മെത്രാന്മാരും അവർ പട്ടംകെട്ടിയ വൈദീകരും മലങ്കരസഭയുടെ ഇടവകപ്പള്ളികളും പൊതുസ്ഥാപനങ്ങളും കൈയ്യേറാൻ തുടങ്ങിയപ്പോൾ അതിനു തടയിടാനുള്ള വ്യവസ്ഥാപിത മാർഗ്ഗം എന്ന നിലയിലാണ് ഈ കേസ് ഫയൽ ചെയ്തത്. അതിന് ഇരുകൂട്ടർക്കും അഭികാമ്യമായ ഒരു തീർപ്പ് കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉണ്ടാക്കിയപ്പോൾ അതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോയത് മുൻ പാത്രിയർക്കീസ് കക്ഷി ആയിരുന്നു. 2002-ലെ പരുമല അസോസിയേഷനിൽ കലാശിച്ച വിധി നടത്തിപ്പുകേസും അവരുടെ സംഭാവന ആയിരുന്നു. തുടർന്നുണ്ടായ 2017, 2019 വർഷങ്ങളിലെ സുപ്രീം കോടതി വിധികൾക്ക് ആസ്പദമായ വ്യവഹാരങ്ങളും മുൻ പാത്രിയർക്കീസ് വിഭാഗത്തിന്റെ സൃഷ്ടി ആണ്. ഇവയിലെല്ലാം അവർ പരാജയപ്പെട്ടു എന്നത് യാഥാർത്ഥ്യവും.

മുൻ പാത്രിയർക്കീസ് വിഭാഗത്തിന്റെ അനധികൃത കൈവശത്തിലിരിക്കുന്ന പള്ളികളെ സംബന്ധിച്ച് അതത് ഇടവകക്കാർ കേസ് കൊടുത്തിട്ടുണ്ട്. ഇത് അനധികൃത കൈയ്യേറ്റം ആരംഭിച്ച 1970-കളിൽ ആരംഭിച്ച പ്രക്രിയയാണ്. വർത്തമാനകാലത്തെ ഈ സാഹചര്യത്തെപ്പറ്റി 2017-ലെ സുപ്രീം കോടതിയുടെ ഒരു പരാമർശനം ഇത്തരുണത്തിൽ പ്രസക്തമാണ്.

...1995-ലെ വിധിക്ക് ശേഷം സൃഷ്ടിക്കപ്പെട്ട അവസ്ഥയ്ക്ക് പാത്രിയർക്കീസ് വിഭാഗത്തെ കുറ്റപ്പെടുത്തേണ്ടിയിരിക്കുന്നു. പള്ളിയുടെ സ്വത്തുക്കൾ 1934-ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടേണ്ടതാണ്. ബന്ധപ്പെട്ട എല്ലാവർക്കും ബാധകമായ 1995-ലെ വിധിയെ പാത്രിയർക്കീസ് വിഭാഗം ബഹുമാനിച്ചിട്ടില്ല. ഹൈക്കോടതിയിൽ, കാതോലിക്കാപക്ഷം റിട്ട് ഹർജികൾ ഫയൽ ചെയ്തത് പാത്രിയർക്കീസും (അദ്ദേഹത്തിന്റെ അനുയായികളും) 1995-ലെ വിധി ലംഘിച്ച് വികാരി മുതലായവരെ നിയമിക്കുന്നത് തടയുന്നതിനു വേണ്ടിയായിരുന്നു...

2. ഓർത്തഡോക്സ് സഭ പള്ളികൾ കൈയ്യേറുന്നു.

ഓർത്തഡോക്സ് സഭയ്ക്ക് പള്ളികൾ കൈയ്യേറാനാവില്ല. അതിന്റെ ആവശ്യവുമില്ല. കോടതി അനുവദിയ്ക്കുന്ന മുറയ്ക്ക് 1973 മുതൽ മുൻ പാത്രിയർക്കീസ് വിഭാഗം പിടിച്ചടക്കിയതും അവരുടെ അതിക്രമംമൂലം പൂട്ടിക്കിടക്കുന്നതുമായ പള്ളികൾ അതാത് ഇടവക്കാർ നടത്തിയെടുക്കുന്നു. അവിടെ കോടതി അംഗീകരിച്ച 1934 ഭരണഘടനപ്രകാരം ഇടവക മെത്രാപ്പോലീത്താ നിയമിക്കേണ്ട വികാരിയെ നിയമിക്കുക എന്നതു മാത്രമാണ് ഓർത്തഡോക്സ് സഭ ചെയ്യുന്നത്. അത് തികച്ചും നിയമാനുസൃതമാണ് താനും.

3. ഓർത്തഡോക്സ് സഭ സ്വന്തം പള്ളികളിൽനിന്നും ഇടവകാംഗ ങ്ങളെ ഇറക്കിവിടുന്നു.

ഓർത്തഡോക്സ് സഭ ഒരിടവകാംഗത്തെപ്പോലും ഇടവകകളിൽ നിന്നും ഇറക്കിവിടാറില്ല. ഇറങ്ങിപ്പോകാൻ ആവശ്യപ്പെട്ടിട്ടുമില്ല. നിയമാനുസൃത വികാരി സഭാ ഭരണഘടനപ്രകാരം എഴുതി സൂക്ഷിക്കുന്ന ഇടവക രജിസ്റ്ററിൽ പേരുള്ള എല്ലാവർക്കും ഇടവകാംഗങ്ങൾ എന്ന നിലയിലുള്ള അവകാശങ്ങളും അധികാരങ്ങളുമുണ്ട്. പക്ഷേ ഇടവക രജിസ്റ്ററിൽ പേരു ചേർക്കാതെ ആർക്കും ഇടവകാംഗം എന്ന നില അവകാശപ്പെടാനാവില്ല.

ഇത് സാധാരണ ഇടവകാംഗങ്ങളുടെ കാര്യം. എന്നാൽ വൈദീക സ്ഥാനികളുടെ കാര്യത്തിൽ വിത്യാസമുണ്ട്. വ്യവസ്ഥാപിത മാർഗ്ഗത്തിൽ അല്ലാതെ ആ സ്ഥാനങ്ങളിൽ എത്തിപ്പെട്ടവർക്ക് ശാശ്വത നിരോധനം ഉണ്ട്. നിയമാനുസൃത മാർഗ്ഗത്തിൽ അല്ലാതെ അവർക്ക് ആ സ്ഥാനങ്ങളോടെ സഭയിൽ പ്രവേശിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ ഇടവകാംഗം എന്ന നിലയിലുള്ള അവരുടെ അവകാശങ്ങളിലും പരിമിതികളുണ്ട്.

4. 1934 ഭരണഘടന നടപ്പാക്കിയാൽ ഇടവകകളുടെ സ്വയംഭരണം നഷ്ടപ്പെടും.

1934 ഭരണഘടന നടപ്പാക്കിയാൽ ഇടവകകളുടെ സ്വയംഭരണം നഷ്ടപ്പെടുകയില്ല എന്നു മാത്രമല്ല, അത് കൂടുതൽ ശക്തമാകും എന്നതാണ് യാഥാർത്ഥ്യം. ഇതിനു കാരണം 1934 ഭരണഘടനയുടെ ജനാധിപത്യ സ്വാഭാവമാണ്. ഈ ഭരണഘടനപ്രകാരം തുല്യതയുള്ള പ്രായപൂർത്തി വോട്ടവകാശം മാത്രമാണ് അനുവദിച്ചിരിക്കുന്നത്. വിവചനത്തോടെ ക്ലാസ് തിരിച്ചുള്ള അംഗത്വും ചിലർക്ക് പ്രത്യേക പദവികളും മലങ്കരസഭാ ഭരണഘടന അനുവദിക്കുന്നില്ല.

സഭാ ഭരണഘടനപ്രകാരം ഇടവക പൊതുയോഗം കൂടി തിരഞ്ഞെടുക്കുന്ന കൈക്കാരന്മാരും കമ്മറ്റിക്കാരുമാണ് ഇടവക ഭരണം നിർവഹിക്കുന്നത്. സമയബന്ധിതമായി കണക്കുകൾ ഓഡിറ്റ് ചെയ്ത് പൊതുയോഗത്തിൽ പാസാക്കണമെന്നും അതിന്റെ പകർപ്പ് ഇടവക മെത്രാപ്പോലീത്തായ്ക്ക് അയച്ചു കൊടുക്കണമെന്നും ഭരണഘടന അനുശാസിക്കുന്നു. ഇടവക മെത്രാപ്പോലീ ത്തായ്ക്ക് മേൽനോട്ടാധികാരം മാത്രമാണ് ഇടവകയുടെ ഉൾഭരണത്തിൽ ഉള്ളത്.

1934 ഭരണഘടന അംഗീകരിച്ച് മലങ്കരസഭയിലേയ്ക്ക് മടങ്ങിവന്ന അനേകം പള്ളികളിൽ ഇപ്പോൾ മുൻ പാത്രിയർക്കീസ് കക്ഷിയിൽ പെട്ടവരാണ് ഭരണത്തിലുള്ളത്. അവർ ആ ഭരണഘടനപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരാണന്നു മാത്രം. അവർ ഇടവക ഭരണം നടത്തുന്നതും 1934 ഭരണഘടന പ്രകാരം.

1934 ഭരണഘടന നടപ്പാക്കുന്നതോടെ ഇപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിന്റെ കൈവശമുള്ള മലങ്കര സഭയിലെ ഇടവകപ്പള്ളികളിൽ കേവലം രണ്ട് വ്യക്തികൾ മാത്രമാണ് പുറത്താവുന്നത്. ഒന്ന് - നിയമാനുസൃതമല്ലാതെ

വികാരി എന്നവകാശപ്പെടുന്ന പുരോഹിതനും അത്തരം മറ്റ് വൈദീകർ ഉണ്ടെങ്കിൽ അവരും. രണ്ട് – 1934 ഭരണഘടന പ്രകാരം നിയമിക്കപ്പെടാതെ അനധികൃതമായി ഇടവക മെത്രാപ്പോലീത്താ എന്നവകാശപ്പെടുന്ന മേല്പട്ടക്കാരൻ.

5. 1934 ഭരണഘടന നടപ്പാക്കിയാൽ ഇടവകപ്പള്ളികളുടെ സ്വത്തും പണവും സഭാ ആസ്ഥാനമായ ദേവലോകത്തേയ്ക്ക് കൊണ്ടുപോകും.

മലങ്കര സഭയിൽ 1935 മുതൽ സഭാ ഭരണഘടനപ്രകാരം ഭരിക്കപ്പെടുന്ന ചെറുതും വലുതുമായ ഇടവകകളിൽ അന്വേഷിച്ചാൽ അറിയാം ഇതിന്റെ യാഥാർത്ഥ്യം. ഇടവക പൊതുയോഗത്തിന്റെ അറിവും സമ്മതവും കൂടാതെ ഒരു മൊട്ടുസൂചിയോ ചില്ലിക്കാശോ പോലും ഇടവക മെത്രാപ്പോലീത്തായ്ക്കോ മലങ്കര മെത്രാപ്പോലീത്തായ്ക്കോ കൈവശപ്പെടുത്താൻ 1934 ഭരണഘടന അനുവാദം നൽകിയിട്ടില്ല. ഇടവകകളുടെ പ്രതിവർഷ വരുമാനത്തിന്റെ തുശ്ച ശതമാനം കേന്ദ്ര ഫണ്ടിലേയ്ക്ക് നൽകണം എന്ന ഭരണഘടനാ വകുപ്പ് ഇതഃപരന്ത്യം നടപ്പാക്കുകയോ കാലോചിതമായി പരിഷ്ക്കരിക്കുക പോലുമോ ചെയ്തിട്ടില്ല!

മറിച്ച് 1934 ഭരണഘടന നടപ്പാകുന്നതോടെ ഇടവകകളുടെ സാമ്പത്തിക ഭരണം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആകുമെന്നതാണ് വാസ്തവം. ബഡ്ജറ്റ് പാസാക്കണമെന്നും, കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നും, അത് ഓഡിറ്റ് ചെയ്ത് പൊതുയോഗത്തിൽ വർഷാവർഷം പാസാക്കണമെന്നും 1934 ഭരണഘടന അനുശാസിക്കുന്നു. സ്ഥാവര-ജംഗമ സ്വത്തുക്കളുടെ രജിസ്റ്റർ കൃത്യമായി പുതുക്കി സൂക്ഷിക്കണമെന്നും ഭരണഘടന അനുശാസിക്കുന്നുണ്ട്. ഇത് നടപ്പാകുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഇടവക മെത്രാപ്പോലീത്തായ്ക്ക് ബാദ്ധ്യതയും അധികാരവുമുണ്ട്.

രസകരമായ വസ്തുത, 1876-ൽ അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസ്, 34 ഭരണഘടന അനുശാസിക്കുന്ന രജിസ്റ്ററുകളും കണക്കും മെത്രാന്റെ മേലന്വേഷണവും വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നതാണ്.

പള്ളി വക പണം എങ്ങിനെ ചിലവിടേണമെന്നുള്ളതിന് ഭരണഘടന ചീല മുൻഗണനാക്രമം ഏർപ്പെടുത്തിയിട്ടുണ്ട്. നിത്യനിദാനം, പെരുന്നാൾ, വൈദീകരുടേയും ശുശ്രൂഷകരുടേയും ശമ്പളം, അറ്റകുറ്റപ്പണി, സണ്ടേസ്ക്കൂൾ മുതലായ ആത്മീയ പ്രസ്ഥാനങ്ങൾ, ദാനധർമ്മങ്ങൾ എന്നിങ്ങനെ ക്രമപ്പെ ടുത്തിയിരിക്കുന്ന ഈ മുൻഗണനാക്രമം ഇടവകപ്പള്ളിയുടെ *സ്ഥാപന ലക്ഷ്യം* നിറവേറ്റുവാൻ ഏർപ്പെടുത്തിയതാണെന്നു വ്യക്തമാണ്. ഇതിനു ശേഷം മാത്രമേ ഇടവകയുടെ മിച്ച വരുമാനം ഇതരകാര്യങ്ങൾ വിനിയോഗിക്കാവു എന്ന ഭരണഘടനാ വ്യവസ്ഥയും സ്ഥാപനലക്ഷ്യപ്രാപ്തി മുൻ നിർത്തിയുള്ളതാണ്. അതിനുള്ള അധികാരവും ഇടവകയ്ക്കു മാത്രമാണ്.

6. ഓർത്തഡോക്സ് സഭയ്ക്ക് മുടക്കുണ്ട്. അവർ കൂദാശകളെ അവഹേളിക്കുന്നു.

രണ്ടു പ്രാവശ്യമാണ് അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരയിൽ *മുടക്ക്* പ്രയോഗിച്ചത്. 1911-ലും 1974-ലും. വിഷയം വിശദമായി ചർച്ചചെയ്ത് ആദ്യത്തെ മുടക്ക് അസാധുവെന്നു 1928-ലെ വട്ടിപ്പണക്കേസ് വിധിയിൽ തിരുവിതാംകൂർ ഹൈക്കോടതിയും രണ്ടാമത്തേത് അസാധുവെന്ന് 1995-ൽ ഇന്ത്യൻ സുപ്രീം കോടതിയും തീർച്ച ചെയ്തിട്ടുണ്ട്.

ഈ *മുടക്കുവാദം* വെറും കഥയില്ലാത്ത അഭ്യാസമാണ്. സമീപകാലംവരെ താൽക്കാലിക നീക്കുപോക്ക് എന്ന നിലയിൽ ഇരുകക്ഷികളും ഒന്നിടവിട്ട ആഴ്ചകളിൽ കർമ്മം നടത്തിയിരുന്ന കണ്ടനാട്, ആട്ടിൻകുന്ന് പോലെയുള്ള ഇടവകകളിൽ ശവസംസ്ക്കാരം, ശ്രാദ്ധാദി അടിയന്തിരങ്ങൾ മുതലായവ കക്ഷിഭേദമന്യേ അതത് ആഴ്ചകളിൽ കർമ്മം നടത്തുന്ന വൈദീകനായിരുന്നു നിർവഹിച്ചിരുന്നത്. അവിടങ്ങളിൽ കോടതി വിധി നടപ്പിലായതോടെ ഓർത്തഡോക്സ് വൈദീകർ അസ്പ്രശ്യരായി!

46 വർഷം ഉറക്കത്തിലായിരുന്ന *മുടക്ക്* 2020 ഓഗസ്റ്റ് 20-ന് കോടതി വിധിപ്രകാരം മുളന്തുരുത്തി പള്ളി സർക്കാർ ഏറ്റെടുത്ത് കഴിഞ്ഞതോടെ മാത്രമാണ് ഉണർന്നെഴുന്നേറ്റത് എന്നതാണ് അതിനേക്കാൾ ശ്രദ്ധേയം! പിറ്റേ ദിവസം മുതൽ ഓർത്തഡോക്സ് സഭാംഗങ്ങൾ പട്ടവും കൂദാശകളും ഇല്ലാത്തവരായി മാറി! അവരുടെ മൂറോൻ വിലയില്ലാത്തതും.

ഓർത്തഡോക്സ് സഭ യാതൊരു കൂദാശകളേയും ഒരിക്കലും അവഹേളിച്ചിട്ടില്ല. എക്കാലത്തും ബഹുമാനിച്ചിട്ടേയുള്ളു. മറിച്ച്, മുൻ പാത്രിയർക്കീസ് വിഭാഗം കൂദാശകളെ നിരന്തരമായി അവഹേളിക്കുകയും തുശ്ചീകരിക്കുകയും ചെയ്യുന്നത് ദിനംപ്രതി വാർത്തകളിൽ നിറയുന്നു. ഓർത്തഡോക്സ് വൈദീകർ കുർബാന അർപ്പിക്കുമ്പോൾ കൂക്കി വിളിക്കുക, അവരെ തിരുവസ്ത്രങ്ങൾ സഹിതം മദ്ബഹായിൽനിന്നും അടിച്ചിറക്കുക തുടങ്ങിയവ മാത്രമല്ല മുൻ പാത്രിയർക്കീസ് പക്ഷം ചെയ്തുവരുന്നത്. തെരുവോരത്തും റബർ തോട്ടത്തിലും പത്തു മിനുട്ടുകൊണ്ടും വിശുദ്ധ കുർബാന അർപ്പിക്കുക, ഒരിക്കലും ആവർത്തിക്കാൻ പാടില്ലാത്ത വി. മൂറോൻ അഭിഷേകം രണ്ടാമതും നടത്തുക എന്നിവയോടൊപ്പം വി. കദാശകളെ പ്രചരണായുധങ്ങളാക്കുക തുടങ്ങിയവ നിർബാധം ചെയ്തുവരുന്നത് മുൻ പാത്രിയർക്കീസ് വിഭാഗമാണ്. കൂട്ടത്തിൽ, വിലവാങ്ങി ചില പ്രൊട്ടസ്റ്റന്റ് സഭകൾക്ക് വി. മൂറോൻ വിറ്റെന്ന ആരോപണവും പ്രസ്താവ്യമാണ്. അക്ഷന്തവ്യമായ അപരാധമാണിത്. താൻ കൂദാശ ചെയ്ത മൂറോൻ മലങ്കര സഭയിലെ ഇടവകപ്പള്ളികളിൽ വിതരണം ചെയ്തിന് കാനോൻ വിരുദ്ധമായി പ്രതിഫലം വാങ്ങിയ പരദേശി മെത്രാനെ ശിക്ഷിച്ചത് സാക്ഷാൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ആണ എന്നതും ഇവിടെ ചിന്തനീയമാണ്.

7. ഓർത്തഡോക്സ് സഭ ശവസംസ്ക്കാരം നിഷേധിക്കുന്നു.

ഓർത്തഡോക്സ് സഭ ആർക്കും ശവസംസ്ക്കാരം നിഷേധിക്കുന്നില്ല. ഇടവക രജിസ്റ്ററിൽ പേരുള്ള ആരുടേയും ശവസംസ്ക്കാരം തടയാൻ നിയമപരമായി സാദ്ധ്യവുമല്ല. പക്ഷേ പല കാരണങ്ങളാൽ അതത് ഇടവക വികാരിയുടെ അറിവും സമ്മതവും സാന്നിദ്ധ്യവും കൂടാതെ അത് അനുവദിക്കാനാവില്ലന്നു മാത്രം.

ഒന്നാമതായി, സെമിത്തേരികൾ പള്ളികളുടെ അവിഭാജ്യ ഘടകമാണ് എന്ന് അസന്നിഗ്ദമായ സുപ്രീംകോടതി വിധിയുണ്ട്. അതിനാൽത്തന്നെ ഇടവകാംഗത്തിനു മാത്രമാണ് സെമിത്തേരിമേൽ അവകാശമുള്ളത്. ഇടവകാംഗത്വം തെളിയിക്കുന്ന അടിസ്ഥാന രേഖ ഇടവക രജിസ്റ്റർ ആണ്. അത് പുതുക്കി സൂക്ഷിക്കേണ്ടത് ഭരണഘടന പ്രകാരം വികാരിയും.

രണ്ടാമതായി, ശവസംസ്കാരം ഒരു വൈദീക കർമ്മമാണ്. വികാരിയുടെ സമ്മതം കൂടാതെ ഒരു പള്ളിയിലും ആർക്കും യാതൊരു വൈദീകകർമ്മവും നടത്താൻ പാടില്ല.

മൂന്നാമതായി, ഓരോ ഇടവകയിലും ശവസംസ്ക്കാര രജിസ്റ്റർ ഉണ്ടായിരിക്കണമെന്നും, വികാരി അത് എഴുതി സൂക്ഷിക്കണമെന്നും സഭാ ഭരണഘടന നിഷ്കർഷിക്കുന്നുണ്ട്. തനിക്ക് ഉത്തമ ബോദ്ധ്യം ഇല്ലാതെ വികാരി ഒരു ശവസംസ്ക്കാരം എങ്ങിനെ രജിസ്റ്ററിൽ രേഖപ്പെടുത്തും? അതിന്റെ പേരിൽ പിന്നീടെന്തെങ്കിലും വിവാദം ഉണ്ടായാൽ ആരു സമാധാനം പറയും?



ന്യൂഡൽഹി: ഓർത്തഡോക്സ് സഭാ സീനിയർ വൈദികൻ തിരുവല്ല പുറമറ്റം മുരിങ്ങശ്ശേരിൽ വീട്ടിൽ ഫാ. ഉമ്മൻ മുരിങ്ങശ്ശേരിൽ (73) ഡൽഹിയിൽ അന്തരിച്ചു. മുരണി, തിരുമൂലപുരം, വെണ്ണിക്കുളം തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. സംസ്കാരം പിന്നീട്. കുമ്പനാട് നെല്ലിമല കുറുമനങ്ങാട്ട് കുടുംബാംഗം പരേതയായ സാറാമ്മ ഉമ്മനാണു ഭാര്യ. മക്കൾ: ലിനു (ബഹ്റൈൻ), ലിൻസി (ഡൽഹി), ലിറ്റി (അബുദാബി), ലിജോ (ബഹ്റൈൻ). മരുമക്കൾ: സഞ്ജീവ് (ബഹ്റൈൻ), സൈജു വർഗീസ് (വൈഎംസിഎ സീനിയർ സെക്രട്ടറി, ഡൽഹി), സിനു (അബുദാബി), സിജു (ബഹ്റൈൻ).

8. ഓർത്തഡോക്സ് സഭ മൃതദേഹങ്ങളെ അനാദരിക്കുകയും കല്ലറ കളെ അപമാനിക്കുകയും ചെയ്യുന്നു.

ഓർത്തഡോക്സ് സഭ എന്നെങ്കിലും മൃതശരീരത്തെ അപമാനിച്ച ഒരു വ്യക്തമായ സംഭവം ആർക്കെങ്കിലും ചൂണ്ടിക്കാട്ടനാവുമോ? മുകളിൽ പറഞ്ഞതുപോലെ സമാന്തര ഭരണം സ്ഥാപിച്ചെടുക്കാൻ അജ്ഞാത മൃതശരീരങ്ങളുമായി പള്ളികൾക്കുമുമ്പിലും ദേശീയ പാതയിലും *കാവടിയാട്ടം* നടത്തിയത് ആരാണ് എന്ന് അതത് കാലത്തെ പത്രവാർത്തകൾ മാത്രം വെച്ചു പരിശോധിക്കുക.

മറിച്ച്, 1975 മുതൽ സ്വന്തം ഇടവകപ്പള്ളികളിൽ മൃതദേഹം മറവു ചെയ്യപ്പെടാൻ സത്യവിശ്വാസികൾക്ക് നേരിടേണ്ടിവന്ന പ്രതികൂലതകളും തടസങ്ങളും അവഹേളനങ്ങളും എന്തേ പരിഗണിക്കാത്തത്? സ്വന്തം സ്ഥലം നൽകി പള്ളിവെച്ച വ്യക്തിയുടെ ഭാര്യയുടെ ഭൗതീക ശരീരം അദ്ദേഹവും കുടുംബവും മലങ്കര സഭയിൽ ഉറച്ചു നിന്നു എന്ന കാരണത്താൽ ആ പള്ളിയുടെ സെമിത്തേരിയിൽ പ്രവേശിപ്പിക്കുന്നത് തടഞ്ഞതും അവസാനം നാട്ടുകാർ ഇടപെടേണ്ടി വന്നതിന്റെ കാരണക്കാരും ആരാണ്? ഇത്തരം എത്രയെത്ര സംഭവങ്ങൾ.

വിവാദത്തിലുള്ളതും എന്നാൽ കോടതിയുടെ താൽക്കാലിക നീക്കുപോക്കിൽ ഇരുകൂട്ടരും തവണ നടത്തി വന്നതുമായ പള്ളികളിൽ മലങ്കര സഭയിലെ ബഹുമാന്യരായ ഞാർത്താങ്കൽ മല്പാൻ വെണ്ടറപ്പള്ളി ജോസഫ് കത്തനാർ മുതലായവരുടെ കബറടക്കത്തിന് കൂക്കിവിളിയും കല്ലേറും നടത്തിയത് ആരാണ്? സമാനമായ ഒരു സംഭവമെങ്കിലും ഓർത്തഡോക്സ് സഭയിൽനിന്നും ഉണ്ടായിട്ടുണ്ടോ?

എന്തിനധികം! പ. പരുമല തിരുമേനിയുടെ സഹോദര പൗത്ര പുത്രനും, പ. തിരുമേനിയുടെ ചാത്തുരുത്തി തറവാട്ടിൽ താമസിക്കുന്ന ആ കുടുംബ കാരണവരുമായ വ്യക്തിയുടെ മൃതദേഹം മുളന്തുരുത്തി പള്ളി സെമിത്തേരിയിൽ പ്രവേശിപ്പി ക്കാതിരിക്കാൻ പള്ളിയുടെ ഗേറ്റ് 2019 നവംബറിൽ പൂട്ടിയിട്ടത് ആരാണ് എന്നൊന്ന് തിരക്കി നോക്കുക.

ഏറ്റവുമൊടുവിൽ സർവാദരണീയനായ മലങ്കര മല്പാൻ ഞാർത്താങ്കൽ കോരുതു കത്തനാരുടെ കബറിടം യാതൊരു പ്രകോപനവും കൂടാതെ കഴിഞ്ഞദിവസം തല്ലിപ്പൊളിച്ച സംഭവം. ഇതാരാണ് ചെയ്തത്? ഇതിനെന്തു ന്യായം പറയും? മറുവശത്ത് മുൻ പാത്രിയർക്കീസ് വിഭാഗത്തിലെ സമുന്നത നേതാവായിരുന്ന കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പായുടെ കബറിടത്തിൽ ആരും ആവശ്യപ്പെടാതെ ധൂപം വെച്ച് അദ്ദേഹത്തിന്റെ ഓർമ്മദിനം സമുചിതമായി കൊണ്ടാടിയ ചരിത്രമാണ് ഓർത്തഡോക്സ് സഭയ്ക്കുള്ളത്.

ശവം വച്ച് വിലപറയുകയും ശവഘോഷയാത്ര നടത്തുകയും ചെയ്യുന്നത് മലങ്കര സഭയല്ല. അത് ആരാണന്ന് മാദ്ധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചാൽ ആർക്കും മനസിലാകും.

9. ഓർത്തഡോക്സ് സഭ നിർബന്ധിത കുമ്പസാരം നടത്തുന്നു. ഇഷ്ടമുള്ള പുരോഹിതന്റെ അടുത്ത് കുമ്പസാരിക്കാൻ അനുവദി ക്കുന്നില്ല.

ആദ്യമേ തന്നെ പറയട്ടെ, ഓർത്തഡോക്സ് സഭയിൽ നിർബന്ധിത കുമ്പസാരം എന്നൊന്നില്ല. *കുമ്പസാരം* എന്നത്, മലങ്കര ഓർത്തഡോക്സ് സഭാംഗ മായിരിക്കേണ്ടതിന് അടിസ്ഥാനമായി വിശ്വസിക്കേണ്ട സപ്ത കൂദാശകളിൽ ഒന്നായി സഭാ ഭരണഘടന വ്യക്തമാക്കിയിട്ടുള്ള ഒരു പ്രമാണമാണ്. ഈ കൂദാശയിൽ വിശ്വാസമുണ്ടെങ്കിൽ ജീവിതകാലം മുഴുവൻ കുമ്പസാരിക്കാതെ ഇരുന്നാലും ഒരാൾ സഭാംഗം അല്ലാതെ ആകുന്നില്ല. അതേപോലെ തന്നെ ഒരു അവിവാഹിതനോ ഒരു സന്യാസിക്കോ സന്യാസി വൈദീകനോ *വിവാഹം* എന്ന കൂദാശയിൽ വിശ്വാസം നഷ്ടപ്പെട്ടാൽ അവർ അതോടെ സഭയ്ക്ക് ഇതരരാകും.

ഒരു ഓർത്തഡോക്സ് സഭാംഗത്തിന് *പൗരോഹിത്യം* എന്ന കൂദാശയിൽ വിശ്വാസം ഉണ്ടായാൽ മാത്രം മതി സഭാംഗമായി തുടരാൻ. ഒരാളെ പുരോഹിതനാകാൻ ആർക്കും നിർബന്ധിച്ചുകൂടാ. അതേസമയം വി. കുർബാനയ്ക്കോ ഇതര കൂദാശകൾക്കോ കാർമികത്വം വഹിക്കണമെങ്കിൽ പട്ടത്വം സ്വീകരിച്ചേ പറ്റൂ. അതേപോലെതന്നെ സഭാ ഭരണത്തിൽ പങ്കാളിയാവുകയോ ഇടവക പൊതുയോഗത്തിൽ പങ്കെടുക്കുകയോ വേണമെങ്കിൽ കുമ്പസാരം നടത്തിയിരിക്കണമെന്ന് സഭാ ഭരണഘടന നിഷ്ക്കർഷിക്കുന്നു. അതിനെ *നിർബന്ധിത കുമ്പസാരം* എന്നു വിവക്ഷിക്കാനാവില്ല.

ഒരു ലളിതമായ ഉദാഹരണംകൊണ്ട് ഇത് വ്യക്തമാക്കാം. കേരളത്തിലെ ക്ഷീര വ്യവസായ സഹകരണ സംഘങ്ങളിൽ ആർക്കും അംഗത്വമെടുക്കാം. പക്ഷേ പ്രതിവർഷം നിശ്ചിത അളവ് പാൽ സംഘത്തിന് വിൽക്കുന്നവർക്കു മാത്രമേ പൊതുയോഗത്തിൽ പങ്കെടുക്കാനും സംഘം ഭരണസമതിയിലേയ്ക്ക് മത്സരിക്കാനും ഇതര ആനുകൂല്യങ്ങൾ കൈപ്പറ്റാനും അവകാശമുള്ളു. ഏതെങ്കിലും കാരണം കൊണ്ട് ഏതെങ്കിലും വർഷം നിശ്ചിത അളവ് പാൽ നൽകാനായില്ലങ്കിൽ അതുമൂലം അംഗത്വം നഷ്ടപ്പെടുകയില്ല. പക്ഷേ മുകളിൽ പറഞ്ഞ അവകാശങ്ങൾ അക്കാലത്ത് ഉണ്ടാവുകയില്ലന്നു മാത്രം. ഇതേ പോലെ മാത്രമാണ് കുമ്പസാരവും പള്ളിഭരണവും തമ്മിലുള്ള ബന്ധം.

ഓർത്തഡോക്സ് സഭയ്ക്ക് മാത്രമല്ല റോമൻ കത്തോലിക്കാ സഭയ്ക്കും കുമ്പസാരം ഒരു കൂദാശയാണ്. എന്നാൽ റോമൻ കത്തോലിക്കാ വൈദീകരിൽ നിന്നും കുമ്പസാരമടക്കം ഒരു കൂദാശയും സ്വീകരിക്കാൻ ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അനുവാദമില്ല. അതേസമയം ഒരു കൂദാശ എന്ന നിലയിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ ഏതു വൈദീകന്റെ മുമ്പിലും ഒരു സഭാംഗത്തിനു കുമ്പസാരിക്കാം. അങ്ങിനെ കുമ്പസാരിക്കുന്നതിന് നിയമസാധുത്വവുമുണ്ട്. അപ്രകാരം കുമ്പസാരിച്ച ഒരാൾ ഇടവകയോഗത്തിൽ പങ്കെടുക്കാൻ വരുമ്പോഴാണ് പ്രശ്നം ഉണ്ടാകുന്നത്.

ഇടവക പൊതുയോഗത്തിനുള്ള ലിസ്റ്റ് തയാറാക്കുന്നത് ആ ഇടവകയിലെ കുമ്പസാര രജിസ്റ്റർ പരിശോധിച്ചാണ്. മറ്റൊരു പള്ളിയിൽ കുമ്പസാരിച്ച ഒരാളെ ഇടവക പള്ളിയുടെ കുമ്പസാര രജിസ്റ്ററിൽ ചേർക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ അംഗീകൃതമായ സാക്ഷ്യപത്രം ഹാജരാക്കണമെന്നു മാത്രം.

കുമ്പസാരം ഒരു കൂദാശയാണ്. അത്യാസന്ന ഘട്ടങ്ങളിലൊഴികെ പള്ളിക്കുള്ളിലല്ലാതെ കുമ്പസാരം നടത്താൻ സഭ അനുവദിച്ചിട്ടില്ല. ഒരു പള്ളിയിൽവെച്ചു നടക്കുന്ന കൂദാശയ്ക്ക് – അതിന്റെ കാർമ്മികൻ ആരായാലും, അതു മെത്രാപ്പോലീത്തായോ കാതോലിക്കായോ ആയാലും – സാക്ഷ്യപത്രം നൽകേണ്ടത് ആ പള്ളിയുടെ വികാരിയാണ്. കാർമ്മികന്റെ വ്യക്തിപരമായ സാക്ഷ്യപത്രങ്ങൾ ഒരു കൂദാശയ്ക്കും സ്വീകാര്യമല്ല.

1995, 2002, 2017, 2019 വർഷങ്ങളിലെ സുപ്രീം കോടതി വിധികളനുസരിച്ച് 1934 ഭരണഘടനയ്ക്ക് വിധേയമായി നിയമാനുസൃത ഇടവക മെത്രാപ്പോലീത്താ നിയമിക്കുന്നവർ മാത്രമാണ് വികാരിമാർ. അവർക്കു മാത്രമാണ് സാക്ഷ്യപത്രം നൽകാൻ അധികാരം. അതിനാൽ മുൻ പാത്രയർക്കീസ് പക്ഷത്തെ വൈദീകർ നൽകുന്ന കുമ്പസാര സാക്ഷ്യപത്രം നിയമപരമായി സ്വീകാര്യമല്ല. അവ സ്വീകരിക്കാൻ ഒരു ഇടവകയിലേയും നിയമാനുസൃത വികാരിമാർക്ക് സാദ്ധ്യവുമല്ല.

കൂട്ടത്തിൽ ഒന്നുകൂടെ പറയട്ടെ, മുളന്തുരുത്തി പള്ളി വിധി നടത്തിപ്പിനു ശേഷം ഓർത്തഡോക്സ് പള്ളികളിലേയ്ക്ക് വിവാഹത്തിനുള്ള ദേശകുറി നൽകേണ്ടന്നു മുൻ പാത്രിയർക്കീസ് വിഭാഗം തീരുമാനിച്ചത്രെ. നല്ല കാര്യം. മുകളിൽ പറഞ്ഞ കാരണം കൊണ്ടുതന്നെ അവരുടെ ദേശകുറി സ്വീകാര്യ യോഗ്യമല്ല!

10. ആരാധനാസ്ഥലങ്ങൾ (പ്രത്യേക വ്യവസ്ഥകൾ) നിയമം (1991) മലങ്കര സഭാക്കേസിൽ ബാധകമാണ്.

ആദ്യമായി ഈ നിയമം എന്താണന്നു വ്യക്തമാക്കട്ടെ. 1991–ൽ ബാബറി മസ്ജിദ് തകർക്കപ്പെട്ട സംഭവത്തിനുശേഷം കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഒരു നിയമാണിത്. അന്ന് കോടതിയിൽ നിലവിലുള്ള രാംജന്മഭൂമി– ബാബറി മസ്ജിദ് കേസ് ഒഴിവാക്കി ബാക്കി ഇന്ത്യയിൽ നിലവിലുള്ള എല്ലാ ആരാധനാലയങ്ങളും 1947 ഓഗസ്റ്റ് 15–ലെ തൽസ്ഥിതി തുടരണം എന്നതാണ് പ്രസ്ഥാവിത നിയമം. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1947 ഓഗസ്റ്റ് 15 മുമ്പ് തങ്ങളുടേതായിരുന്ന എല്ലാ പള്ളികളും തങ്ങൾക്ക് അവകാശപ്പെട്ടതാണന്ന് മുളന്തുരുത്തി പള്ളി വിധി നടത്തിപ്പിനു ശേഷം മുൻ പാത്രിയർക്കീസ് പക്ഷം അവകാശപ്പെട്ടുവരുന്നു.

എന്നാൽ ഇതൊരു പുതിയ വാദമൊന്നുമല്ല. 1995–ൽ അവസാനിച്ച രണ്ടാം സമുദായക്കേസിൽ മുൻ പാത്രിയർക്കീസ് പക്ഷം ഈ വാദം ഉന്നയിച്ചതാണ്. അതിനെപ്പറ്റിയുള്ള 1995–ലെ സുപ്രീം കോടതി വിധിയിലെ പരാമർശം

ഇപ്രകാരമാണ്.

ആരാധനാസ്ഥലങ്ങൾ (പ്രത്യേക വ്യവസ്ഥകൾ) നിയമം (1991-ലേത്) പ്രാബല്യത്തിൽ വരുന്നതിനു മുമ്പുള്ള കാര്യങ്ങളെ സംബന്ധിച്ച പ്രഖ്യാപനം ആവശ്യപ്പെടുന്നതോ, നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് അംഗീകരിക്കപ്പെട്ടിരുന്ന അവകാശം നടപ്പിലാക്കി കിട്ടുന്നതിനോ വേണ്ടിയുള്ള കേസുകൾ ബോധിപ്പിക്കുന്നതിനെ ആ നിയമം തടയുന്നില്ല.

ചുരുക്കത്തിൽ കാൽ നൂറ്റാണ്ടു മുമ്പ് സുപ്രീം കോടതി തള്ളിക്കളഞ്ഞ ഒരു വാദം ഇപ്പോൾ ഉയർത്തിക്കൊണ്ടുവരുന്നത് ആരുടെ കണ്ണിൽ പൊടിയിടാനാണ്?

11. കോടതികളിൽ നീതി ലഭിക്കുന്നില്ല. ജനഹിതം പരിഗണിക്കുന്നില്ല.

വ്യവഹാരങ്ങൾ ആര് ആരംഭിച്ചു എന്ന് മുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. 1958 മുതൽ ഈ വ്യവഹാരങ്ങളിൽ ഇന്ത്യയിലെ അത്യുന്നത നീതിന്യായ കോടതിയായ സുപ്രീം കോടതിയുടെ 23-ൽ അധികം വ്യത്യസ്ഥ ബഞ്ചുകൾ വിധിപ്രഖ്യാപനം നടത്തിയിട്ടുമുണ്ട്. പക്ഷേ അവയിൽ ഒന്നു പോലും ഇന്നേവരെ മുൻ പാത്രിയർക്കീസ് പക്ഷത്തിന് അനുകൂലമായിട്ടില്ല. അസംഭവ്യമെങ്കിലും ഏതെങ്കിലും ഒരു ജഡ്ജിയേയോ ഒരു ബഞ്ചിനേയോ അനുകൂല വിധിക്കായി ഓർത്തഡോക്സ് സഭ സ്വാധിനിച്ചു എന്ന് ആരോപിച്ചാൽ വാദത്തിനു വേണ്ടിയെങ്കിലും ഈ ആരോപണം പരിഗണിക്കപ്പെട്ടേക്കാം. പക്ഷേ 1958-2021 എന്ന ദീർഘമായ 61 വർഷത്തിനിടയിൽ മലങ്കര സഭാ കേസുകൾ പരിഗണിച്ച എല്ലാ സുപ്രീം കോടതി ജഡ്ജിമാരും നീതിരഹിതരായിരുന്നു എന്നും സ്വാധീനങ്ങൾക്കു വിധേയരായിരുന്നു എന്നും ആരോപിച്ചാലോ? അപ്രകാരമെങ്കിൽ അത് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ സത്യസന്ധതയേയും ആർജ്ജവ ത്വത്തേയും തകർക്കുന്ന സംഭവമാണ്. അതല്ലല്ലോ യാഥാർത്ഥ്യം?

സ്വാഭാവിക നീതിക്കും രാജ്യത്തിന്റെ നിയമങ്ങൾക്കുള്ളിലും നിന്നുകൊണ്ട് തർക്ക വിഷയങ്ങളെ പരിശോധിച്ച് വിധി പ്രഖ്യാപിക്കുക എന്നതാണ് നീതിന്യായ കോടതികളുടെ ചുമതല. ഈ പ്രക്രിയയിൽ ഒരു കോടതിക്കു തെറ്റുപറ്റാം. സ്വാഭാവികം. പക്ഷേ ഒരേ നിലവാരമുള്ള അനേകം അത്യുന്നത കോടതികൾ വിവിധ കാലത്ത് സമശീർഷരായ മുൻ കോടതികൾ പുറപ്പെടുവിച്ച വിധികളെ ശരിവച്ച്, വിശദീകരിച്ച് സമാന വിധികൾ പുറപ്പെടുവിച്ചാൽ അതിനർത്ഥം ആദ്യ കോടതി മുതൽ ഈ വിഷയത്തിൽ എത്തിച്ചേർന്ന നിഗമനങ്ങൾ ശരിയായിരുന്നു എന്നാണ്. അതിനെതിരെ പ്രലപിച്ചിട്ടു കാര്യമില്ല.

യേശുക്രിസ്തുവിനെ റോമാ ഗവർണറായ പൊന്തിയോസ് പീലാത്തോസ് വിസ്തരിച്ചപ്പോൾ അവർ നടന്ന ഒരു സംഭാഷണം ഇവിടെ പ്രസക്തമാണ്.

...പീലാത്തോസ് തന്നോട്: എന്നോട് നീ സംസാരിക്കുകയില്ലയോ? നിന്നെ അഴിച്ചുവിടാനുള്ള അധികാരവും, നിന്നെ ക്രൂശിപ്പാനുള്ള അധികാരവും എനിക്കുണ്ട് എന്നു നീ അറിയുന്നില്ലേ? എന്നു ചോദിച്ചു. യോശു അവനോട്, ഉയരത്തിൽനിന്നും അങ്ങേക്കു നൽകപ്പെട്ടി ല്ലായിരുന്നുവെങ്കിൽ എന്റെമേൽ ഒരധികാരവും അങ്ങേയ്ക്കു ണ്ടാകയില്ലായിരുന്നു... (യോഹ. 19: 11 പശീത്താ)

ഉയരത്തിൽനിന്നും അങ്ങേക്കു നൽകപ്പെട്ടില്ലായിരുന്നുവെങ്കിൽ... എന്നു യേശുക്രിസ്തു ഇവിടെ പരാമർശിക്കുന്ന *അധികാരം* ദൈവത്തിൽ നിന്നാകാം: റോമാ രാജ്യ നിയമപ്രകാരമാകാം. പക്ഷേ അതനുസരിച്ചാണ് നീതിന്യായ സംവിധാനം പ്രവർത്തിക്കുന്നത്. അതിനെ മറികടന്ന് *യേശുവിനെ ക്രൂശിക്ക: ബറബ്ബായെ വിട്ടുതരിക* എന്ന എന്ന ആൾക്കൂട്ട മതിഭ്രമ ആക്രോശത്തിനു വഴങ്ങിയപ്പോഴാണ് പീലാത്തോസ് തെറ്റുകാരനായത്. ഒരു ന്യായാധിപനും അപ്രകാരം ചെയ്യാൻ ഇന്നും അധികാരമില്ല. *ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല* എന്നു നിരീക്ഷിച്ച പീലാത്തോസിന്റെ കോടതിയിൽ അന്നു *കൂട്ടപ്പെട്ട* ജനത്തിന്റെ ആക്രോശമായിരുന്നു *യേശുവിനെ ക്രൂശിക്ക* എന്നത്. അതിനു പീലാത്തോസ് വഴങ്ങിയതിനെ ശരിവയ്ക്കാനാവുമോ? പീലാത്തോസ് പോലും ആൾക്കൂട്ട സമ്മർദ്ദത്തിനു വഴങ്ങി താൻ പ്രഖ്യാപിച്ച വിധിയെ അംഗീകരിച്ചില്ല എന്ന് അദ്ദേഹത്തിന്റെ *കൈകഴുകൽ* വ്യക്തമാക്കുന്നു. അത് അന്നത്തെ റോമാ സാമ്രാജ്യം. ഇന്ന് ഇന്ത്യപോലെ നിയമവാഴ്ച നിലനിൽക്കുന്ന ഒരു രാജ്യത്തിലും ആൾക്കൂട്ട അതിക്രമങ്ങൾക്ക് കോടതി വിധികളെ മറികടക്കാനാവില്ല. അത് സമീപകാലത്ത് ചില ഇന്ത്യയിലെ പ്രബലരായ ചില ആൾദൈവങ്ങളെ അകത്താക്കി കോടതിതന്നെ തെളിയിച്ച വസ്തുതയാണ്.

ഒരേയൊരു ചോദ്യത്തിന് മുൻ പാത്രിയർക്കീസ് വിഭാഗം ഇവിടെ മറുപടി പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ അത്യുന്നത നീതിന്യായ കോടതികൾ തങ്ങൾക്ക് നീതി നൽകുന്നില്ലാ എങ്കിൽ - അതായത് തങ്ങൾക്ക് അനുകൂലമായി വിധി പ്രഖ്യാപിക്കുന്നില്ലാ എങ്കിൽ - പിന്നെന്തിന് പുതിയ കേസുകളുമായി മുൻസിഫ് കോടതി മുതൽ സുപ്രീം കോടതി വരെ കയറി ഇറങ്ങുന്നു? സ്ഥിരമായി തോൽക്കുവാനും കോടതിയിൽ പിഴ കെട്ടുവാനും എന്തിന് പുതിയ കേസുകൾ ഫയൽ ചെയ്യുന്നു?

12. ഓർത്തഡോക്സ് സഭ ചർച്ചകൾക്ക് തയാറാകുന്നില്ല.

1911 മുതൽ ഇതഃപര്യന്തം ഓർത്തഡോക്സ് സഭ ഒറ്റയ്ക്കും കൂട്ടായും നിരവധി തവണ ചർച്ചകൾ ചെയ്തിട്ടുണ്ട്. ലൗകീക സ്വയം ഭരണാധികാരം, മലങ്കരയുടെ സ്വാതന്ത്ര്യത്തിന്റെ ആണിക്കല്ലായ കാതോലിക്കേറ്റ് ഇവയെ നിഷ്ക്കാസനം ചെയ്യുന്നതൊഴികെ ഏതു വിട്ടുവിഴ്ചയ്ക്കും മലങ്കര ഓർത്തഡോക്സ് സഭ അന്നെല്ലാം തയാറായിരുന്നു. തന്റെ വൃദ്ധതയും യാത്രയുടെ ദുർഘടവും വകവയ്ക്കാതെ പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് 1923-ൽ മർദ്ദീനിലെത്തി അന്ത്യോഖ്യ പാത്രിയർക്കീസുമായി നേരിട്ടു ചർച്ച നടത്തി. വീണ്ടും 1934-ൽ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ യെറുശലേമിലും ഹോംസിലുമെത്തി അന്ത്യോഖ്യ പാത്രിയർക്കീസുമായി നേരിട്ടു ചർച്ച നടത്തി. ഇതിനിടയിൽ 1958 വരെ നാട്ടിൽ നടന്ന ചർച്ചകൾക്ക് കണക്കില്ല. എല്ലാം *സഭ പിളരരുത്, ഒന്നിച്ചു നിൽക്കണം* എന്ന ആഗ്രഹത്തോടുകൂടി. അന്നത്തെ മിക്ക *ബാവാ കക്ഷി* നേതാക്കളും *ഏകസഭ* എന്ന ആശയക്കാരായിരുന്നു എന്നതും പ്രസ്താവ്യമാണ്. പാത്രിയർക്കീസിന്റെ ലൗകീക അധികാരമോഹവും ആ കക്ഷിയിലെ അപൂർവം നാടൻ നേതാക്കളുടെ പിടവാശിയുമാണ് അവയെല്ലാം തകർത്തത്. 1958-ലെ സുപ്രീം കോടതി വിധിയ്ക്കു ശേഷം നടന്ന ചർച്ചകളാണ് അതേവർഷം ഡിസംബർ 16-ലെ പരസ്പര സ്വീകരണത്തിന് വഴിവെച്ചത്.

1995-ലെ വിധിക്കു ശേഷം പരസ്പര യോജിപ്പിനായി നടന്ന ഉഭയകക്ഷി ചർച്ചകൾ ഏതാണ്ട് പൂർണ്ണതയിലെത്തിയ സമയത്താണ് കാരണമെന്നും പറയാതെ ഏകപക്ഷീയമായി മുൻ പാത്രിയർക്കീസ് വിഭാഗം പിന്മാറിയത്. അതിന്റെ പിന്നിലെ ചേതോവികാരം ഇന്നും അജ്ഞാതമാണ്.

2002 - 2017 കാലത്ത് സർക്കാർ ഇടപെട്ടു നടത്തിയ ചർച്ചകൾ മിക്കതും പ്രാദേശികമായ താൽക്കാലിക വെടിനിർത്തലിനെ ചുറ്റിപ്പറ്റി മാത്രമായിരുന്നു. 2017-ലെ സുപ്രീം കോടതി വിധിക്കുശേഷം ചർച്ചകളുടെ ഗതിമാറി. കോടതിവിധി നടപ്പക്കാൻ ബാദ്ധ്യസ്ഥരായ സംസ്ഥാന സർക്കാർ വിളിച്ച ചർച്ചകളിലെല്ലാം ആദ്യഭാഗത്ത് ഓർത്തഡോക്സ് സഭ പങ്കെടുത്തു. എന്നാൽ സമാന്തര ഭരണം പാടില്ലന്നും, മലങ്കര സഭയും അതിന്റെ സ്വത്തുക്കളും അവിഭാജ്യമാണന്നുമുള്ള സുപ്രീം കോടതി വിധിയെ മറികടന്ന് മലങ്കര ഓർത്തഡോക്സ് സഭയെ വിഭജിക്കാനുള്ള ഗൂഢലക്ഷ്യമാണ് ചർച്ചകൾക്ക് പിന്നിലെ ചേതോവികാരം എന്നറിഞ്ഞപ്പോഴാണ് അവയിൽനിന്നും മലങ്കരസഭ പിന്മാറിയത്. കേരളത്തിലെ ഇതരസഭാദ്ധ്യക്ഷന്മാരെ മദ്ധ്യസ്ഥരാക്കണമെന്ന നിർദ്ദേശം സഭ തള്ളിയത് ഈ വിഷയത്തെപ്പറ്റി അവരിൽ പലരുടേയും പ്രസ്താവനകളിൽ തെളിഞ്ഞ പക്ഷപാതിത്വം മൂലമാണ്. വിരമിച്ച ന്യായാധിപരെ മദ്ധ്യസ്ഥരാക്കാമെന്ന നിർദ്ദേശം നിരാകരിച്ചത് അധികാരത്തിലുള്ള അത്യുന്നത ന്യായാധിപന്മാരുടെ വിധിയെ മാനിക്കാത്തവരുടെ മുമ്പിൽ വിരമിച്ച ന്യായാധിപന്മാർക്ക് എന്തു പ്രസക്തി എന്നതിനാലാണ്.

ഇന്നും മലങ്കര ഓർത്തഡോക്സ് സഭ ചർച്ചകൾക്കു തയാറാണ്. പക്ഷേ എന്തിനെപ്പറ്റി? ആരോട്? എന്നീ ചോദ്യങ്ങൾ നിലനിൽക്കുന്നു. വിഭജനത്തെപ്പറ്റി ചർച്ച ചെയ്യാൻ സഭ തയാറുമല്ല, സഭയ്ക്ക് സാദ്ധ്യവുമല്ല. ഐക്യത്തെപ്പറ്റിയും മാന്യമായ വിധിനടത്തിപ്പിനേപ്പറ്റിയും ആണെങ്കിൽ ആദ്യം മുൻ പാത്രിയർക്കീസ് വിഭാഗം കോടതിവിധിയും 1934 ഭരണഘടനയും അംഗീകരിക്കുന്നതായി സമ്മതിക്കണം. അതിനെതിരെയുള്ള നീക്കങ്ങൾ അവർ അവസാനിപ്പിക്കണം. അത്തരമൊരു നടപടിക്ക് സർക്കാർ തയാറാകുമോ?

ആരോട് ചർച്ച ചെയ്യണം എന്നതും പ്രസക്തമായ ചോദ്യമാണ്. ഒരു ചർച്ച വിജയിക്കണങ്കിൽ ഇരുപക്ഷത്തും തീരുമാനമെടുക്കാൻ നിയമപരമായി അധികാരമുള്ള വ്യക്തികളും സ്ഥാനികളും വേണം. മുൻ പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാന്മാർക്ക് കോടതി അനുവദിച്ചിരുന്ന സ്റ്റാറ്റസ്കോ 2002 മാർച്ച് 20-ന് അവസാനിച്ചു. 2002-ലെ യാക്കോബായ സുറിയാനി ക്രിസ്ത്യാനി

സഭാ ഭരണഘടന സുപ്രീം കോടതി റദ്ദു ചെയ്തു. അതായത് മുൻ പാത്രിയർക്കീസ് വിഭാഗത്തിന് നിയമപ്രാബല്യം (Legal entity) ഉള്ള ഒരു സംഘടനാ ചട്ടക്കുടോ (Organization) തീരുമാനമെടുക്കുവാൻ അധികാരമുള്ള നേതൃത്വമൊ (Leadership) ഇല്ല! പിന്നെ ചർച്ചയ്ക്കെന്തു പ്രസക്തി?

ഇന്ന് ആ ഭാഗത്ത് തീരുമാനമെടുക്കാൻ അധികാരമുള്ള ഏക സ്ഥാനി അന്ത്യോഖ്യാ പാത്രിയർക്കീസ് മാത്രമാണ്. അദ്ദേഹമാകട്ടെ, ലോകത്തെ വിടെവെച്ചും ചർച്ച ചെയ്യാൻ തയാറാണന്ന് കാണിച്ച് ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ അയച്ച കത്തിനു വർഷം രണ്ടു കഴിഞ്ഞിട്ടും മറുപടി അയച്ചിട്ടില്ല! പിന്നല്ലേ ചർച്ച?

ഉപസംഹാരം:

യഥാർത്ഥത്തിൽ ഇന്ന് മലങ്കര സഭയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നീണ്ടു പോകുന്നതിന് ഒറ്റക്കാരണമേ ഉള്ളു. അത് കോടതിവിധിയനുസരിച്ച് 1934 സഭാ ഭരണഘടനപ്രകാരം ഇടവകപ്പള്ളികൾ ഭരിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുമ്പോൾ കുറച്ച് അനധികൃത മെത്രാന്മാർക്കും വിഘടിത വൈദീകർക്കും ഉണ്ടാകുന്ന തൊഴിലില്ലായ്മ മാത്രമാണ്. അന്ത്യോഖ്യാ പത്രിയർക്കീസിനെ കൂട്ടുപിടിച്ചിട്ട് കാര്യമില്ല. ഒരു സ്വതന്ത്ര പരമാധികാര രാജ്യമായ ഇന്ത്യയിൽ ആ രാജ്യത്തെ നീതിന്യായ വ്യവസ്ഥയെ ധിക്കരിച്ച് തനിക്ക് ഇനിയൊന്നും ചെയ്യാനാവില്ലന്ന് അന്ത്യോഖ്യാ പാത്രിയർക്കീസിന് കൃത്യമായ ധാരണയുണ്ട്.

നിയമവും കോടതി വിധികളും അംഗീകരിക്കാതെ, സുപ്രീം കോടതി കർശനമായി നിരോധിച്ച സമാന്തരഭരണം നിലനിർത്തുവാനുള്ള ഏകമാർഗ്ഗം ഇനി വിഭജനം മാത്രമാണന്ന് മുൻ പാത്രിയർക്കീസ് വിഭാഗത്തിന് വ്യക്തമായി അറിയാം. ഈ ലക്ഷ്യപ്രാപ്തിക്കാണ് ചർച്ചകൾ, ഓർഡിനൻസ് മുതലായവക്കായി അവർ വിഫലമായ സമ്മർദ്ദം ചെലുത്തുന്നത്.

2002-ലാണ് *സ്വതന്ത്ര സഭ* അഥവാ *വിഭജനം* എന്ന എന്ന ആശയം മുൻ പാത്രിയർക്കീസ് വിഭാഗത്തിൽ മൊട്ടിട്ടത്. 2017-ൽ സുപ്രീം കോടതി റദ്ദാക്കിയ *യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭാ ഭരണഘടന*യിലായിരുന്നു ഇതിന്റെ തുടക്കം. അതുവരെ സഭയുടെ ഭരണം പൂർണ്ണമായി പിടിച്ചടുക്കുക എന്നതായിരുന്നു മുൻ പാത്രിയർക്കീസ് പക്ഷത്തിന്റെ ലക്ഷ്യം. ഒരു പക്ഷേ 2002-ലെ മലങ്കര അസോസിയേഷനു വേണ്ടി സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ തയാറാക്കിയ ഇടവക ലിസ്റ്റിൽ നിന്നും തങ്ങൾ കേവലമൊരു ന്യൂനപക്ഷം മാത്രമാണന്ന തിരിച്ചറിവായിരിക്കും ഈ മനംമാറ്റത്തിനു കാരണം.

വിഭജനം അല്ലെങ്കിൽ മരണം!: ഈ നയവ്യതിയാനം ഇക്കാലയളവിൽ മുൻ പാത്രിയർക്കീസ് വിഭാഗത്തിന്റെ സ്വയം കൽപ്പിത നാമങ്ങളിലുണ്ടായ പരിണാമത്തിൽനിന്നും വ്യക്തമാണ്. 1970-കളിൽ പ്രശ്നം ആരംഭിച്ചപ്പോൾ 1911 മുതൽ 1958 വരെ നിലനിന്ന *മെത്രാൻ കക്ഷി - ബാവാ കക്ഷി* എന്നായിരുന്നു ഇരു വിഭാഗവും അറിയപ്പെട്ടിരുന്നത്. പിന്നീടത് യഥാക്രമം കാതോലിക്കാ വിഭാഗവും പാത്രിയർക്കീസ് വിഭാഗവുമായി മാറി.

ഇരു കക്ഷികളും ഒരേ സഭയിലെ രണ്ട് വിഭാഗങ്ങൾ മാത്രമാണന്ന സുപ്രീം കോടതി വിധി നിലനിൽക്കെ 2002 മുതൽ മുൻ പാത്രിയർക്കീസ് വിഭാഗം, *ഓർത്തഡോക്സ് സഭ* എന്നും *യാക്കോബായ സഭ* എന്നും ഇരു വിഭാഗത്തേയും വിശേഷിപ്പിച്ചു തുടങ്ങി മാദ്ധ്യമങ്ങൾ ഇത് ഏറ്റു പിടിച്ചു. വിഭജനമാണ് തങ്ങളുടെ ആത്യന്തിക ലക്ഷ്യം എന്നു വ്യക്തമാക്കുന്ന സംജ്ഞയായിരുന്നു ഇത്. 2020 ഓഗസ്റ്റിൽ മുളന്തുരുത്തി പള്ളിയിൽ വിധി നടത്തിപ്പ് ആംരംഭിച്ചതിനെ തുടർന്ന് പൊടുന്നനവേ അവർ സ്വയം *യാക്കോബായ സഭ* എന്നും ഓർത്തഡോക്സ് സഭയെ *മെത്രാൻ കക്ഷി* എന്നും സംബോധന ചെയ്തു തുടങ്ങി!

എങ്കിലും മലങ്കര ഓർത്തഡോക്സ് സഭ വാതിലുകൾ തുറന്നിട്ടിരിക്കുകയാണ്. ഈ തൊഴുത്തിൽനിന്നും പുറത്തുപോയവരുടെ മടങ്ങിവരവിനായി. ഒരൊറ്റ നിബന്ധന മാത്രം. ആ മടങ്ങിവരവ് നിയമാനുസൃതമായിരിക്കണം. ആ മടങ്ങിവരവ് വീണ്ടും തൊഴുത്തിൽക്കുത്ത് ഉണ്ടാക്കാനാവരുത്. ഏതു തൊഴുത്തിനും അതിന്റേതായ നിയമമുണ്ട്: അതിന്റേതായ ഇടയന്മാരുണ്ട്. അത് മനസിലാക്കണം. ഒന്നുകൂടി, ഇനി ഏതെങ്കിലും തരത്തിലുള്ള വിദേശാധിപത്യത്തിനു പ്രത്യക്ഷമായോ പരോക്ഷമായോ മലങ്കരസഭ വഴങ്ങുമെന്ന് ആരും വ്യാമോഹി ക്കുകയും വേണ്ട.

ഒന്നോർക്കുക! ഇന്ത്യ ഒരു സ്വതന്ത്ര പരമാധികാര രാജ്യമാണ്. അതിന് ശക്തമായ നീതിന്യായ - ഭരണ സംവിധാനങ്ങളുണ്ട്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ രണ്ട് സഹസ്രാബ്ദ കാലത്തെ പാരമ്പര്യമുള്ള ഒരു ഇന്ത്യൻ സഭയാണ്. അതിന്റെ അസ്തിത്വം നിർദ്ധരിച്ചത് തുടർച്ചയായുള്ള നിയമ നിർമ്മാണങ്ങളിലുടെയാണ്. അവയെ ഉറപ്പിച്ചത് ഇന്ത്യയിലെ പരമോന്നത നീതിന്യായ കോടതികളാണ്. ഇന്ത്യ നിയമവാഴ്ച നിലനിൽക്കുന്ന ഒരു രാജ്യമാണ്. അത് ആരും മറക്കേണ്ടെ!

(മാർച്ച് 2021)

❑

ആരാധനാലയങ്ങളിൽ വൈദികർക്ക് കർമ്മങ്ങൾ നടത്താം

കോട്ടയം; കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ക്ഡൗൺ നിബന്ധനകൾ മലങ്കര ഓർത്തഡോക്സ് സഭയിലെ എല്ലാ വിശ്വാസികളും, വൈദികരും പാലിക്കണമെന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അറിയിക്കുന്നു. ആരാധനാലയങ്ങളിൽ വൈദികർക്കും അവരെ സഹായിക്കുവാൻ അത്യാവശ്യം വേണ്ട സഹകർമ്മികൾക്കും മാത്രം പ്രവേശിച്ച് വിശുദ്ധ കുർബാനയും മറ്റു ശുശ്രൂഷകളും നടത്താം. വിശ്വാസികൾക്ക് ദേവാലയങ്ങളിൽ പ്രവേശനം ഉണ്ടായിരിക്കുകയില്ല. എന്നാൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഉപാധികൾ അനുസരിച്ച് നടത്തുന്ന വിവാഹങ്ങൾക്കും മൃതസംസ്ക്കാരങ്ങൾക്കും അനുവദിച്ചിട്ടുള്ള അത്രയും പേർക്ക് സംബന്ധിക്കാം. ഈ പൊതുതത്ത്വങ്ങൾ നിർദ്ദേശിക്കുമ്പോഴും അതിതീവ്ര വ്യാപനമുള്ള പ്രദേശങ്ങളിലെ പ്രാദേശിക വിലക്കുകളും നിബന്ധനകളും പാലിക്കണമെന്നും പ. ബാവാ അറിയിച്ചു.



കോട്ടയം എം.എൽ.എ. ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസിനെ പാമ്പാടി ദയറായിൽ സന്ദർശിച്ചു.

വചനതീർത്ഥം



നശിപ്പിക്കുകയല്ല, രക്ഷിക്കുകയാണ് ലക്ഷ്യം

(പുതുഞായറാഴ്ചയ്ക്കുശേഷം നാലാം ഞായർ, വി. ലൂക്കോസ് 9: 51-62)

ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുള്ള കാലം തികയാറായപ്പോൾ ഉണ്ടായ സംഭവങ്ങളാണ് ഇന്നത്തെ വി. വേദഭാഗത്തിൽ (വി. ലൂക്കോസ് 9:51 -62) നാം ധ്യാനിക്കുന്നത്. ശിഷ്യന്മാരായ യാക്കോബിന്റെയും യോഹന്നാന്റെയും ചിന്തകളെയും നിലപാടുകളെയും നിശിതമായി വിമർശിക്കുന്ന യേശുവിനെ ഇവിടെ കാണാം. യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ കർത്താവ് ഇവിടെ വിശദമാക്കുന്നുണ്ട്.

സ്വർഗ്ഗാരോഹണം

ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു ശാരീരികമായി ഈ ലോകത്തിൽ നിന്നും പിൻവാങ്ങിയ സംഭവമാണിത്. മനുഷ്യശരീരത്തോടുകൂടെ 'സ്വർഗ്ഗത്തിലേക്ക്' സ്വന്തം പിതാവിന്റെ അടുത്തുണ്ടായിരുന്ന മഹത്വപൂർണ്ണമായ അവസ്ഥയിലേക്ക് താൻ വീണ്ടും പ്രവേശിക്കുന്നതിനെയാണ് 'സ്വർഗ്ഗാരോഹണം' എന്നു പുതിയ നിയമം വിവരിക്കുന്നത്. ഇത് പുതിയനിയമത്തിലെ അതിപ്രധാനമായ സംഭവമാണ്. (വി. ലൂക്കോസ് 24:51, അപ്പോ. പ്ര. 1:9, 2:33, 1 പത്രോ. 3:3).

പുനരുത്ഥാനത്തിനുശേഷം നാല്പതാം ദിവസം ഒലിവുമലയിൽ നിന്ന് യേശു സ്വർഗ്ഗാരോഹണം ചെയ്തു. അവിടുത്തെ ശിഷ്യന്മാർ ഇതിന് ദൃക്സാക്ഷികളാണ്. അപ്പോ. പ്രവൃ. 1:2,3 'അവൻ കഷ്ടം അനുഭവിച്ചശേഷം നാല്പതു നാളോളം അവർക്കു പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച് കാര്യങ്ങൾ പറഞ്ഞുകൊണ്ട് താൻ ജീവിച്ചിരിക്കുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളിൽ അവർക്കു കാണിച്ചുകൊടുത്തു'.

യഹൂദരും ശമര്യരും ബദ്ധശത്രുക്കൾ

ജാതികളിൽ നിന്നുള്ളവരും യഹൂദന്മാരും തമ്മിൽ നടന്ന മിശ്രവിവാഹങ്ങളിൽ നിന്നുണ്ടായ ഒരു സങ്കരവർഗ്ഗമാണ് കർത്താവിന്റെ കാലത്തുണ്ടായിരുന്ന ശമര്യ നിവാസികൾ. സങ്കരജാതികളായ ഈ ശമര്യരും യഹൂദന്മാരും ബദ്ധവിരോധികളായിത്തീരുവാൻ പല കാരണങ്ങൾ ഉണ്ട്. വടക്കേ രാജ്യമായ യിസ്രായേലിൽ ഏലയുടെ മകനായ ഹോശേയ രാജാവായിരിക്കുമ്പോൾ, അശൂർ രാജാവ് യിസ്രായേല്യരെ ബദ്ധരാക്കി അശൂരിലേക്ക് കൊണ്ടുപോയി. അവർക്കു പകരം അശൂർ രാജാവ്, തന്റെ രാജ്യത്തുനിന്ന് പുറജാതികളെ കൊണ്ടുവന്ന് യിസ്രായേലിൽ കുടിയിരുത്തി (2 രാജാ. 17:1-24, എസ്രാ 4:2-11). അവർ ശമര്യയിൽ പാർക്കുവാനാരംഭിച്ചപ്പോൾ സിംഹങ്ങൾ അവരെ ആക്രമിക്കുവാൻ തുടങ്ങി. യിസ്രായേലിന്റെ ദൈവത്തെ തങ്ങൾ സേവിക്കാത്തതുകൊണ്ടാണ് സിംഹങ്ങളുടെ ആക്രമണം ഉണ്ടായത് എന്നവർ വിചാരിച്ചു. തുടർന്ന് അവരുടെ അപേക്ഷ പ്രകാരം അശൂർ രാജാവ്, യിസ്രായേല്യ പ്രവാസികളിൽ നിന്നും ഒരു പുരോഹിതനെ ശമര്യയിലേക്ക് അയച്ചുകൊടുത്തു. ആ പുരോഹിതൻ യഹോവയെ ഭജിക്കേണ്ടുന്നവിധം അവർക്കു ഉപദേശിച്ചു കൊടുത്തു. പക്ഷേ അവർ യഹോവയെ ഭജിക്കുകയും അതേസമയം സ്വന്തം ദേവന്മാരെ സേവിക്കുകയും ചെയ്തുപോന്നു (2 രാജാ 17:33,41).

ബാബിലോണിൽ നിന്നും വന്നു യെരുശലേം ദേവാലയം പണിയുവാൻ തുടങ്ങിയ യഹൂദന്മാർക്ക് ശമര്യർ തങ്ങളുടെ സേവനം വാഗ്ദാനം ചെയ്തുവെങ്കിലും യഹൂദന്മാർ സ്വീകരിച്ചില്ല. ഇതിൽ ശമര്യർ ഇടഞ്ഞത് രണ്ടു കൂട്ടരും ബദ്ധവൈരികളായി. ശമര്യർ ഒരു ദേവാലയം പണിത് സൻബല്ലത്ത് തന്റെ മരുമകനെ അവിടെ മഹാപുരോഹിതനാക്കി. ഇത് യഹൂദന്മാരെ പ്രകോപിപ്പിച്ചു. ശമര്യ കാലക്രമേണ കള്ളന്മാരുടെയും നിയമനിഷേധികളുടെയും താവളമായിത്തീർന്നു. യഹൂദ കുറ്റവാളികൾക്ക് അവർ അഭയം കൊടുത്തു. യഹൂദമത ഭ്രഷ്ടന്മാരെയും ശമര്യക്കാർ സന്തോഷപൂർവ്വം സ്വീകരിച്ചിരുന്നു. ശമര്യരും യഹൂദന്മാരും തമ്മിലുള്ള ശത്രുതയ്ക്ക് ശമര്യരുടെ ഈ നയം ആക്കം കൂട്ടിക്കൊണ്ടിരുന്നു. മോശയുടെ പഞ്ചഗ്രന്ഥങ്ങളല്ലാതെ പ്രവാചക എഴുത്തുകളൊന്നും ശമര്യർ സ്വീകരിച്ചിരുന്നില്ല. യഹൂദമതാചാരങ്ങളെ ശമര്യർ നിഷേധിച്ചിരുന്നു.

ശത്രുക്കളെ സ്നേഹിക്കുവാൻ പഠിപ്പിച്ച കർത്താവ് താൻതന്നെ സമയമായപ്പോൾ ശമര്യരുടെ അടുക്കൽ ചെന്നു (യോഹ 4: 40, 41). യേശുവിൽ വളരെയധികം ശമര്യർ വിശ്വസിക്കുകയും ചെയ്തു.

നശിപ്പിക്കുവാനല്ല, രക്ഷിക്കുവാനാണ് വന്നത്

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുള്ള ഒരുക്കം നടത്തുവാനാണ് ശിഷ്യന്മാരായ യാക്കോബിനെയും യോഹന്നാനെയും യെരുശലേമിലേക്ക് ദൂതന്മാരായി അയച്ചത്. ശമര്യരുടെ ഗ്രാമത്തിൽ അവരെ കൈക്കൊള്ളാതിരുന്നതിനാൽ 'ഏലിയാവു ചെയ്തതുപോലെ ആകാശത്തുനിന്ന് തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ' ശിഷ്യന്മാർ യേശുവിനോട് ആവശ്യപ്പെടുകയാണ്. അവരിലുള്ള ദുഷ്ടാത്മാവിനെ വിമർശിച്ചുകൊണ്ട് കർത്താവ് പറയുന്നു 'നിങ്ങൾ ഏതു ആത്മാവിന് അധീനരാണ്, മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല രക്ഷിപ്പാനത്രേ വന്നത്' എന്നു പറഞ്ഞ് അവരെ ശാന്തരാക്കുകയായിരുന്നു. (വി. ലൂക്കോസ് 9:54-56)

ശിഷ്യന്മാർക്ക് കാലിലെ പൊടി തട്ടിക്കളഞ്ഞ് അവിടെനിന്നും പോന്നാൽ പോരാ (വി. ലൂക്കോസ് 9:5) ഏലിയാവ് ചെയ്തതുപോലെ ആകാശത്തുനിന്നും തീ ഇറക്കി അവരെ നശിപ്പിപ്പാനും (2 രാജാ 1:10). താനും പ്രവാചകന്മാരും തമ്മിലുള്ള വ്യത്യാസം ക്രിസ്തു അവർക്ക് മനസ്സിലാക്കിക്കൊടുത്തു. മശിഹാ, ശിക്ഷകനല്ല, രക്ഷകനാണ്. ശത്രുക്കളെ ഉപദ്രവിക്കുകയല്ല, സ്നേഹിക്കുകയാണ് ലക്ഷ്യം. യേശു തന്റെ ജീവിതത്തിലുടനീളം നിലനിർത്തിയ ജീവിതസന്ദേശമായിരുന്നു ഇത്. ഗിരിപ്രഭാഷണത്തിൽ യേശു കല്പിക്കുന്നു, വി. മത്തായി 5:43-45 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പീൻ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നു'.

നന്മയുടെയും സ്നേഹത്തിന്റെയും ക്ഷമയുടെയും പരിശുദ്ധാത്മാവിലാണ് ശിഷ്യന്മാർ ചിന്തിക്കേണ്ടതും ജീവിക്കേണ്ടതും എന്ന് യേശുതമ്പുരാൻ പഠിപ്പിക്കുന്നു. തിന്മയുടെയും പകയുടെയും ദുഷ്ടാത്മാവ് ഒരിക്കലും ക്രൈസ്തവരിൽ ഉണ്ടാകരുതെന്ന് യേശു ഉദ്ബോധിപ്പിക്കുന്നു.

മതേതരത്വവാദിയായ ക്രിസ്തു

മതത്തിന്റെയോ വിശ്വാസത്തിന്റെയോ അടിസ്ഥാനത്തിൽ വിവേചനം കാട്ടുന്നതിനെതിരെയുള്ള തത്വശാസ്ത്രമാണ് മതേതരത്വം. എല്ലാ മതങ്ങളെയും ഒരുപോലെ പരിഗണിക്കുകയും അവരവർക്കിഷ്ടമുള്ള മതവിശ്വാസം സ്വീകരിക്കാൻ സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു. ഇന്ത്യാക്കാരനെന്ന നിലയിൽ എല്ലാ പൗരന്മാരെയും ഒരുപോലെ കാണാനും വൈവിധ്യങ്ങളിൽ അഭിമാനം കൊള്ളാനുമുള്ള ദേശീയബോധമാണ് ഇന്ത്യൻ ഭരണഘടനയെ വ്യതിരിക്തമാക്കുന്നത്.

യേശുക്രിസ്തു ഒരു മതേതരവാദി ആയിരുന്നു എന്നതിന് ധാരാളം ഉദാഹരണങ്ങളും തെളിവുകളും വി. വേദപുസ്തകത്തിൽ ഉണ്ട്. യേശുവിനെ അംഗീകരിക്കാത്തവരും ആദരിക്കാത്തവരും ഈ ലോകത്തിൽ വേണ്ട, എന്ന ദുഷ്ടചിന്തയെ മുളയിലേ നുള്ളി കളയുന്നതാണ് ഇന്നത്തെ വിശുദ്ധ ഒരു ക്രിസ്ത്യാനി ആയതുകൊണ്ട് ക്രിസ്തുമതം മാത്രമാണ് ശരിയായ മതമെന്ന് പറയുന്നത് തെറ്റാണ്. ക്രിസ്തുമതം ശരിയാണ്. അതു മാത്രമാണ് ശരി എന്നു പറയുന്നത്

മറ്റു മതങ്ങളെ ഇല്ലാതാക്കുവാനും നശിപ്പിക്കുവാനും ഉള്ള ശ്രമത്തിന് തുല്യമാണ്. ആയത് യേശുക്രിസ്തു അംഗീകരിക്കുന്നില്ല.

മൂന്ന് അർത്ഥ മനസ്കരായ അനുയായികൾ

യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർ എങ്ങനെ ആയിരിക്കണം എന്ന് കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. വി. ലൂക്കോസ് 9:23 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ.'

തന്നെ അനുഗമിക്കുന്നവരുടെ കൂട്ടത്തിൽ മൂന്ന്തരം ജനങ്ങളെക്കുറിച്ച്, ഇന്നത്തെ വി. വേദഭാഗത്തിൽ യേശു സൂചിപ്പിക്കുന്നു (വി. ലൂക്കോസ് 9:57 –62). ഒന്നാമത്തെ മനുഷ്യന്റെ ഉദ്ദേശ്യ ശുദ്ധിയെയും ആത്മാർത്ഥതയെയും യേശു ചോദ്യം ചെയ്യുന്നു. 'ഞാൻ പിന്നാലെ വന്നോട്ടെ' എന്ന ആവശ്യത്തെ ആഗ്രഹങ്ങളും വ്യക്തിപരമായ നേട്ടങ്ങളും ലക്ഷ്യമാക്കുന്നവർക്കുള്ളതല്ല ക്രൈസ്തവമാർഗ്ഗം എന്നു പഠിപ്പിക്കുന്നു.

രണ്ടാമത്തെ മനുഷ്യൻ 'അപ്പനെ കുഴിച്ചിട്ടിട്ട് വരാം' എന്ന പറഞ്ഞപ്പോൾ, ദൈവരാജ്യത്തെ അറിയിക്കുക എന്നതായിരിക്കണം മുഖ്യപ്രാധാന്യം എന്നു പറയുന്നു. മൂന്നാമത്തെ മനുഷ്യൻ, 'വീട്ടുകാരോട് യാത്ര പറയുവാൻ സാവകാശം വേണം' എന്നു മറുപടി പറഞ്ഞപ്പോൾ 'കലപ്പയ്ക്കു കൈ വെച്ചിട്ട് പുറകോട്ടു നോക്കുന്നവർ ആരും ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല' എന്ന ഉത്തരമാണ് കർത്താവ് നൽകുന്നത്.

മരണമുഖത്തും സമർപ്പിതരായി മലങ്കര വൈദിക സമൂഹം

ഫാ ഡോ സജി അമയിൽ (അഖില മലങ്കര ഓർത്തഡോക്സ് വൈദിക സംഘം , സെക്രട്ടറി)

കോവിഡിനെ രണ്ടാം തരംഗം അതിരൂക്ഷ പ്രതിസന്ധികൾ സൃഷ്ടിച്ചു മുന്നേറുമ്പോൾ, പൗരോഹിത്യ ശുശ്രൂഷ മുമ്പ് എങ്ങും ഇല്ലാത്ത വിധത്തിലുള്ള വെല്ലുവിളികൾ നേരിടുകയാണ്.ഇതിനോടകം നമ്മളുടെ നാലിലധികം വൈദിക സഹോദരങ്ങൾ ഈ മഹാമാരിക്ക് കീഴടങ്ങി ഈ ലോകം വിട്ടു. ഉത്തരേന്ത്യയിൽ അടക്കം വിവിധ ഇടങ്ങളിൽ ജീവൻ പണയം വച്ചാണ് വൈദിക സഹോദരർ ഈ ശുശ്രൂഷ ഇപ്പോൾ നിർവഹിക്കുന്നത്. അവരുടെ ത്യാഗവും, സമർപ്പണവും വിവരിക്കുവാൻ വാക്കുകൾക്ക് പരിമിതിയുണ്ട്. ഈ മഹാമാരി സർവ്വ രംഗങ്ങളെ നിശ്ചലമാക്കിയ പ്പോഴും ബലിപീഠങ്ങൾക്ക് കാവൽ നിൽക്കുവാൻ കഴിഞ്ഞു എന്നതാണ് ഞങ്ങളുടെ ആത്മസംതൃപ്തി. പൗരോഹിത്യത്തെ ഏറെ ചങ്കിൽ ഏറ്റി താലോലിക്കുന്നത് കൊണ്ടാവാം ചെറിയ കുറവുകളും ചില വീഴ്ചകളും അതിരൂക്ഷ വിമർശനങ്ങൾക്ക് വിധേയമാകുന്നത്. വിമർശനങ്ങൾക്ക് ശരിയായ പാത കണ്ടെത്താനുള്ള ചൂടും ചൂരും ഉണ്ട് എന്ന് തിരിച്ചറിയുമ്പോഴും അന്ധമായ വിമർശനങ്ങളെ പ്രാർത്ഥനാപൂർവ്വം അവഗണിച്ച് മുന്നേറുവാനും നാം പരിശീലിക്കണം. എന്തായാലും ഇപ്പോൾ നമുക്ക് ഒന്നിച്ചു നിൽക്കാൻ ഉള്ള സമയമാണ്.

ഈ മഹാമാരിയെ വിശ്വാസത്തിന് ആഴങ്ങളിൽനിന്ന് പ്രതിരോധിക്കാനുള്ള കാലമാണ്. മഹാമാരിയുടെ കാലഘട്ടത്തിൽ അടഞ്ഞുകിടക്കുന്ന ദൈവാലയങ്ങൾ തുറക്കണമെന്ന് ചിന്തിച്ച് വരെ നാണയത്തുട്ടുകളുടെ അപ്പോസ്തലന്മാർ ആയി ചിത്രീകരിച്ച് വരുണ്ട്. നമുക്ക് അവരോട് പ്രാർത്ഥനാപൂർവ്വം പൊറുക്കാം. എല്ലായിടങ്ങളിലും ശമ്പളപരിഷ്കരണം പൂർത്തിയായപ്പോഴും കോവിഡിന്റെ പേരിൽ ഇപ്പോഴും നമ്മുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ സാധിക്കാതെ തുടരുന്നു.. അതിനെപ്പറ്റി ആരും സംസാരിക്കാത്തത് വിളിച്ചവൻ വിശ്വസ്തൻ ആണെന്ന് ബോധ്യം ഉൾക്കൊണ്ടുകൊണ്ട് പരിഭവങ്ങളില്ലാതെ നാം ഈ ശുശ്രൂഷ നിർവഹിക്കുകയാണ്. ആരൊക്കെ എന്തൊക്കെ വിലാപ സങ്കീർത്തനങ്ങൾ ഉയർത്തിയാലും, ഈ കോവിഡ് കാലത്ത് മലങ്കര ഓർത്തഡോക്സ് വൈദിക സമൂഹം അവരുടെ ശുശ്രൂഷ സരണികൾ നിർവിഘ്നം നിർവഹിക്കും എന്നതാണ് ഞങ്ങളുടെ ഉത്തമബോധ്യം.

ഈ അനുഗ്രഹീത ശുശ്രൂഷ പരിശുദ്ധാത്മ വ്യാപാര ത്താൽ നിറവോടെ, നിർഭയത്തോടെ, നിർവിഘ്നം നിർവഹിക്കുവാൻ എല്ലാവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥന സമർപ്പിക്കുന്നു. ഈ കോവിഡ് കാലത്ത് മരണത്തെ മുഖാമുഖം കണ്ട പോലും ശുശ്രൂഷ ചെയ്യുന്ന എന്റെ എല്ലാ സഹോദര വൈദികർക്കും അഖില മലങ്കര വൈദിക സംഘത്തിന്റെ അഭിവാദനങ്ങൾ. നാം ഉയർത്തിപ്പിടിക്കുന്നത് മരണ നിഴലിൽ താഴ്വരയിൽ കൂടി നാം കടന്നുപോയാലും ഒരു അനർത്ഥവും നമുക്ക് ഭവിക്കുകയില്ല എന്ന സങ്കീർത്തനഭാവങ്ങളെ ആണ്.

ഓർമ്മചിത്രം



ക്രിസോസ്റ്റം തിരുമേനി ശ്രുതിയുടെ സംഗീത പഠന ക്യാമ്പിൽ.

സി.എം.സി. വെല്ലൂർ ഓർത്തഡോക്സ് സഭ സ്പോൺസർഷിപ്പ്


വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ ബിരുദ, ബിരുദാനന്തര (നഴ്സിംഗ്, പാരാമെഡിക്കൽ) കോഴ്സുകൾക്ക് മലങ്കര ഓർത്തഡോക്സ് സഭാ അംഗങ്ങളായ അർഹരായ വിദ്യാർത്ഥികൾക്ക് സഭാ സ്പോൺസർഷിപ്പിനു വേണ്ടി അപേക്ഷിക്കുന്നതിന് ഉള്ള അവസാന തീയതി 2021 മേയ് 15. കൂടുതൽ വിവരങ്ങൾക്ക് http://www.mgocsm.in/newsdetails.php?newsId=117 എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

Fourth Sunday after New Sunday

The true followers of Jesus



Fr. Dr. Joshi Varghese, Bhilai
(Diocesan Education Officer & PRO, Calcutta Diocese)

Evening: St. John 14:1-16, Morning: St. John 16: 16-30, Before Holy Qurbana: Deuteronomy 16: 16-30, Micah 4: 1-7, Joshua 8:30-35, Isaiah 54: 1-8, Holy Qurbana: 1 Peter 3: 17 – 22, Hebrews 11: 32-40

St. Luke 9 : 51 – 62

Jesus and apostles, on the way to Jerusalem, had to pass through a Samaritan village. The village refused to extend hospitality to Jesus and his disciples. Later, on their way, they encounter three different persons, of whom two expressed their wish to be Jesus followers and to the third He asked to follow Him.

a. Don't burn yourself in the fire of revenge

"…but they (*Samaritan Village*) did not receive him, because his face was set toward Jerusalem. When his disciples James and John saw it, they said, "Lord, do you want us to command fire to come down from heaven and consume them?" But he turned and rebuked them." (Lk 9:53-55)

At the time of Jesus, Jews and Samaritans were at a cold war and both considered themselves as God's own people and superior to the other. Scholars say that when the Jews were taken away from their homeland during the Babylonian Captivity, a few of them were left out. A few of the Assyrians, who conquered the land, relocated to Israel and married the remnant Jews. When the Jews who were taken captives, returned after their exilic period, they were hesitant to mingle with the Jews who had remained back in Israel. This remnant group who married the Assyrians were gradually known as the Samaritans. Samaritans worshipped at Gerizim while Jerusalem continued to be the worshipping place for the Jews. The cold war sometimes turned into bitter rivalry that the Jews treated the Samaritans as outcasts.

Similar to any ordinary Jew, the disciples were nurtured in this cultural milieu and shared the antagonistic attitude towards the Samaritans. When the Samaritan villagers refused to accommodate Jesus and disciples, the sons of Zebedee were so angered that they wanted to avenge for it immediately. Though they had been with Jesus for a good time, they were not able to imbibe the meaning of 'Love your enemies, do good to those who hate you…' (Lk 6:27). They were burning with the fire of revenge that they literally wished those who rejected them should be burnt down.

Even after twenty centuries of this incident, still societies, tribes, religions and nations attempt to burn down those who don't subscribe to their views. The Rohingya genocide and migration in our neighbouring country Myanmar is one of the recent incidents in the long list of revenges based on religion. It is unfortunate that incidents of communal hatred still take place in our nation also, though it's famous for 'unity in diversity'. The recent and most widespread use of 'fire of revenge' can be seen in the vitriolic posts and comments on the social media platforms. We also might sometimes feel like James and John and be tempted to pray for 'fire of revenge' to burn those who are against us. But we shall remind ourselves that it is against Lord's commandment. Dr. Steve Griffiths explains how anger and hatred for others primarily affects us : "…it eats us up physically by increasing blood pressure and anxiety and stress, it eats us up emotionally by wearing us out and leading us into bad decision making, it eats us up spiritually by disconnecting us from God and disconnecting us from love". Hence let us strive to do good to those who hate us instead of seeking revenge.

b. I want to follow Jesus, but…

In verses 57 to 62 three persons who showed some interest to follow Jesus, but who failed to follow Him are depicted. Jamieson-Fausset-Brown, in their commentary of the passage, have labelled them as representatives of the following three categories of discipleship.

(i) The Precipitate/ Rash Disciple

The first person assured Jesus, "I will follow you wherever you go" (Lu 9:57). However he was discouraged when he heard Jesus that 'the son of Man has nowhere to lay his head' (Lu 9: 58). He was impressed by perhaps the teachings and miracles of Jesus and impulsively decided to follow Christ. But when he came to know about the probable hardships ahead he didn't dare to venture on. Often we too renew our decision 'to follow Jesus' especially on special occasions like New Year/ Birthday, Lent, retreats etc. only to find that those decisions are short lived when we face challenges in life or temptations of the world.

It can be also said that he didn't follow Jesus as he was overburdened with his thoughts about the future. He was anxious about the worldly comforts or lack of it, if he had decided to become a disciple. The concerns about our future and material prosperity often become an impediment in our attempts to be a true follower of Jesus. We need to believe *Jehovah Jireh* ('the Lord will provide' Gen 22:14) along with Abraham and should not be overwhelmed by the worries about future

(ii) The Procrastinating Disciple or the Entangled Disciple

Jesus saw another person and asked him to 'follow Him'. However he answered Lord, first let me go and bury my father" (Lu 9:59). The scholars are of the opinion that the person's father was not yet dead. He didn't reject the call of Jesus, but requested for more time to become a follower. He represents the types who always postpone good actions. Procrastination is one of the gravest challenges in our Christian life. Why do we wallow in sin? It is not because of our lack of knowledge about good and bad or lack of interest to follow the way of the Lord, rather it's because we say to ourselves 'I shall renew my life from tomorrow'. "A little sleep, a little slumber, a little folding of the hands to rest…" (Prov 6:10). We think there is no problem in postponing good things little. And ultimately we are unable to lead a good life as desired by our Lord. Hence St. Paul reminds us that "now is the acceptable time; see, now is the day of salvation!" (2 Cor 6:2). Let us also show the same haste to help our fellow beings, " **Do not say to**

your neighbor, "Go, and come again, tomorrow I will give it"—when you have it with you" (Prov 3: 28)

(ii) The Irresolute/ Wavering Disciple

A third person announced "I will follow you, Lord; but let me first say farewell to those at my home" (Lu 9:61). Jamieson et.al says that he represents the wavering type of disciples who are unsure of their call. In other words they can be called fifty-fifty disciples; who want to stay in both boats. It shows the eagerness to get the best of both worlds. But Jesus reminded him that he needed a wholehearted commitment if he was to follow Him. "No one who puts a hand to the plow and looks back is fit for the kingdom of God" (Lu 9:62). Similar to "Lot's wife", 'it is not actual return to the world that we have here to deal with, but a reluctance to break with it'.

At the same time it needs to be reminded that breaking with the world need not always mean breaking away from family or society. It is carrying your family/ society along with you as you follow the Lord. Some assume that being a true Christian means to lead a secluded life with no connection with anyone. Though few might be leading such lives, a true *sanyasi* / monk enlarges his/her world. S/he transcends the limits of the family and the whole world becomes his/her family. In such a state there is no need to bid farewell to the family rather submit them before the Lord.

Conclusion

The gospel portion tries to explain the qualities of a true follower of Christ through the four examples which we are warned to be away from. Let us get rid of even the tiniest tinge of hatred and revenge from us. May God help all of us to be His true disciples.

"I hurry and do not delay, to keep your commandments" (Psalm 119: 60)



വരിക്കോലി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകൾക് ഇടവക മെത്രാപ്പോലിത്ത ഡോ. തോമസ് മാർ അത്താനാസിയോസ് മുഖ്യകാർമികത്വം വഹിച്ചു.



ചരിത്രപ്രസിദ്ധമായ പൊന്നിൻകുരിശു പുതുപ്പള്ളി പള്ളിയുടെ വി. മദ്ബഹയിൽ സ്ഥാപിച്ചു. വർഷത്തിൽ ഒരിക്കൽ വലിയപെരുന്നാൾ ദിവസങ്ങളിൽ മാത്രമാണ് പൊന്നിൻകുരിശു ദർശനത്തിനായി പുറത്തു എടുക്കുകയുള്ളു.



കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ കുണ്ടറ മണ്ഡലത്തിൽ നിന്ന് നിയമസഭാ സാമാജികനായി തിരഞ്ഞെടുക്കപ്പെട്ട പി. സി. വിഷ്ണുനാഥ്, കുണ്ടറ ബസേലിയ അരമനയിൽ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലിത്തായെ സന്ദർശിച്ചു.



ചന്ദനപ്പള്ളി പള്ളി പെരുന്നാൾ സന്ധ്യനമസ്കാരത്തിനും അതിനെ തുടർന്നുള്ള ശ്ലൈഹിക വാഴ്‌വിനും ഡോ. യൂഹാനോൻ മാർ ദീയസ്കൊറോസ് മുഖ്യകാർമികത്വം വഹിച്ചു.

ഡൽഹി മുഖ്യമന്ത്രിക്കു കത്തയച്ചു

ഡൽഹി: കോവിഡ് ബാധിച്ച് മരിച്ചവരെ സംസ്കരിക്കാനുള്ള ശവപ്പെട്ടികളുടെ ക്ഷാമം പരിഹരിക്കണമെന്നും മരിച്ചവരുടെ കോവിഡ പരിശോധനാഫലം വൈകുന്നതിന് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ടാണ് കത്തയച്ചത്. കോവിഡ് ബാധിച്ചുള്ള മരണങ്ങൾ വർധിച്ചതോടെ ശവപ്പെട്ടികൾക്ക് കടുത്ത ക്ഷാമം നേരിടുന്നതായി കത്തിൽ വ്യക്തമാക്കുകയാണ്.